**ധനകാര്യം**

## 2016-17 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മി. സ്പീക്കർ: ബഹുമാനപ്പെട്ട വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രിക്ക് വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രിക്ക് തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ

അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ബഡ്ജറ്റ് എസ്റ്റിമേറ്റ് 2016-17 | | | | | | | | |
|---|---|---|---|---|---|---|---|---|
| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | 24-02-2016-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | 14-07-2016-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| XXXIX | വൈദ്യുത പദ്ധതികൾ | 46,31,86,000 | 20,64,00,000 | 34,73,90,000 | 15,48,00,000 | 57,89,83, | 25,80,00,0 | 83,69,83, |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | 000 | 00 | 000 |
| XL | തുറമുഖങ്ങൾ | 18,79,65,000 | 39,30,33,000 | 14,09,74,000 | 29,47,75,000 | 23,49,55,000 | 49,12,92,000 | 72,62,47,000 |

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയെയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ : രണ്ട് ധനാഭ്യർത്ഥനകളേയും സംബന്ധിച്ച ചർച്ച ഒന്നിച്ചുനടത്താവുന്നതാണ്. ചർച്ച ആരംഭിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ : സർ, ഞാൻ ആദ്യമായി വൈദ്യുതി, തുറമുഖം എന്നീ മേഖലകളിലെ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. വൈദ്യുതി ബൾബിലെത്തുമ്പോൾ പ്രസരിക്കുന്ന പ്രകാശമല്ല ട്യൂബിലെത്തുമ്പോൾ, വൈദ്യുതിയെ

റേഡിയോവിലൂടെ കടത്തിവിടുമ്പോൾ നാം പാട്ടുകേൾക്കുന്നു, ടെലിവിഷനിലെത്തുമ്പോൾ അത് ദൃശ്യവും ശ്രാവ്യവുമായി മാറുന്നു, ഫാനിൽ കടക്കുമ്പോൾ അത് കാറ്റിനെ നമ്മിലേക്കടുപ്പിക്കുന്നു. എന്നാൽ ഇ.സി.ജി. മെഷീനിലോട്ട് കടത്തിവിടുമ്പോൾ അത് ഹൃദയസ്പന്ദനം രേഖപ്പെടുത്തുന്നു. അതേ വൈദ്യുതി ലിഫ്റ്റിലേക്ക് കടത്തിവിടുമ്പോൾ അത് നമ്മളെ ലക്ഷ്യസ്ഥാനത്തേക്ക് എത്തിക്കുന്നു. എന്നാൽ കേരളത്തിൽ വൈദ്യുതി മേഖലയിൽ ലക്ഷ്യസ്ഥാനം കൈവരിക്കാൻ തടസ്സങ്ങൾ നിരവധിയാണ്. ഈ സാഹചര്യത്തിൽ വിസ്മയകരമായ വിജയത്തിളക്കവുമായി അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഈ മേഖലയിലെ പ്രതിസന്ധികളെ മറികടന്ന് സമ്പൂർണ്ണ വൈദ്യുതീകരണത്തിലേക്ക് കേരളത്തെ നയിക്കാൻ നടത്തുന്ന എല്ലാ ശ്രമങ്ങളേയും സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് വൈദ്യുതി ഉപയോഗം 76.74 ദശലക്ഷം യൂണിറ്റാണ്. പ്രതിദിന ആഭ്യന്തര വൈദ്യുതി ഉല്പാദനം 21.29 ദശലക്ഷം യൂണിറ്റാണ്. 55.45 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് കേരളത്തിന് അധികമായി കാണേണ്ടത്. 65 ശതമാനത്തോളം വൈദ്യുതി പുറത്തുനിന്ന് വാങ്ങുന്നവരാണ് നമ്മൾ. കേന്ദ്ര വൈദ്യുതി നിയമവും കേന്ദ്ര കരട് വൈദ്യുതി നിയമവും തന്നെ കേരളത്തിന് ആപത്താണ്. വൈദ്യുതി മേഖലയേയും

സമ്പദ്ഘടനയേയും തകർക്കുന്ന ഒരു നിയമമാണ് കേന്ദ്ര ഗവൺമെന്റിന്റേത്. പുതിയ ആണവ താപനിലയങ്ങൾ സ്ഥാപിക്കാത്ത സംസ്ഥാനങ്ങൾക്ക് വൈദ്യുതി വിഹിതം നൽകേണ്ടതില്ലായെന്ന കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനം പുനഃപരിശോധിക്കേണ്ടതാണ്. വൻ പാരിസ്ഥിതിക മലിനീകരണമുണ്ടാകും എന്നതിനാൽ, പ്രത്യേകിച്ച് കേരളം പോലുള്ള പരിസ്ഥിതി ദുർബല സംസ്ഥാനങ്ങളിൽ പുതിയ താപ ആണവ നിലയങ്ങൾ സ്ഥാപിക്കുന്നത് അഭിലഷണീയമല്ല. സംസ്ഥാനത്ത് ജലവൈദ്യുത പദ്ധതികളാണെങ്കിൽ പരമാവധിയാവുകയും ചെയ്തു. കേരളം പോലെ പുതിയ വൈദ്യുതി സ്രോതസ്സുകൾക്ക് സാധ്യത കുറഞ്ഞ സംസ്ഥാനങ്ങളിൽ കേന്ദ്ര പദ്ധതി വിഹിതത്തെ ആശ്രയിച്ചേ മതിയാകൂ. കേന്ദ്ര ഗവൺമെന്റിന്റെ ഈ നയത്തിനെതിരെ കേരളം ഒറ്റക്കെട്ടായി അണിനിരക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. കേരളത്തെ ഇത്രയും ഗതികേടിലെത്തിച്ചത് യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണ്. ഊർജ്ജ നയമില്ലായ്മ, പദ്ധതി നിർവ്വഹണത്തിലെ കെടുകാര്യസ്ഥത എന്നിവ സംസ്ഥാനത്തെ ഗുരുതരമായ വൈദ്യുതി പ്രതിസന്ധിയിലേയ്ക്കാണ് കൊണ്ടെത്തിച്ചത്. പദ്ധതികൾ സമയബന്ധിതമായി അവർക്ക് നടപ്പാക്കാൻ കഴിഞ്ഞില്ല. ഫലപ്രദമായ ജല ഊർജ്ജ നയം സ്വീകരിക്കാതെ വൈദ്യുതി വൻവിലയ്ക്ക് വാങ്ങുന്നതിന് പിന്നിൽ

കോടികളുടെ കമ്മീഷനാണെന്ന വാർത്തയാണ് നാമെല്ലാം അന്ന് പത്രങ്ങളിൽ വായിച്ചത്. നാടിന്റെ വികസനത്തിന് ഊർജ്ജ ഉല്പാദന സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തണമെന്ന നയവുമായിട്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. വായു, വെള്ളം എന്നിവപോലെതന്നെ വെളിച്ചം നൽകുന്നതിനും ഈ ഗവൺമെന്റ് മുൻകൈ എടുക്കണം. തടസ്സങ്ങളില്ലാതെ ജനങ്ങൾക്ക് വൈദ്യുതി നൽകുക എന്നതാണ് ഈ ഗവൺമെന്റിന്റെ പോളിസി. Uninterrupted power supply, consumer is the master- അതുകൊണ്ടുതന്നെ ഉപഭോക്താവിന് കണക്ഷൻ ലഭിക്കാൻ ഗവൺമെന്റ് സ്വീകരിച്ച നടപടികളുടെ ലഘൂകരണം വളരെ ശ്രദ്ധേയവും അഭിനന്ദനാർഹവുമാണ്. എല്ലാപേർക്കും വൈദ്യുതി എത്തിക്കുക എന്ന പദ്ധതി 2006-2011 ലെ സർക്കാർ ആവിഷ്കരിച്ചപ്പോൾ ഇന്ത്യയിലെതന്നെ ആദ്യ സമ്പൂർണ്ണ വൈദ്യുതീകരണ ജില്ലകളായി പാലക്കാടും, ആലപ്പുഴയും, തൃശ്ശൂരും, എറണാകുളവും മാറുകയായിരുന്നു. 140 അസംബ്ലി മണ്ഡലങ്ങളിൽ 86 എണ്ണം സമ്പൂർണ്ണമായും വൈദ്യുതീകരിക്കപ്പെട്ടു. മറ്റെല്ലാം തകർത്തതുപോലെതന്നെ യു.ഡി.എഫ്. ഗവൺമെന്റ് ഈ മേഖലയും തകർക്കുകയായിരുന്നു. അന്ന് സർവ്വീസ് കണക്ഷൻ അവശ്യമുള്ളവർക്ക് അതിനുവേണ്ട മുഴുവൻ ചെലവും വഹിച്ചാൽ മാത്രമേ കണക്ഷൻ നൽകാൻ കഴിയൂ

എന്ന ബോർഡിന്റെ തീരുമാനവും ജനങ്ങൾക്ക് ഇരുട്ടടിയായി. വീണ്ടും അധികാരത്തിൽ വന്ന ഇന്നത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് 2017 മാർച്ചോടുകൂടി കേരളത്തെ സമ്പൂർണ്ണ വൈദ്യുതീകരണത്തിലേക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഗതിവേഗം വർദ്ധിപ്പിച്ചിരിക്കുകയാണ്. എല്ലാവിധ ഊർജ്ജ സ്രോതസ്സുകളെയും നമുക്ക് ആശ്രയിക്കേണ്ടതുണ്ട്. ജലസ്രോതസ്സുകൾ ഉപയോഗിച്ചുള്ള ഉല്പാദനത്തിന് പ്രാമുഖ്യം നൽകാൻ കഴിയണം. പാരിസ്ഥിതിക വ്യവസ്ഥയെ തകിടം മറിക്കാത്ത വിധത്തിൽ ചെറിയ പദ്ധതികൾക്ക് മുൻഗണന നൽകാൻ കഴിയണം. 18-ാം പവർ സർവ്വെ പ്രകാരം കേരളത്തിന്റെ വൈദ്യുതി ആവശ്യകത കണക്കാക്കിയിരിക്കുന്നത് 2020-ൽ 5500 മെഗാ വാട്ടും 2030 ആകുന്നതോടെ 10,500 മെഗാ വാട്ടും എന്ന നിലയ്ക്കാണ്. വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകത നേരിടുന്നതിനാവശ്യമായ വൻകിട പദ്ധതികളും കേരളത്തിന് ആവശ്യമാണ്. പ്രകൃതിവാതകം തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗപ്പെടുത്തി ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ വൻകിട വൈദ്യുത പദ്ധതികൾ സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിക്കേണ്ടതുണ്ട്.

തുറമുഖ വികസനവുമായി ബന്ധപ്പെട്ട് 100 ദിവസത്തിനകംതന്നെ ഏറ്റവും ശ്രദ്ധേയമായിട്ടുള്ള ഇടപെടലുകളാണ് തുറമുഖ മേഖലയിൽ നടത്തിയിട്ടുള്ളത്. തുറമുഖ

വികസനവും നവീകരണവും അവയുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യ വികസനവും ഏറെ പ്രാധാന്യത്തോടെയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി നോക്കികാണുന്നത്. 555 കി.മീറ്ററാണ് നമ്മുടെ കടലോരം. കടലോരത്തെ കേന്ദ്രീകരിച്ച് മുഖ്യതുറമുഖമായ കൊച്ചിയെക്കൂടാതെ 17 ചെറിയ തുറമുഖങ്ങളുണ്ട്. അതിൽ നാല് ഇടത്തരം തുറമുഖങ്ങളാണ് വിഴിഞ്ഞം, ബേപ്പൂർ, അഴീക്കൽ, കൊല്ലം തുടങ്ങിയവ. സംസ്ഥാനത്തെ മിക്കവാറും തുറമുഖങ്ങൾ കാലികമാണ്. വർഷം മുഴുവൻ ചെറുകിട ഇടത്തരം കപ്പലുകൾ കൈകാര്യം ചെയ്യാനുള്ള അടിസ്ഥാന സൗകര്യങ്ങൾ വേണ്ടത്രയില്ലാത്തതിന്റെ അപര്യാപ്തതയുണ്ട്. നമ്മുടെ ബഡ്ജറ്റിൽ പശ്ചാത്തല സൗകര്യ വികസനം, ചെറിയ തുറമുഖങ്ങളുടെ വികസനം, കടൽത്തീര കപ്പൽ ഗതാഗത വികസനം, ബേപ്പൂർ തുറമുഖത്തിലെ 40 ടൺ കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിൻ, അഴീക്കൽ തുറമുഖത്ത് ഡ്രഡ്ജിംഗ് നടത്താനുള്ള നടപടി, കൊച്ചി-കോഴിക്കോട് യാത്രാക്കപ്പൽ സർവ്വീസിനുള്ള നടപടി, വിഴിഞ്ഞം തുറമുഖത്ത് ഇലക്ട്രോണിക് വേബ്രിഡ്ജ് സ്ഥാപിച്ചത് തുടങ്ങി ഏറ്റവും ശ്രദ്ധേയമായിട്ടുള്ള ഇടപെടൽ നടത്താനായി കഴിഞ്ഞിട്ടുണ്ട്. തുറമുഖങ്ങളുടെയും മറ്റ് അനുബന്ധ സൗകര്യങ്ങളുടെയും ഏകീകൃത വികസനം അനായാസേന നിർവ്വഹിക്കാനും ഈ മേഖലയിൽ ആവശ്യമായ സ്വകാര്യ വിദേശ നിക്ഷേപം ആകർഷിക്കുന്നതിനുമുള്ള

കേരള മാരിടൈം ബോർഡ് രൂപീകരിക്കാനുള്ള തീരുമാനം ഏറെ സ്വാഗതാർഹമാണ്. വളരെ ശ്രദ്ധേയമായ രീതിയിലുള്ള ഇടപെടലുമായി ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ, കേവലം നൂറ് ദിവസം കൊണ്ട് കേരളത്തെ വിസ്മയിപ്പിച്ച വിജയ നേട്ടങ്ങളുമായി എൽ.ഡി.എഫ്. സർക്കാർ മുന്നേറുമ്പോൾ അസഹിഷ്ണുതയുടെ പാരമ്യത്തിലെത്തിയ പ്രതിപക്ഷം സമരാഭാസവുമായി ഇവിടെ രംഗത്തിറങ്ങിയിരിക്കുകയാണ്. യു.ഡി.എഫ് തകർന്നടിഞ്ഞുകിടക്കുകയാണ്. മഹാകവി കുമാരനാശാന്റെ കരുണയിൽ വാസവദത്തയുടെ ഛിന്നഭിന്നമാക്കപ്പെട്ട മാംസപിണ്ഡത്തെ നോക്കി ഉപഗുപ്തന്റെ വിലാപകാവ്യംപോലെ ഇന്ന് സ്വയം ശിഥിലമായിക്കൊണ്ടിരിക്കുന്ന യു.ഡി.എഫ്.-ന്റെ നിരാശാഭരിതനായ കാവൽക്കാരനായി നാം ഇവിടെ പ്രതിപക്ഷ നേതാവിനെ കാണുകയാണ്. യു.ഡി.എഫ്.-മായി ബന്ധപ്പെട്ട കക്ഷികളെല്ലാം ഒന്നൊന്നായി ഇല്ലാതാകുന്നതാണ് കഴിഞ്ഞ തെരഞ്ഞെടുപ്പോടെ നമ്മൾ കണ്ടത്. ആർ.എസ്.പി. കഴിഞ്ഞ തെരഞ്ഞെടുപ്പോടുകൂടി ആവിയായിപ്പോവുകയാണുണ്ടായത്. കേരള കോൺഗ്രസ് (എം) ഇന്ന് യു.ഡി.എഫ്-നോടൊപ്പമില്ല. കേരളാ കോൺഗ്രസ് (എം) വിട്ടപ്പോൾ പലപ്പോഴും ഇവിടെ പ്രമേയം അവതരിപ്പിച്ച് പിന്തുണ ആർജ്ജിക്കുന്നതിനുവേണ്ടി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും മറ്റ് നേതാക്കളുമെല്ലാം ശ്രീ. കെ. എം.

മാണിയോടൊപ്പം പോകുന്ന കാഴ്ചയാണ് നമ്മൾ കണ്ടത്. അപ്പോൾ ശ്രീ. കെ. എം. മാണി തിരിഞ്ഞുനിന്ന് പാടുകയാണ്:

ചിറകറ്റ പക്ഷിക്ക് പുതിയൊരു ചിറകുമായ്

പിറകെ വരല്ലേ... വരല്ലെ....

അവസാനം അവസാനം അവസാനം ഈ യാത്ര

അവസാനം അവസാനമല്ലേ.

മുസ്ലീം ലീഗാണെങ്കിൽ നെറികേടുകൾക്ക് കോണിവച്ചുകൊടുക്കുകയാണ്. ലീഗ് അംഗങ്ങൾക്കാണെങ്കിൽ സമരത്തിന് ഇവിടെ മെയിൻ റോളില്ല. എല്ലാ സമരങ്ങൾക്കും കോറസ് ആണ്. അനസ്തേഷ്യ കുത്തിവയ്ക്കപ്പെട്ട രോഗിയെപ്പോലെ നാടകവേദികളിൽ പ്രോസ് മറന്ന കഥാപാത്രങ്ങളെപ്പോലെ ലീഗിന്റെ അംഗങ്ങൾ ഇവിടെ സഭാതലത്തിൽ തെക്കുവടക്ക് നടക്കുന്ന ദയനീയ സ്ഥിതിക്കാണ് ഈ സഭ സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത്. കോൺഗ്രസിന്റെ സ്ഥിതി എന്താണ്? നമ്മൾ കണ്ടില്ലെ? ഇവിടെ അടിയന്തരപ്രമേയത്തിന് നോട്ടീസ് കൊടുത്തത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനായിരുന്നു. എന്നിട്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് പ്രമേയം അവതരിപ്പിക്കാനുള്ള അനുമതി ഇല്ലാതാക്കികൊണ്ട് പ്രതിപക്ഷനേതാവ് ഗോൾ അടിക്കുകയാണുണ്ടായത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ ആത്മഗതം

ഇതായിരുന്നു:

എവിടെന്നു വന്നിത്രു കടുകയ്പുവായിൽ

അറിയാതുഴന്നു ഞാൻ നിൽക്കെ.

അതാണ് കോൺഗ്രസ്. ഐ ഗ്രൂപ്പിന്റെയും എ ഗ്രൂപ്പിന്റെയും വലിയ പടലപ്പിണക്കങ്ങൾ തീർക്കുന്നതിനുവേണ്ടി ദുർബലമായ യു.ഡി.എഫ്. പിടിച്ചുനിൽക്കുന്നതിനു വേണ്ടിയുള്ള സമരാഭാസവുമായിട്ടാണ് ഇന്ന് രംഗത്തിറങ്ങിയിട്ടുള്ളത്. ഈ തകർച്ചയിൽനിന്ന് കരകയറാനുള്ള എല്ലാ ശ്രമവും കേരളത്തിലെ ജനങ്ങൾ പുച്ഛിച്ചുതള്ളുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇവിടെ പോലീസ് മർദ്ദനത്തെക്കുറിച്ച് കേരളത്തിലെ പ്രതിപക്ഷം വിലപിക്കുകയാണ്. നിങ്ങൾ ഓർക്കുന്നുണ്ടാകും, കറൻസി നോട്ടിന്റെ വലിപ്പവും എണ്ണവും നോക്കി കേരളത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കപ്പെട്ടപ്പോൾ ഇവിടെ വിദ്യാഭ്യാസം കച്ചവടമാക്കി മാറ്റുന്ന അത്തരം ദുഷ്ചെയ്തികൾക്കെതിരായി കേരളത്തിലെ പൊരുതുന്ന യുവജനങ്ങളും വിദ്യാർത്ഥികളും, ഏറ്റവും പ്രോജ്ജ്വലമായ സമരത്തിന് നേതൃത്വം കൊടുത്ത അവരെ കേരളത്തിലെ തെരുവോരങ്ങളിൽ മൃഗതുല്യമായി വേട്ടയാടുകയായിരുന്നു കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കേരളത്തിലെ പോലീസ്. അങ്ങനെ വേട്ടയാടപ്പെട്ടപ്പോൾ കേരളത്തിലെ

പൊരുതുന്ന വിദ്യാർത്ഥികളുടെയും യുവാക്കളുടെയും മാംസച്ചീളുകളും രക്തതുള്ളികളും കേരളത്തിന്റെ തെരുവോരങ്ങളിൽ ഒഴുകിയപ്പോൾ എവിടെയായിരുന്നു ഇന്ന് ഈ വിദ്യാഭ്യാസ പ്രേമം നടിക്കുന്ന കേരളത്തിലെ യൂത്ത് കോൺഗ്രസ്സുകാരും, കെ.എസ്.യു.-ക്കാരും. വളരെ ബോധപൂർവ്വം ഈ സർക്കാരിനെതിരായിട്ടുള്ള പ്രഖ്യാപനമാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. കേരളത്തിൽ ചില മാധ്യമങ്ങൾ നൽകിയിട്ടുള്ള അമൂൽസ്പ്രേയും ഫാരക്സും കുടിച്ച് കൊഴുത്തുവളർന്നവരല്ല ഇന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനെ നയിക്കുന്നത്. പൊരുതുന്ന കേരളത്തിൽ സാധാരണക്കാരുടെ, കൃഷിക്കാരന്റെ, കർഷകത്തൊഴിലാളികളുടെ താൽപ്പര്യങ്ങൾക്കനുസൃതമായി സമസ്ത വിഭാഗം ജനങ്ങളുടെയും പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ആവശ്യമായിട്ടുള്ള പ്രോജ്ജ്വലമായ സമരങ്ങൾ നടത്താൻ അവകാശ സമ്പാദന സമര മുഖങ്ങളിൽ തീജ്ജ്വാല പടർത്തുന്ന പോരാട്ടങ്ങൾ നടത്തി സമരത്തിൽ ഏറ്റവും ഉജ്ജ്വലമായിട്ടുള്ള ഇടപെടൽ നടത്തിക്കൊണ്ട് കേരളീയ സമൂഹത്തിന്റെ ഹൃദയത്തിൽ സ്ഥാനമുറപ്പിച്ച നേതാക്കളാണ് ഇന്ന് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെ നയിക്കുന്നതെന്ന സത്യം നാം തിരിച്ചറിയണം. ഈ സഭയിൽ മുഖ്യമന്ത്രിയെ ഒറ്റതിരിഞ്ഞ് ആക്രമിക്കുവാനുള്ള നിലപാടും നടപടികളുമായിരുന്നു

ഇക്കഴിഞ്ഞ ഏതാനും ദിവസങ്ങളായി പ്രതിപക്ഷം ഇവിടെ സ്വീകരിച്ചിരുന്നത്. അഴിമതിക്കഥകൾ പടച്ചുവിട്ട് അപവാദപ്രചരണങ്ങളുടെ കൊടുങ്കാറ്റുയർത്തിയിട്ടും ഉലഞ്ഞുപോകാത്ത രാഷ്ട്രീയ വ്യക്തിത്വത്തിന്റെ ഉടമയാണ് ഇന്ന് കേരളം ഭരിക്കുന്നതെന്ന തിരിച്ചറിവ് കേരളത്തിലെ പ്രതിപക്ഷത്തിനുണ്ടാകുന്നത് നന്നായിരിക്കും. പ്രതിസന്ധിക്കുമുന്നിൽ ശിരസ്സ് കുനിക്കാതെ, നട്ടെല്ല് വളയ്ക്കാതെ, ഇരട്ടച്ചങ്കുറപ്പോടെ കേരളത്തെ നയിക്കാൻ പിൻബലവും പിന്തുണയുമേകാൻ ജനാധിപത്യ കേരളം മുഖ്യമന്ത്രിയോടൊപ്പവും ഇടതുപക്ഷ ജനാധിപത്യമുന്നണിയോടൊപ്പമുണ്ടെന്ന സത്യം നാം തിരിച്ചറിയണം. അത് കേരളത്തിൽ ഇക്കഴിഞ്ഞ നൂറുദിവസക്കാലത്തെ ഏറ്റവും ഉജ്ജ്വലമായിട്ടുള്ള ഭരണനിർവ്വഹണത്തിന്റെ ഫലമായി നാം മനസ്സിലാക്കിയിട്ടുണ്ടാകും. പെൻഷൻ പണം ജനങ്ങളുടെ കൈവശമെത്തിക്കുമെന്നാണ് സർക്കാർ പ്രഖ്യാപിച്ചത്. കേരളത്തിലെ ജനങ്ങൾ ഈ ഓണാഘോഷം പൊടിപൊടിക്കുകയായിരുന്നു. കഴിഞ്ഞ ഓണത്തിന് നിങ്ങൾ ഓർക്കുന്നുണ്ടാകും, വീട്ടമ്മമാരും സഹോദരിമാരും താടിക്ക് കൈകൊടുത്ത് എങ്ങനെയാണ് ഓണം ആഘോഷിക്കേണ്ടത്; എവിടെ നിന്നാണ് സാധനം വാങ്ങേണ്ടത്; എന്തൊരു തീ വിലയാണ് എന്നെല്ലാമുള്ള കഷ്ടപ്പാടിലായിരുന്നു. എന്നാൽ ഈ ഓണാഘോഷത്തിന്റെ വേളയിൽ

പൊതുകമ്പോളത്തിൽ ഇടപെട്ടുകൊണ്ട്; പൊതു വിതരണശൃംഖലയാകെ തന്നെ ഏറ്റവും ശ്രദ്ധേയമായ രീതിയിൽ പുനഃസംഘടിപ്പിച്ചുകൊണ്ട് കേരളത്തിലെ ജനങ്ങളുടെ വീട്ടുമുറ്റത്തേക്ക് നിത്യോപയോഗ സാധനങ്ങൾ എത്തിച്ചുകൊടുക്കാൻ ഈ സർക്കാരിന് കഴിഞ്ഞുവെന്നത് അഭിമാനകരമായ ഒരു കാര്യമാണ്. പതിനായിരക്കണക്കിന് രൂപയുടെ പെൻഷൻ കുടിശ്ശികയായിരുന്ന ഇവിടെയുണ്ടായിരുന്നത്. ഓണാഘോഷ വേളയിൽ എല്ലാ ക്ഷേമ പെൻഷനുകളും യഥാസമയം വിതരണം ചെയ്യാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. പതിനായിരവും ഇരുപതിനായിരവും അമ്പതിനായിരം രൂപ വരെ പെൻഷൻ പണം ഒരു വീട്ടിലേക്ക് എത്തിയിട്ടുള്ള അനുഭവം കേരളത്തിലുണ്ട്. ആ പെൻഷൻ പണം കൈയിൽ കിട്ടിയപ്പോൾ കർഷകത്തൊഴിലാളി, അവശവിഭാഗം......, ഈ ഗവൺമെന്റിനോട് നന്ദി പ്രകാശിപ്പിച്ചുകൊണ്ട് അവരിൽ നിന്ന് സന്തോഷാശ്രു അടർന്നുവീഴുകയായിരുന്നു. വീട്ടമ്മമാർ പറയുന്നത് ഇങ്ങനെയും ഒരു സർക്കാരോ? ഈ കേരളത്തിൽ ഇത്രയും വേഗത്തിൽ ഇങ്ങനെയൊരു ആനുകൂല്യം നടപ്പിലാക്കാൻ കഴിയുമോ എന്നായിരുന്നു അവരുടെ ചോദ്യം. അവരുടെയെല്ലാം കണ്ണീരൊപ്പാൻ ഈ സർക്കാരിന് കഴിഞ്ഞു. ദൃശ്യ-പത്ര മാധ്യമങ്ങളിൽ നിങ്ങൾ കണ്ടിട്ടുണ്ടാകും, വർഷങ്ങളായി കൊല്ലത്തെ കശുവണ്ടി ഫാക്ടറി പൂട്ടിക്കിടക്കുകയായിരുന്നു എന്നത്.

കേരളത്തിൽ സർവ്വനാശത്തിന്റെ വിത്ത് വിതച്ച്, സർവ്വനാശം വരുത്തി മുന്നേറിയ യു.ഡി.എഫ്. ഗവൺമെന്റ് പരമ്പരാഗത വ്യവസായ മേഖലയോട് നിരന്തരമായി വച്ചുപുലർത്തിയ അവഗണനാ മനോഭാവത്തിന്റെ പേരിൽ അവിടെ പണിയെടുക്കുന്ന തൊഴിലാളികൾ നിത്യദുരിതത്തിന്റെ നടുകയത്തിലേക്ക് വലിച്ചെറിയപ്പെടുകയായിരുന്നു. ആ തൊഴിലാളികളുടെ കണ്ണീരൊപ്പാൻ പരമ്പരാഗത വ്യവസായ വകുപ്പ് കൈകാര്യം ചെയ്യുന്ന; അവരുടെ സ്പന്ദനമറിയുന്ന മന്ത്രിയും കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റും അവരുടെ പ്രശ്നത്തിന് പരിഹാരമുണ്ടാക്കികൊടുത്തു. കേരളത്തിൽ 40 കശുവണ്ടി വ്യവസായശാലകൾ തുറന്നുപ്രവർത്തിച്ചപ്പോൾ 18000-ത്തോളം കശുവണ്ടിത്തൊഴിലാളികൾക്ക് ജോലി പുനഃസ്ഥാപിച്ചുകൊടുക്കാൻ നമുക്ക് കഴിഞ്ഞു. കേവലം അവർക്ക് ജോലി മാത്രം തിരിച്ചുകൊടുക്കുകയായിരുന്നില്ല, ആ ജോലിയെക്കാളുപരി സ്വന്തം ജീവൻ തന്നെ അവരുടെ കൈയിൽ തിരിച്ചേൽപ്പിക്കുകയായിരുന്നു ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. ക്രമസമാധാന പരിപാലനത്തിന്റെ കാര്യത്തിൽ, ജനങ്ങൾക്ക് സ്വൈരജീവിതം സമ്മാനിക്കുന്ന കാര്യത്തിൽ, എല്ലാ തലത്തിലും....., കേരളത്തിലെ സാധാരണ ജനവിഭാഗങ്ങളെ, പാർശ്വവത്ക്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ സമൂഹത്തിന്റെ

മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടിയുള്ള ഏറ്റവും ഉജ്ജ്വലമായിട്ടുള്ള ഇടപെടലാണ് കേരളത്തിലെ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിനുപരി കേരളത്തിലെ സാമൂഹ്യ ജീവിതത്തിലിടപെട്ടുകൊണ്ട്, ഉന്നത സാംസ്കാരിക മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട്, ധാർമ്മിക മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് ഏറ്റവും ശക്തമായ സാംസ്കാരിക ഇടപെടലുകളിലൂടെ കേരളത്തെ മുന്നോട്ടുനയിക്കാൻ ഈ സർക്കാരിന് കഴിഞ്ഞുവെന്നതാണ് ഏറ്റവും അഭിമാനകരമായ കാര്യം. കേരളത്തിലെ ജനങ്ങൾ തെരഞ്ഞെടുത്തിട്ടുള്ള ഈ ഗവൺമെന്റ് നൂറുദിവസക്കാലത്തെ വിസ്മയകരമായ വിജയത്തിളക്കവുമായി നമ്മുടെ മുന്നിൽ നിൽക്കുമ്പോൾ വരും നാളുകളിലും കേരളത്തിലെ ഗവൺമെന്റ്.........., ഏതെല്ലാം കെടുതികൾ അനുഭവിച്ച് അതിൽ നിന്ന് രക്ഷ നേടാനുള്ള മനോഭാവത്തിന്റെ; നിലപാടിന്റെ; തീരുമാനത്തിന്റെ ഭാഗമായിട്ടാണോ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെ അധികാരം ഏല്പിച്ചിട്ടുള്ളത്, അങ്ങനെ അധികാരം ഏല്പിച്ചിട്ടുള്ള ജനങ്ങൾക്കറിയാം ഈ സർക്കാരിനെ എങ്ങനെ സംരക്ഷിക്കണമെന്ന്. ഇത് ജനങ്ങളുടെ സർക്കാരാണ്, സാധാരണക്കാരന്റെ സർക്കാരാണ്, കൃഷിക്കാരന്റെ സർക്കാരാണ്, അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന സർക്കാരാണ്, ആ അർത്ഥത്തിൽ തീർച്ചയായും വരുംനാളുകളിലും എല്ലാ

മേഖലകളിലും നമ്മുടെ കൊച്ചുകേരളം....., വൈദ്യുതിയുടെ കാര്യത്തിൽ, തുറമുഖ വികസനത്തിന്റെ കാര്യത്തിൽ ഏറ്റവും ഉജ്ജ്വലമായ മുന്നേറ്റമുണ്ടാക്കി മുന്നോട്ടുപോകുമ്പോൾ തീർച്ചയായും കക്ഷി രാഷ്ട്രീയ ഭേദമന്യേ കേരളത്തിലെ ഗവൺമെന്റിനെ ഈ നാട് പിന്താങ്ങുമെന്ന ശുഭാപ്തി വിശ്വാസത്തോടെ ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ജെ. മാക്സി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ സന്തോഷപൂർവ്വം പിന്തുണയ്ക്കുന്നു. കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ മാന്ദ്യത നിറഞ്ഞതും അഴിമതിവൽക്കരിക്കപ്പെട്ടതുമായ ദുർഭരണത്തിൽ നിന്നും കേരള ജനത മോചനം നേടിയ സന്ദർഭത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ വികസന കാഴ്ചപ്പാടിനെ സാധൂകരിക്കുന്ന ഈ ധനാഭ്യർത്ഥനയ്ക്ക് പൂർണ്ണപിന്തുണ നൽകുന്നു.

വൈദ്യുതി ഉപഭോക്താക്കൾക്കും സംസ്ഥാനത്തിനാകമാനവും കോടികളുടെ ബാധ്യത അടിച്ചേൽപ്പിക്കുന്ന നയങ്ങളായിരുന്നു യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചുപോന്നത്. റിലയൻസ് പോലുള്ള സ്വകാര്യമേഖലയ്ക്ക് ഇത്തരത്തിൽ കെ.എസ്.ഇ.ബി.-യുടെ പണം കാർന്നുതിന്നുവാനുള്ള സംരംഭങ്ങളാണ് അവർ ഒരുക്കിയത്. ഉയർന്ന ഇന്ധനവില കാരണം റഗുലേറ്ററി കമ്മീഷൻ 2013-ൽ കെ.എസ്.ഇ.ബി.-യും റിലയൻസുമായുള്ള കരാർ പുതുക്കിയില്ല എന്ന

തീരുമാനത്തിന് വിരുദ്ധമായി കെ.എസ്.ഇ.ബി. 2015 ഒക്ടോബറിൽ ബി.എസ്.ഇ.എസ്. താപനിലയവുമായി വൈദ്യുതി റഗുലേറ്ററി കമ്മീഷനെ നോക്കുകുത്തിയാക്കിക്കൊണ്ട് രണ്ടുവർഷത്തേയ്ക്ക് കരാർ പുതുക്കാനുള്ള തീരുമാനം, വൈദ്യുതക്ഷാമത്തിന് ആശ്രയമെന്ന വ്യാജേന അഴിമതി ലക്ഷ്യമിട്ട് മുന്നോട്ടിറങ്ങുകയായിരുന്നു. വൈദ്യുതി ഉപയോഗിച്ചാലും ഇല്ലെങ്കിലും രണ്ടുവർഷക്കാലത്തേക്ക് ഫിക്സഡ് കോസ്റ്റായി 43.6, 44.7 എന്ന ക്രമത്തിൽ 88.3 കോടി രൂപ ഈ വിധത്തിൽ ബോർഡിന് നൽകേണ്ട ബാധ്യതയും പരിഗണിക്കുമ്പോൾ യു.ഡി.എഫ്.-ന്റെ വികലമായ നയമാണ് വെളിച്ചത്തായത്. 2015 വരെ കേവലം 498 കോടി രൂപയ്ക്കുമാത്രം കെ.എസ്.ഇ.ബി. വൈദ്യുതി വാങ്ങിയപ്പോൾ ഇതുവരെ ഫിക്സഡ് ഡെപ്പോസിറ്റായി നൽകിയത് 1688 കോടി രൂപയാണ്. പ്ലാന്റ് സ്ഥാപിക്കാൻ ചെലവായത് 620 കോടി രൂപയായിരുന്നുവെന്നത് ഇവിടെ ഓർക്കേണ്ട കാര്യമാണ്. അധികവിലയായതുകൊണ്ടുതന്നെ കഴിഞ്ഞ കാലയളവിൽ നാമമാത്രമായ വൈദ്യുതിയാണ് ഇവരിൽ നിന്നും വാങ്ങിയിട്ടുള്ളത്. എന്നാൽ കെ.എസ്.ഇ.ബി. പണം നൽകാൻ കരാർ പ്രകാരം ബാദ്ധ്യസ്ഥരായിരുന്നു. ഈ നഷ്ടം സാധാരണക്കാർ ചാർജ്ജ് വർദ്ധന രൂപത്തിൽ സഹിക്കേണ്ടിവന്നിരുന്നു.

ഇതുപോലെ തന്നെയാണ് 2015-16-ൽ കേന്ദ്ര പൂളിൽ നിന്നുമുള്ള 319 മെഗാവാട്ട് വൈദ്യുതി വേണ്ടെന്ന് വച്ച് സ്വകാര്യ മേഖലയിൽ നിന്ന് പ്രതിദിനം 11 കോടിയിലധികം രൂപ മുടക്കി 22.8 ദശലക്ഷം യൂണിറ്റ് വൈദ്യുതി വാങ്ങിയത്. ഇത് അഴിമതിയുടെ പ്രത്യക്ഷ ഉദാഹരണമാണ്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ആഭ്യന്തര ഉല്പാദനവും ഉപഭോഗവും പരിശോധിച്ചാൽ ഈ മേഖലയിലെ കെടുകാര്യസ്ഥത കൂടുതൽ വ്യക്തമാകും. ജല വൈദ്യുതോല്പാദനത്തിൽ കാര്യമായ പുരോഗതിയും ആ സർക്കാർ സൃഷ്ടിച്ചിരുന്നില്ല എന്ന് കണക്കുകൾ വ്യക്തമാക്കുന്നു. എൽ.ഡി.എഫ്. സർക്കാരിന്റെ 2010-11 കാലയളവിൽ ഉല്പാദിപ്പിച്ചിരുന്ന 7100 മില്യൺ യൂണിറ്റിൽ നിന്നും ഒരു മെച്ചവുമുണ്ടാക്കിയിട്ടില്ല. 2014-15-ലെ കണക്കുപ്രകാരം വെറും 7314 മില്യൺ യൂണിറ്റാണ് ഉല്പാദനം. ഇവിടെ ഈ ജനകീയ സർക്കാർ, വൈദ്യുതി മേഖലയിൽ സമൂലമായ പുരോഗതിക്ക് ഊന്നൽ നൽകുന്നതും പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളുടെ പഠനം ലക്ഷ്യം വച്ചുകൊണ്ട് അനെർട്ട് പോലുള്ള ഏജൻസികളെ പുതിയൊരു പന്ഥാവിലേയ്ക്ക് നയിച്ചുകൊണ്ട് വൈദ്യുതിരംഗത്ത് സമൂലമായ മാറ്റത്തിനുമാണ് മുന്നോട്ടുവന്നിരിക്കുന്നത്. എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുമെന്ന ഈ സർക്കാരിന്റെ പ്രഖ്യാപന ലക്ഷ്യം ചുരുങ്ങിയ കാലത്തെ ഭരണനൈപുണ്യം കൊണ്ടുതന്നെ

ലക്ഷ്യത്തിലെത്തിക്കുമെന്നാണ് ഈ ആവശ്യത്തിലേക്ക് സർക്കാർ ഉപഭോക്തൃസേവനത്തിനായി ഒരുക്കുന്ന നവമാധ്യമ വിവരസാങ്കേതിക സംവിധാനങ്ങളിലൂടെ വ്യക്തമാക്കപ്പെടുന്നത്. യു.ഡി.എഫ്.-ന്റെ വികല രാഷ്ട്രീയ ലക്ഷ്യം മുൻനിർത്തി ജനങ്ങളെ കബളിപ്പിച്ച സമ്പൂർണ്ണ വൈദ്യുതീകരണം പാളിപ്പോയത് ഈ രംഗത്തോടുള്ള അവരുടെ മനോഭാവത്തിന് ദൃഷ്ടാന്തമാണ്. ഇവിടെയാണ് വിവിധ ചെറുകിട വൈദ്യുത പദ്ധതികളുടെയും മുടങ്ങിക്കിടക്കുന്ന പ്രസരണ ലൈനുകളുടെയും നിർമ്മാണവും നവീകരണവും വഴി വൈദ്യുതോല്പാദന രംഗത്ത് ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ള ഈ സർക്കാരിന്റെ ഇടപെടൽ പ്രാധാന്യമർഹിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കെടുകാര്യസ്ഥതയ്ക്ക് വിപരീതമായി വിവിധ കേന്ദ്ര സഹായങ്ങൾ തത്വത്തിൽ നേടിയെടുക്കുക വഴി ഇവർക്ക് ശോഭനമായ ഒരു ഭാവി ഞാൻ കാണുന്നു. വൈദ്യുതി ഉപയോഗത്തിൽ ഗണ്യമായ കുറവ് ലക്ഷ്യമിട്ട് എൽ.ഇ.ഡി. ബൾബ് സ്ഥാപിക്കുവാനുള്ള നീക്കം പ്രതീക്ഷ നൽകുന്നു. വൈദ്യുത പദ്ധതികളെ കോർത്തിണക്കിക്കൊണ്ടുള്ള ഹൈഡൽ ടൂറിസം നൂതനമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നു. എൽ.എൻ.ജി. പൈപ്പിടൽ പൂർത്തിയാകുന്നതോടുകൂടി വാതക ഇന്ധനം ഉപയോഗിച്ചുകൊണ്ടുള്ള വൈദ്യുതി, ഉല്പാദന പ്രതിസന്ധിക്ക് ഒരു താങ്ങാവുകയാണ്. വയനാട് ജില്ലയിലെ

ബാണാസുഗര സാഗറിൽ ഡാം-ടോപ്പ് സോളാറിൽ നിന്ന് പ്രതിവർഷം 5 ലക്ഷം യൂണിറ്റ് ഉല്പാദനം പ്രതീക്ഷിക്കുന്നത് ശുഭസൂചകമാണ്.

കഴിഞ്ഞ സർക്കാരിന്റെ പ്രായോഗികത കുറവുകൊണ്ടും മുൻകൂട്ടി പ്ലാൻ തയ്യാറാക്കൽ പരിമിതിയും കാരണം ഉയർന്ന വിലയ്ക്ക് വൈദ്യുതി വാങ്ങേണ്ടി വന്നതുമൂലം ബോർഡിനെ നഷ്ടത്തിലേയ്ക്ക് നയിക്കുന്നതുവഴി സാധാരണ ജനവിഭാഗങ്ങൾക്ക് നേരെ ചാർജ്ജ് വർദ്ധനവെന്ന അമിത ഭാരം അടിച്ചേൽപ്പിക്കുകയാണുണ്ടായത്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സിന്റെ കാര്യത്തിൽ ഡാം-ടോപ് സോളാർ നിലയങ്ങൾ ഉൾപ്പെടെയുള്ള സോളാർ പദ്ധതി ഫലപ്രദമായി ഉപയോഗിക്കാമെന്നിരിക്കെ പൊതുജനങ്ങളിൽ ഇന്ന് സോളാർ എന്ന വാക്ക് അഴിമതിയുടെ മറ്റൊരു പദാർത്ഥം സൃഷ്ടിച്ചിരിക്കുന്നു. അതുവഴി കേരള ജനതയെ ആഭാസമാക്കാനാണ് യു.ഡി.എഫ്. ശ്രമിച്ചത്. എന്നാൽ ഈ സർക്കാർ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സിന് ആധുനിക മുഖം നൽകാൻ തയ്യാറാവുകയാണുണ്ടായത്. കൂടാതെ എഫ്.എ.സി.റ്റി.-യുടെ സ്ഥലത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന കൊച്ചി എണ്ണ ശുദ്ധീകരണ ശാലയുടെ ഉൽപ്പന്നമായ പെറ്റ്കോക്ക് വൈദ്യുത പദ്ധതി ഈ രംഗത്തെ മറ്റൊരു ചുവടുവയ്പ്പാണ്.

കേരളത്തിന്റെ മൊത്തം ഊർജ്ജ സ്ഥാപിത ശേഷിയെ വിവിധ നിർമ്മാണ പുനരുദ്ധാരണ പ്രവർത്തനങ്ങളിലൂടെ മെച്ചപ്പെടുത്തുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ ഈ രംഗത്തെ മെച്ചപ്പെടുത്താനുതകുന്നതാണ്. പ്രതിമാസം 120 യൂണിറ്റിന് താഴെ ഉപഭോഗമുള്ള ഗാർഹിക, കാർഷിക ഉപഭോക്താക്കൾക്ക് ചാർജ്ജ് വർദ്ധനവിന് നൽകിയ സബ്സിഡിത്തുക കെ.എസ്.ഇ.ബി.-ക്ക് നൽകിയത് സർക്കാർ അടിസ്ഥാന വർഗ്ഗത്തോടൊപ്പമാണെന്ന് കാണിക്കുന്നു. കഴിഞ്ഞ വർഷം ഈയിനത്തിൽ 200 കോടിയോളം രൂപ കെ.എസ്.ഇ.ബി.-ക്ക് നൽകുവാനുണ്ടായിട്ടും ഒരു രൂപ പോലും വകയിരുത്താൻ യു.ഡി.എഫ്. സർക്കാർ മനസ്സ് വച്ചില്ലായെന്നത് അവർ സമ്മതിക്കുന്നതേയുള്ളൂ. ട്രാൻസ്മിഷൻ കോറിഡോർ നിർമ്മാണം പ്രവർത്തനസജ്ജമായി. കൂടംകുളം നിലയത്തിൽ നിന്നുള്ള വൈദ്യുതിയുടെ.... എൽ.ഡി.എഫ്. സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കാനുദ്ദേശിച്ച ഒറീസ്സയിലെ വൈതരണി പദ്ധതി കഴിഞ്ഞ സർക്കാരിന്റെ ഇച്ഛാശക്തിക്കുറവുകൊണ്ട് നഷ്ടപ്പെട്ടത് യു.ഡി.എഫ്.-ന്റെ വികലമായ വികസന കാഴ്ചപ്പാടിന് ഉദാഹരണമായി ഞാൻ കാണുന്നു. അഞ്ച് വർഷത്തിനുള്ളിൽ 25000 കോടി രൂപയുടെ വൈദ്യുതിയാണ് സ്വകാര്യ മേഖലയിൽ നിന്നടക്കം വാങ്ങിയതായി കാണുന്നത്. അതിനോടൊപ്പം വൈദ്യുതി കടം 5627 കോടി രൂപയായി

വർദ്ധിക്കുകയും ചെയ്തു. രാജ്യത്തിന്റെ വൈദ്യുതി വിതരണ സ്ഥാപനങ്ങളുടെ പ്രവർത്തന മികവിന്റെ റേറ്റിംഗിൽ കെ.എസ്.ഇ.ബി.-ക്ക് ശരാശരിക്കും താഴെ 'ബി' ഗ്രേഡാണ് ലഭിച്ചിട്ടുള്ളത്. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ കെ.എസ്.ഇ.ബി.-യുടെ ഉത്തരവാദിത്വമില്ലായ്മ കാരണം ജീവൻ പൊലിഞ്ഞുപോയ അടിസ്ഥാന ജീവനക്കാരെയും കരാർ തൊഴിലാളികളെയും വേദനയോടെ ഞാൻ ഓർക്കുകയാണ്. ഈ ജീവനക്കാർക്ക് മതിയായ സുരക്ഷ ഉറപ്പുവരുത്തുമെന്ന് ഞാൻ വിശ്വസിക്കുകയാണ്.

നമ്മുടെ രാജ്യത്ത് കേന്ദ്ര സർക്കാരിന്റെ, 1963-ലെ മേജർ പോർട്ട് ട്രസ്റ്റ്സ് ആക്ട് അനുസരിച്ചാണ് തുറമുഖങ്ങൾ പ്രവർത്തിക്കുന്നത്. കേരളത്തിലെ ഏക വൻകിട തുറമുഖമാണ് കൊച്ചി. പ്രതിവർഷം ഒരു ലക്ഷം കോടിയോളം രൂപയുടെ മൂല്യമുള്ള ചരക്കുകൾ വിനിമയം ചെയ്യുകയായിരുന്ന, സംസ്ഥാനത്തിന്റെ സാമ്പത്തിക വ്യാവസായിക രംഗത്ത് നിർണ്ണായകമായ സ്വാധീനം ചെലുത്തിയിരുന്ന കൊച്ചി തുറമുഖം. കപ്പൽ വഴിയുള്ള ചരക്ക് കടത്തലിൽ കണ്ടെയ്നർ സെക്ഷൻ വന്നതോടുകൂടി അതിനൊപ്പം എത്താൻ 1995-ൽ രാജീവ് ഗാന്ധി കണ്ടെയ്നർ ടെർമിനൽ തുറമുഖ ഉടമസ്ഥതയിൽ സ്ഥാപിച്ചു. എന്നാൽ വല്ലാർപാടത്ത് ഐ.സി.ടി.ടി. സ്ഥാപിക്കാനുണ്ടാക്കിയ കരാറിൽ തൊഴിലാളി സംഘടനകളുടെ എതിർപ്പ്

അവഗണിച്ച് ആർ.ജി.സി.ടി.-കൂടി ഡി.പി.-വേൾഡിന് കൈമാറി. 2011-ൽ ആർ.ജി.സി.ടി. കൊച്ചി തുറമുഖത്ത് അടച്ചുപൂട്ടിയതുമൂലം ആയിരത്തോളം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടു. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ കൊച്ചി തുറമുഖത്തിന് ബാധ്യതയായി മാറി. കപ്പൽ ചാനലിന്റെ ആഴം നിലനിർത്താനുള്ള വരുമാനം പോലും വല്ലാർപാടം ടെർമിനലിൽ നിന്നും കൊച്ചി തുറമുഖത്തിന് ലഭിക്കുന്നില്ല. ഇവിടെ യാതൊരു വിധത്തിലുമുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടില്ല. പ്രതിവർഷം 100 കോടിയോളം രൂപ നഷ്ടത്തിലാണ് കൊച്ചി തുറമുഖം പ്രവർത്തിക്കുന്നത്. മറ്റ് മാർഗ്ഗങ്ങളിലൂടെ തുറമുഖം ഉണ്ടാക്കുന്ന വരുമാനവും വല്ലാർപാടം ടെർമിനലിനുവേണ്ടി ചെലവഴിക്കേണ്ടി വന്നു. ഇതുമൂലം തൊഴിലാളികളുടെയും പെൻഷൻകാരുടെയും ആനുകൂല്യങ്ങൾ പോലും തടഞ്ഞുവച്ചിരിക്കുന്നു. മിനിമം ഗ്യാരന്റി ഉറപ്പാക്കി ഡി.പി.വേൾഡുമായി പുതിയ കരാർ ഉണ്ടാക്കുക, ഡ്രെഡ്ജിംഗ് ചെലവ് കേന്ദ്ര സർക്കാർ വഹിക്കുക, നാവികസേന, കപ്പൽശാല എന്നീ സ്ഥാപനങ്ങൾ ആനുപാതികമായി ഇതിനുള്ള ചെലവ് വഹിക്കുക, ഡി.പി. വേൾഡുമായുള്ള കരാർ റദ്ദാക്കി തുറമുഖത്തിന് ടെർമിനൽ കൈമാറുക, കോസ്റ്റൽ കണ്ടെയ്നർ കൈകാര്യം ചെയ്യാൻ രാജീവ് ഗാന്ധി ടെർമിനൽ പുന:സ്ഥാപിക്കുക തുടങ്ങിയ ഒട്ടേറെ ആവശ്യങ്ങൾ ഉന്നയിച്ച്

തൊഴിലാളികളാകെ മൂന്ന് വർഷമായി പ്രക്ഷോഭത്തിലാണ്. ഇക്കാര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നുകൊണ്ട് കൊച്ചി തുറമുഖത്തെ പ്രതിസന്ധിയിൽ നിന്ന് കരകയറ്റാനും കൊച്ചി തുറമുഖത്തിന്റെ അവകാശമായ ആർ.ജി.സി.ടി. പുന:സ്ഥാപിക്കാനും തീരുമാനമെടുക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൊച്ചി തുറമുഖം സന്ദർശിക്കുന്നത് തൊഴിലാളികൾക്ക് ആത്മവിശ്വാസം നൽകും. കേരളത്തിലെ ചെറുകിട തുറമുഖങ്ങളുടെ അടിസ്ഥാനപരമായ സൗകര്യങ്ങൾ മെച്ചപ്പെടുത്തികൊണ്ട് നല്ല മാർക്കറ്റിംഗിലൂടെ കടൽ മാർഗ്ഗം കോസ്റ്റൽ ഷിപ്പിംഗ് പ്രോത്സാഹിപ്പിച്ചാൽ കൊച്ചി തുറമുഖത്തിന് കൂടുതൽ ചരക്ക് ലഭിക്കുകയും മെച്ചപ്പെടുകയും ചെയ്യും. കഴിഞ്ഞ കാലങ്ങളിൽ നിന്നും വ്യത്യസ്തമായി തുറമുഖങ്ങളെ ചരക്കുഗതാഗതത്തിൽ നിന്നും യാത്രാസൗകര്യത്തിൽ നിന്നും മെച്ചപ്പെടുന്ന രീതിയിൽ ഫലപ്രദമായി വിന്യസിക്കാനുള്ള ഈ സർക്കാരിന്റെ ശ്രമം ആധുനികവൽക്കരണത്തിന് ഫലപ്രദമാണ്. തുറമുഖങ്ങളുടെയും മറ്റ് അനുബന്ധ സൗകര്യങ്ങളുടെയും ഏകീകൃതമായ വികസനം അനായാസേന നിർവ്വഹിക്കാൻ ഉതകുന്ന കേരള മാരി ടൈം ബോർഡ്, ചുരുങ്ങിയ കാലയളവിൽ നിന്നുകൊണ്ട് ബേപ്പൂർ, അഴീക്കോട് എന്നീ തുറമുഖങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ, കൊച്ചി-അഴീക്കോട് യാത്രാകപ്പൽ സർവ്വീസ് നടപടി, വിഴിഞ്ഞത്തെ ചരക്കുനീക്കം

സുഗമമാക്കുന്നതിന് വെയ്ബ്രിഡ്ജ് സ്ഥാപിക്കൽ തുടങ്ങിയ നടപടികൾക്കു പുറമേ വിഴിഞ്ഞം തുറമുഖത്തിനുള്ള പാരിസ്ഥിതിക അനുമതി നേടിയെടുക്കൽ തുടങ്ങിയ കാര്യങ്ങളിൽ സർക്കാരിന്റെ ഈ മേഖലയിലുള്ള കാഴ്ചപ്പാട് ഞാൻ വ്യക്തമാക്കുന്നു.

കേരളത്തിൽ യു.ഡി.എഫ്. ഉണ്ടോയെന്ന് പോലും ജനങ്ങൾക്ക് അറിയില്ല. അത് അറിയിക്കാൻ വേണ്ടിയാണ് ഇപ്പോൾ ഇത്തരത്തിലൊരു സമരവുമായി മുന്നോട്ടുപോകുന്നത്. കഴിഞ്ഞ ദിവസം നടന്ന സമരത്തിൽ മഷികുപ്പി പ്രയോഗം കാണിച്ചത് നമുക്കറിയാം. കേരളത്തിലെ ജനങ്ങൾ യു.ഡി.എഫ്.-ന്റെ സമരത്തെ പുച്ഛിച്ചുതള്ളിയിരിക്കുകയാണ്. എങ്ങനെയെങ്കിലും അവർക്ക് ഇതിൽ നിന്ന് പിന്മാറാനുള്ള സമരവുമായാണ് മുന്നോട്ടുപോകുന്നത്. നൂറ് ദിവസം ആയപ്പോൾ തന്നെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനെ കേരള ജനത നെഞ്ചിലേറ്റിയിരിക്കുകയാണ്. അതുകൊണ്ട് ഈ സർക്കാരിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് ഈ ധനാഭ്യർത്ഥന ബില്ലിനെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, വിഴിഞ്ഞം പദ്ധതി അന്താരാഷ്ട്ര സംഘങ്ങളൊക്കെ കണ്ണുവയ്ക്കുന്നതുകൊണ്ട് പ്രത്യേകം ശ്രദ്ധിക്കണമെന്ന് മാത്രം ഒരു വാക്ക് മുൻകൂറായി പറയുകയാണ്.

കേരളം ഇലക്ട്രിസിറ്റിയുടെ കാര്യത്തിൽ അൽപ്പം പിറകോട്ടാണ്, നിഷേധിച്ചിട്ടു കാര്യമില്ല. ഇലക്ട്രിസിറ്റി 10-18 രൂപയ്ക്ക് വാങ്ങി ഉപഭോക്താക്കൾക്ക് കൊടുക്കുന്നതുമൂലം വലിയ നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. കേരളം മുഴുവൻ എൽ.ഇ.ഡി. ബൾബുകൾ ആക്കിയാൽ അതിന് പരിഹാരമാകും. എന്റെ നിയോജകമണ്ഡലത്തിൽ, ബി.പി.എൽ.-കാർക്ക് എൽ.ഇ.ഡി. ബൾബുകൾ മന്ത്രി കൊടുക്കാമെന്ന് പറഞ്ഞു, എ.പി.എൽ.-കാർക്ക് ഗവൺമെന്റ് കൊടുക്കുന്നതാണ് നല്ലത്. അല്ലെങ്കിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നൽകാനുള്ള അനുവാദം ധനകാര്യ വകുപ്പുമന്ത്രി തരണം. കാരണം, എൽ.ഇ.ഡി. ബൾബ് ഉപയോഗിക്കുമ്പോൾ, 100 രൂപ വൈദ്യുതി ചാർജ്ജ് വരുന്നുണ്ടെങ്കിൽ അത് 20 രൂപയായി ചുരുങ്ങും. വൈദ്യുതി വാങ്ങുന്നതിൽ നിന്ന് ഇലക്ട്രിസിറ്റി ബോർഡിനെ രക്ഷിക്കാം, കേരളത്തിലെ ജനങ്ങളെ രക്ഷിക്കാം, അതുപോലെ കേരളത്തെ പൂങ്കാവനമാക്കി മാറ്റുകയും ചെയ്യാം. അതുകൊണ്ട് കേരളത്തിലെ മുഴുവൻ എം.എൽ.എ.മാരും ആസ്തി വികസന ഫണ്ട് ഈ മേഖലയിൽ വിനിയോഗിക്കണമെന്നാണ് എന്റെ അഭിപ്രായം.

അതുപോലെതന്നെ നമ്മളെപോലെ ദാനം ചെയ്യുന്നവർ ആരുണ്ട്? മുല്ലപ്പെരിയാറിൽ നിന്ന് 25 ടി.എം.സി. വെള്ളവും പറമ്പിക്കുളത്തുനിന്ന് 30 ടി.

എം.സി. വെള്ളവും, കാവേരിയിൽ നിന്ന് 147 ടി.എം.സി., അതിൽ നിന്ന് 30 ടി.എം.സി.യുടെ വ്യത്യാസമായിട്ടുണ്ട്, ശിരുവാണിയിൽ നിന്ന് മുഴുവൻ വെള്ളവും തമിഴ്നാട് കൊണ്ടുപോകുന്നു. ഇങ്ങനെ നമ്മൾ വെള്ളം ദാനം ചെയ്യാൻ വേണ്ടി ജനിച്ചവരല്ലേ? എന്നാൽ കേരളം വെള്ളത്തിന്റെ കാര്യത്തിൽ പട്ടിണിയിലാണ്. അതുകൊണ്ട് ഗവൺമെന്റ് വളരെ ശക്തമായ നിലപാട് ഇക്കാര്യത്തിൽ സ്വീകരിച്ചുപോകണമെന്ന അഭിപ്രായം പറയാതിരിക്കാൻ പറ്റില്ല. മുല്ലപ്പെരിയാറിലെ വെള്ളത്തിൽ നിന്ന് തമിഴ്നാട് ഇലക്ട്രിസിറ്റി ഉണ്ടാക്കുകയാണ്. എഗ്രിമെന്റ് വയ്ക്കുന്നതിനുമുമ്പുതന്നെ അവർ ഇലക്ട്രിസിറ്റി ഉത്പാദിപ്പിച്ചു. അക്കാര്യത്തിൽ നമുക്ക് എന്ത് ചെയ്യാൻ സാധിച്ചു. വലിയ പ്രശ്നമല്ലേ. ഇക്കാര്യത്തിൽ ഗവൺമെന്റ് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഉടൻ തന്നെ ചർച്ച ആരംഭിക്കണമെന്നാണ് എന്റെ അഭിപ്രായം.

വിദ്യാഭ്യാസ സമരത്തെപ്പറ്റി ഒരു വാക്ക് പറയാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ മറുപടി അനുസരിച്ച്, മുപ്പത് സീറ്റിന് 1.50 ലക്ഷം രൂപ എന്നത് 2.50 ലക്ഷം രൂപയാക്കി എന്നുള്ളതാണ് പ്രശ്നം. അങ്ങനെ വരുമ്പോൾ ഏഴര ലക്ഷം രൂപയ്ക്ക് വേണ്ടിയാണോ നിയമസഭ ഇത്രയും ദിവസം മുടങ്ങിയത്. അക്കാര്യം ചർച്ച ചെയ്യുണ്ടേ; അത് ശരിയാണോ? ഏഴര ലക്ഷം രൂപയ്ക്ക് വേണ്ടി സഭ

തടസ്സപ്പെട്ടുവെന്ന് മാത്രമല്ല ഇവിടെ നമ്മൾ കാണുന്ന പ്രധാനപ്പെട്ട കാര്യം, ബഹുമാനപ്പെട്ട കെ. എം. മാണി, യു.ഡി.എഫ്.-ന് മുമ്പേ ഇവിടെ നിന്ന് ചാടി ഓടുന്നതുകണ്ടു. ഞാൻ ആലോചിച്ചു, ഡൈവോഴ്സ് ചെയ്തതിനുശേഷം രാത്രി വല്ല ബാന്ധവവുമുണ്ടോ; അത് എന്ത് ഇടപാടാണ്? ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞുതീരുന്നതിനുമുമ്പ് ശ്രീ. കെ. എം. മാണി ചാടിയോടി. ഡൈവോഴ്സ് ചെയ്തുകഴിഞ്ഞാൽ ഡൈവോഴ്സ് ചെയ്യണ്ടേ ശ്രീ. കെ. കൃഷ്ണൻകുട്ടി. രാത്രി സമയത്ത് ഒളിച്ചു കച്ചവടത്തിന് പോകാമോ? അതിന് തുല്യമായിപോയി ഈ പ്രവൃത്തി, വളരെ മോശമായിപ്പോയി. അക്കാര്യം പറയാതിരിക്കാൻ പറ്റില്ല. അതുകൊണ്ട് ഈ സമരം അവസാനിപ്പിക്കണം. ഒരു കാര്യം കൂടി ഇപ്പോൾ ഉണ്ടായിട്ടുണ്ട്. എം.ഇ.എസ്.-ന്റെ പ്രസിഡന്റ് ശ്രീ. ഫസൽ ഗഫൂർ രണ്ട് ലക്ഷത്തിപതിനായിരം രൂപ നിരക്കിൽ ഈ കാറ്റഗറിയിൽ ഫീസ് വാങ്ങിച്ചുകൊള്ളാമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഗവൺമെന്റ് വിളിച്ച് ചർച്ച നടത്തിയപ്പോൾ രണ്ടുലക്ഷത്തി പതിനായിരം രൂപയ്ക്ക് അഡ്മിഷൻ നടത്താൻ തയ്യാറാണെന്ന് പറയാത്തത് ദുരൂഹതയുള്ള കാര്യമാണ്. അദ്ദേഹം അങ്ങനെ പറഞ്ഞ സാഹചര്യത്തിൽ വീണ്ടുമൊരു ചർച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തുന്നത് നല്ലതായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും വളരെ

വിശദമായി ഇക്കാര്യങ്ങൾ വിശദീകരിച്ചതാണ്. വിശദമായി നടന്ന ചർച്ചയുടെ കാര്യങ്ങൾ ആരോഗ്യ വകുപ്പുമന്ത്രി തന്നെ ഈ സഭയിൽ പറഞ്ഞതാണ്. ആരോഗ്യ വകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ചയിലും രണ്ട് ലക്ഷത്തി പതിനായിരം രൂപയ്ക്ക് അഡ്മിഷൻ നടത്താൻ തയ്യാറാണെന്ന് ഗഫൂർ സാഹിബ് പറഞ്ഞില്ല. ഇപ്പോഴാണ് കോഴിക്കോട് പ്രഖ്യാപനം നടത്തിയിരിക്കുന്നത്. അത് എന്തുകൊണ്ട് ഉണ്ടായിയെന്നത് ഗവൺമെന്റ് പരിശോധിക്കുന്നത് ഉചിതമായിരിക്കുമെന്ന അഭിപ്രായം കൂടി രേഖപ്പെടുത്തുകയാണ്. നന്ദി.

<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: സർ, വൈദ്യുത പദ്ധതികളും തുറമുഖങ്ങളും എന്ന ധനാഭ്യർത്ഥനകളെ ഞാൻ സസന്തോഷം അനുകൂലിക്കുകയാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കെടുകാര്യസ്ഥതമൂലം തകർന്ന വൈദ്യുതി മേഖലയെ സംരക്ഷിക്കാനും കാര്യക്ഷമമാക്കാനും ജനോപകാരപ്രദമാക്കാനും സർക്കാർ നടത്തുന്ന ശ്രമങ്ങളെ ഞാൻ അഭിനന്ദിക്കുന്നു. സമ്പൂർണ്ണ വൈദ്യുതീകരണത്തിലൂടെ കേരളം ഇന്ത്യക്ക് മാതൃകയാവുകയാണ്. അതിന് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുകയാണ്.

പുത്തൻ സാമ്പത്തിക വ്യവസ്ഥിതിയിലൂടെ ആഭ്യന്തര-വിദ്യാഭ്യാസ-

വൈദ്യുതി മേഖലയേയും സർക്കാർ അധീനതയിലുള്ള സ്ഥാപനങ്ങളെയുമൊക്കെ വിദേശ സ്വകാര്യ കുത്തകകൾക്കായി വീതം വച്ചുകൊടുക്കുകയും അതിനനുസൃതമായി നിയമ നടപടികളെടുക്കുകയും ചെയ്ത യു.പി.എ. ഗവൺമെന്റിനനുസൃതമായി മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്ന ബി.ജെ.പി. ഗവണ്മെന്റിനെപ്പോലെ,.... കഴിഞ്ഞ കോൺഗ്രസ് ഗവൺമെന്റും സ്വകാര്യ-വിദേശ കുത്തകകൾക്കുവേണ്ടിയാണ് ഇവിടെ ഭരണം നടത്തിയിരുന്നത്. അത്തരത്തിലുള്ള ഭരണംമൂലം അഴിമതി സാമാന്യവൽക്കരിക്കപ്പെടുന്ന രീതിയിലേയ്ക്ക് പോകുകയും യു.ഡി.എഫ്. ഗവൺമെന്റിലെ മന്ത്രിമാരെല്ലാം ദിനംപ്രതി ബഡ്ജറ്റിനെ വിറ്റഴിച്ചുകൊണ്ട് ബാർ കോഴയിലൂടെയും സോളാർ വിവാദങ്ങളിലൂടെയും അഴിമതി നടത്തിയിട്ടുള്ള ഒരു ഗവൺമെന്റായിരുന്നു കഴിഞ്ഞ കാലഘട്ടങ്ങളിൽ ഉണ്ടായിരുന്നത്. അവരാണ് സ്വാശ്രയ കോളേജിന്റെ പേരിൽ കുറച്ചുദിവസങ്ങളായി ഇവിടെ സമരം നടത്തുന്നതെന്നുള്ളത് അപഹാസ്യമായിട്ടാണ് തോന്നുന്നത്.

2003-ലെ ഇലക്ട്രിസിറ്റി (ഭേദഗതി) ബില്ലിനെ അനുകൂലിച്ചുകൊണ്ട് വോട്ടുചെയ്തതിൽ ബി.ജെ.പി.യും കോൺഗ്രസും മുസ്ലീം ലീഗും അടക്കമുള്ള

കക്ഷികളാണുണ്ടായിരുന്നതെങ്കിൽ അതിനെ എതിർക്കാൻ ഇടതുപക്ഷ പ്രസ്ഥാനം മാത്രമാണുണ്ടായിരുന്നത്. സാധാരണക്കാരായ ഉപഭോക്താക്കൾക്ക് ഗുണകരമാകുന്ന രീതിയിലേയ്ക്ക് മാറ്റിയെടുക്കാതെ ടാറ്റ, ബിർല, റിലയൻസ്, അംബാനി അടക്കമുള്ള സ്വകാര്യ കമ്പനിക്കാർക്കുവേണ്ടിമാത്രം ഇലക്ട്രിസിറ്റി ബിൽ കൊണ്ടുവരികയാണുണ്ടായത്. സംസ്ഥാനത്തിന് കോടികളുടെ ബാധ്യത അടിച്ചേല്പിച്ച് റിലയൻസിന്റെ ബി.എസ്.ഇ.എസ്. താപനിലയവുമായിട്ടുള്ള കരാർ രണ്ട് വർഷത്തേയ്ക്കുകൂടി നീട്ടാനുള്ള തീരുമാനം കോടികളുടെ അഴിമതിക്ക് ലക്ഷ്യമിട്ട് സർക്കാർ ഉത്തരവിട്ടതാണ്. നയപരമായ തീരുമാനമാണെന്ന് പറഞ്ഞാണ് ഉപഭോക്താക്കൾക്ക് അധിക ഭാരം വരുത്തുന്ന ഈ തീരുമാനം സർക്കാർ എടുത്തത്. ഈ കരാർ പ്രകാരം വൈദ്യുതിയുടെ ഫിക്സഡ് കോസ്റ്റ് ബോർഡ് നൽകേണ്ടിവരും. ഉപയോഗിക്കാത്ത വൈദ്യുതിക്കുപോലും പൈസ കൊടുക്കേണ്ടതായിട്ടുള്ള അവസ്ഥാ വിശേഷമാണ് കഴിഞ്ഞ സർക്കാർ ഉണ്ടാക്കിയെടുത്തത്. 228 കോടിയോളം രൂപയാണ് അതിൽനിന്ന് നഷ്ടമായിട്ടുള്ളത്. ഒരു ശൃംഖല, പല ലൈസൻസി എന്ന നിലയിൽ സ്വകാര്യ

കമ്പനിക്കാർക്ക് ഗുണകരമാകുന്ന രീതിയിലേയ്ക്ക് കെ.എസ്.ഇ.ബി. യെ മാറ്റിയെടുത്തു. 11 കെ.വി. ഫീഡറിലോ ട്രാൻസ്ഫോർമറിലോ എൽ.ടി. ലൈനിലോ ഉണ്ടാകുന്ന ഏത് തകരാറും എല്ലാ ഉപഭോക്താക്കളേയും ഒരുപോലെ ബാധിക്കും. പവർകട്ട് ആയാലും വോൾട്ടേജ് ക്ഷാമമായാലും ഇതെല്ലാം തീർത്തുകൊടുക്കേണ്ട അവസ്ഥാവിശേഷം നമുക്കുണ്ടാകുന്നത് റിലയൻസ് അടക്കമുള്ള സ്വകാര്യ കമ്പനിക്കാർക്കുവേണ്ടിയാണ്. ലൈസൻസി റദ്ദാക്കൽ അനുച്ഛേദം 70 ബി പ്രകാരം ഇതിന്റെ എല്ലാ ബാധ്യതകളും നമ്മുടെ ഗവൺമെന്റിനുണ്ടാകുന്നു എന്നുള്ളതാണ്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെല്ലാം സ്വകാര്യ മേഖലയ്ക്ക് വിട്ടുകൊടുത്തുകൊണ്ടാണ് കഴിഞ്ഞ സർക്കാർ പോയിരിക്കുന്നതെന്നുള്ളത് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ സമയങ്ങളിലെല്ലാം വൈദ്യുതി വാങ്ങി വിറ്റത് സ്വകാര്യ കമ്പനിക്കാർക്ക് കൊടുക്കാൻ വേണ്ടിയായിരുന്നു എന്നുള്ളത് വ്യക്തമായ കാര്യമാണ്. 1522 കോടി രൂപയാണ് ഇതിലൂടെ നഷ്ടം വന്നിട്ടുള്ളത്. യു.ഡി.എഫ്. ഗവണ്മെന്റ് ഭരിക്കുമ്പോൾ നമ്മുടെ സാമ്പത്തിക ബാധ്യത 5900 കോടി രൂപയാണെന്ന് മനസ്സിലാക്കുമ്പോൾ, യു.ഡി.എഫ്.

ഗവൺമെന്റ് ഭരിക്കുന്ന സമയങ്ങളിൽ വൈദ്യുതി മേഖല ആർക്കുവേണ്ടിയാണ് ഉപയോഗപ്പെടുത്തിയതെന്നുകൂടി നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. യു.ഡി.എഫ്. ഭരിക്കുന്ന കാലഘട്ടങ്ങളിൽ വൈദ്യുതി മേഖലയിൽ ഇത്തരത്തിലുള്ള സ്വകാര്യ കുത്തക കമ്പനിക്കാരെ സഹായിക്കുന്ന പ്രവണതകളാണ് ഉണ്ടായിട്ടുള്ളതെന്ന് പറയാൻ ഞാൻ ഉദ്ദേശിക്കുന്നു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടങ്ങളിൽ മൂന്നുതവണയാണ് വൈദ്യുതി ചാർജ്ജ് വർദ്ധനവുണ്ടായിട്ടുള്ളത്. ഇതെല്ലാം സാധാരണക്കാരായ ജനവിഭാഗങ്ങളെയാണ് ബാധിച്ചുകൊണ്ടിരുന്നത്. സൗജന്യ കണക്ഷൻ നിർത്തലാക്കുന്ന പരിപാടി, വൈദ്യുതി ചാർജ്ജ് ആഗോള നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതായിട്ടുള്ള നിലപാടുകൾ, കെ.എസ്.ഇ.ബി. യുടെ പോസ്റ്റും ടവറുകളുമെല്ലാം സ്വകാര്യ മേഖലയ്ക്ക് കൊടുക്കുന്ന അവസ്ഥാവിശേഷം, പൊതുമേഖലാ മീറ്റർ കമ്പനി അടച്ചുപൂട്ടിയ സാഹചര്യങ്ങൾ എന്നിവ കഴിഞ്ഞ ഗവണ്മെന്റിന്റെ കാലഘട്ടങ്ങളിലുണ്ടായി എന്നുള്ളത് യു.ഡി.എഫ്. ഗവണ്മെന്റിന്റെ തെറ്റായ നയങ്ങളും സ്വകാര്യ കമ്പനിക്കാർക്കുവേണ്ടിയുള്ള നയപരിപാടികളുമായി മുന്നോട്ട് പോയതിന്റെ ഫലമായിട്ടാണ്. ഇവരുടെ

അഴിമതി തിരിച്ചറിഞ്ഞ ജനതയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ അധികാരത്തിലേറ്റുന്നതിന് കളമൊരുക്കിയത്. അതുകൊണ്ട് ഇവർ ഉന്നയിക്കുന്ന ആവശ്യങ്ങളൊന്നും ജനങ്ങൾ ഉൾക്കൊള്ളില്ലെന്നുകൂടി നമ്മൾ മനസ്സിലാക്കേണ്ടതാണ്.

തുറമുഖവുമായി ബന്ധപ്പെട്ട് കയ്പമംഗലവും കൊടുങ്ങല്ലൂരും ഉൾപ്പെടെയുള്ള പ്രദേശത്താണ് മുസിരിസ് പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും സഹകരണ വകുപ്പുമന്ത്രിയും തുറമുഖ വകുപ്പുമന്ത്രിയുമെല്ലാം കഴിഞ്ഞ ദിവസങ്ങളിൽ അവിടെ സന്ദർശിക്കുകയും അതിന് പൂർണ്ണ പിന്തുണ നൽകുകയുമുണ്ടായി. കൊടുങ്ങല്ലൂർ - കയ്പമംഗലം ഉൾപ്പെടെ മറ്റ് മണ്ഡലങ്ങളിൽ കൂടിയുള്ളതാണ് മുസിരീസ് പദ്ധതി. പുരാവസ്തു വകുപ്പുമായി ബന്ധപ്പെട്ട് ചേരമാൻ പള്ളിയും അഴീക്കോട് സെന്റ് തോമസ് പള്ളിയും കൊടുങ്ങല്ലൂർ അമ്പലവും ജൂതന്മാരുടെ സിനഗോഗും ഉൾപ്പെടെ മതസൗഹാർദ്ദത്തിന്റെ കേന്ദ്രീകരണ രൂപമായി മാറ്റുന്ന രീതിയിലേയ്ക്ക് കൊണ്ടുവരുന്നതിന് പൂർണ്ണ പിന്തുണയുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ

വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സി. കെ. നാണു: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. എല്ലാ കുടുംബത്തിനും വൈദ്യുതി എന്ന നിലയ്ക്ക് എല്ലാ നിയോജകമണ്ഡലങ്ങളിലെയും മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും ഭരണസമിതികൾ ഒരുമിച്ചുചേർന്ന് തീരുമാനമെടുക്കുന്നു. ജനങ്ങൾക്ക് അങ്ങേയറ്റം ഗുണകരമായ ഒരു പദ്ധതിയാണിത്. അതിന് ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു.

മറ്റൊരു പ്രശ്നം കുടിവെള്ള പദ്ധതിയാണ്. കുടിവെള്ള പദ്ധതികൾക്ക് പുഴകളിൽനിന്നാണ് വെള്ളം എടുക്കുന്നത്. പല സന്ദർഭങ്ങളിലും ജനറേറ്ററുകൾ താല്ക്കാലികമായി തകരാറാകുന്നതിന്റെ ഫലമായി ദിവസങ്ങളോളം കുടിവെള്ളം ലഭിക്കാൻ സാധിക്കാത്ത അവസ്ഥയുണ്ട്. ഇങ്ങനെ ജനറേറ്ററുകൾ തകരാറാകുന്ന അവസരത്തിൽ ഇലക്ട്രിസിറ്റി ഓഫീസിലെ ഉദ്യോഗസ്ഥന്മാരോട് പറഞ്ഞ് ശരിയാക്കുന്നതിന് ദിവസങ്ങളെടുക്കുന്നതിന്റെ ഫലമായി എം.എൽ.എ. മാർ നിത്യേന ജനങ്ങളിൽനിന്നും ആക്ഷേപം ഏറ്റുവാങ്ങുകയാണ്. ഇത് വളരെ വേഗം പരിഹരിക്കാൻ സാധിക്കുന്നതാണ്.

കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും കുടിവെള്ളം എത്തിക്കുന്നതിന് ഏതെങ്കിലും ഒരു ചെറിയ പ്രശ്നത്തിന്റെ പേരിൽ ജനങ്ങൾക്ക് കുടിവെള്ളം ലഭിക്കാതിരുന്നാൽ അതെങ്ങനെ പരിഹരിക്കാൻ സാധിക്കുമെന്നുള്ളതിനെ സംബന്ധിച്ച് ഗൗരവമായി ആലോചിക്കണം. ജലവൈദ്യുത പദ്ധതികൾ വിജയിക്കണമെങ്കിൽ പുഴകളിൽ വെള്ളം ആവശ്യമാണ്. ഇപ്പോൾ പുഴകളിൽ വെള്ളം വളരെ കുറവാണ്. കുറച്ചുദിവസങ്ങൾ കഴിയുമ്പോൾ ജലവൈദ്യുതിയുടെ ലഭ്യത ഉദ്ദേശിച്ചതിലും കുറയും. അങ്ങനെ വരുന്ന അവസരത്തിൽ എന്തു ചെയ്യും? എം.എൽ.എ.മാർ സിഗ്നൽ ലൈറ്റുകൾ മുനിസിപ്പാലിറ്റികൾക്ക് നല്കിയിട്ടുണ്ട്. കെൽട്രോണിലെ ഉദ്യോഗസ്ഥരാണ് സൗരോർജ്ജം ഉപയോഗിച്ചുകൊണ്ട് ആ സിഗ്നൽ ലൈറ്റുകൾ പ്രവർത്തിപ്പിക്കുന്നത്. ജലവൈദ്യുത പദ്ധതി കുറയുമ്പോൾ, വൈദ്യുതി പ്രതിസന്ധിയുണ്ടാകുന്ന അവസരത്തിൽ, മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ നല്ലരീതിയിൽ ലഭ്യമാകുന്ന സൗരോർജ്ജം ഉപയോഗിച്ചുകൊണ്ട്

പരിഹാരം കണ്ടെത്താൻ സാധിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. അങ്ങനെ സൗരോർജ്ജം ഉപയോഗിച്ചുകൊണ്ട് വൈദ്യുതി ക്ഷാമത്തിൽ നിന്നും വൈദ്യുതി പ്രതിസന്ധിയിൽ നിന്നും കേരളത്തെ രക്ഷിക്കാൻ നമുക്ക് സാധിക്കും. അതുകൊണ്ട് അതിനായി ചെലവഴിക്കുന്ന പണം കുറയ്ക്കരുത്. കുറച്ചുകൊണ്ട് എങ്ങനെ ചെയ്യാൻ സാധിക്കും എന്നതിനെ സംബന്ധിച്ച് സർക്കാർ ഗൗരവമായി ആലോചിക്കണം. അതായിരിക്കും ഇനിയങ്ങോട്ടുള്ള കാര്യങ്ങളിൽ ചെയ്യേണ്ടത്. കൽക്കരിയുടെ കാര്യം പറയുന്ന അവസരത്തിൽ അതിലുണ്ടാകുന്ന പാരിസ്ഥിതിക തകരാറുകളെപ്പറ്റി പലഭാഗത്തുനിന്നും വിമർശനങ്ങളുണ്ടായി. ഇപ്പോൾത്തന്നെ കേരളത്തിലെ പുഴകൾ പലതും വറ്റിക്കൊണ്ടിരിക്കുകയാണ്. നമ്മൾ പ്രതീക്ഷിച്ച രീതിയിൽ നദികളിൽ നിന്ന് വെള്ളം ലഭിക്കുന്നില്ല. കുറച്ചുമാസങ്ങൾ കഴിയുമ്പോൾ നദികളിലെ വെള്ളം മലീമസവുമാകുന്നു. ഇങ്ങനെ വരുന്ന സാഹചര്യത്തിൽ നദീജലത്തെ മാത്രം ആശ്രയിച്ചുകൊണ്ട് കേരളത്തിൽ

ആവശ്യത്തിനനുസരിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധിക്കുമോ? ഇതെല്ലാം നമ്മുടെ മുന്നിലുള്ള പ്രശ്നങ്ങളാണ്. നമ്മുടെ മുന്നിലുള്ള ഏറ്റവും പ്രധാനപ്പെട്ട സമ്പത്ത് എന്നുപറയുന്നത് സൂര്യതാപമാണ്. ഇൻഡ്യയിലെ മഹാരാഷ്ട്ര ഉൾപ്പെടെയുള്ള മിക്ക സംസ്ഥാനങ്ങളിലും പണ്ടുമുതൽക്കേ സൗരോർജ്ജം ഉപയോഗിച്ചുകൊണ്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നു. ഈ സൂര്യതാപത്തെ എങ്ങനെ ഉപയോഗപ്പെടുത്താൻ സാധിക്കും? സൂര്യതാപം ഉപയോഗപ്പെടുത്തി കേരളത്തിലെ വൈദ്യുതിയുടെ ക്ഷാമം പരിഹരിക്കാൻ എന്തെല്ലാം ചെയ്യാൻ സാധിക്കുമെന്നത് സംബന്ധിച്ച് വളരെ ഗൗരവമായി ഗവൺമെന്റ് പരിശോധിക്കേണ്ടതാണ്. ഒരുകാലത്ത് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ സ്വാതന്ത്ര്യം കിട്ടിയ ഉടനെ നേപ്പാളും ഇൻഡ്യയും തമ്മിൽ ഒരു കരാർ ഉണ്ടാക്കുന്നതിനായി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ആലോചിച്ചിരുന്നു. കാരണം അവിടെ വലിയ ജലസ്രോതസ്സുകളുണ്ട്. ആ വലിയ ജലസ്രോതസ്സുകൾ ഉപയോഗിച്ചുകൊണ്ട് നേപ്പാളിനും ഇൻഡ്യയ്ക്കും സാമ്പത്തികമായി മെച്ചമുണ്ടാക്കാവുന്ന രീതിയിൽ വൈദ്യുതി

ഉല്പാദിപ്പിക്കാൻ സാധിക്കുന്നതിനുള്ള നടപടികളൊക്കെയുണ്ടായിരുന്നു. പല കാരണങ്ങളാൽ അത് മുടങ്ങിയതിന്റെ ഫലമായി ജലവൈദ്യുത പദ്ധതികൾ ലഭിക്കാനുള്ള സാധ്യത പോയി. ഇനിയും അവിടെനിന്ന് അത് ഉണ്ടാകാനും അവരുടെ വലിയ വരുമാനമാർഗ്ഗമായി മാറുന്ന ഒരു ഘട്ടവുമുണ്ടായിരുന്നു; അത് മാറിക്കഴിഞ്ഞു. എനിക്ക് തോന്നുന്നത്, കേരളം പോലുള്ള ഒരു സംസ്ഥാനത്തിന് അതെങ്ങനെ ഉപയോഗപ്പെടുത്താൻ സാധിക്കും; കാറ്റിൽ നിന്ന് എങ്ങനെ വൈദ്യുതി ലഭിക്കാം? ഇതൊക്കെ ആലോചിച്ചുകൊണ്ട് ചില മേഖലകളിൽ സാമ്പത്തികമായി കൂടുതൽ പണം ചെലവഴിക്കേണ്ടിവരും. സാമ്പത്തികമായി കഴിവുള്ളവർക്ക് സ്വന്തമായി എങ്ങനെ സൗരോർജ്ജമുണ്ടാക്കാൻ സാധിക്കും? അങ്ങനെയുള്ള നിർദ്ദേശങ്ങൾ നല്കിക്കൊണ്ട്, പാവപ്പെട്ട ആളുകൾക്കുംകൂടി ഇത് ലഭ്യമാകുന്ന രീതിയിൽ സർക്കാർ ഇതിനെപ്പറ്റി ഗൗരവമായി ആലോചിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

ശ്രീ. കെ. ആൻസലൻ: സർ, 2016-17 സാമ്പത്തികവർഷത്തെ ബഡ്ജറ്റിനുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. കേരളത്തിന്റെ ചിരകാല അഭിലാഷമാണ് തുറമുഖവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള വിഴിഞ്ഞം തുറമുഖ പദ്ധതി. ആ തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ട് മുൻ യു.ഡി.എഫ്. ഗവൺമെന്റ് ബി.ജെ.പി. ഗവൺമെന്റുമായി ഉണ്ടാക്കിയിട്ടുള്ള ധാരണ പരക്കെ ചർച്ച ചെയ്യപ്പെടുന്നതാണ്. അദാനിയെന്നു പറയുന്ന കോർപ്പറേറ്റ് മുതലാളിക്ക് ഇഷ്ടം പോലെ ലാഭം കൊയ്യുന്നതിനും പണമുണ്ടാക്കുന്നതിനുമുള്ള ഒരു കരാറായിരുന്നു അത്. ആ പദ്ധതിയുടെ ദൗർബല്യത്തെ മറപിടിച്ചുകൊണ്ട് അന്നത്തെ ഗവൺമെന്റ് നടത്തിയിട്ടുള്ള അഴിമതിയെ സംബന്ധിച്ച് പരിശോധിക്കേണ്ടതായിട്ടുണ്ട്. ശ്രീ. പി. സി. ജോർജ് തന്നെ ആ ഘട്ടത്തിൽ 300 കോടി രൂപയുടെ അഴിമതി ആക്ഷേപം ഉന്നയിക്കപ്പെട്ടിട്ടുണ്ട്. വിഴിഞ്ഞം തുറമുഖത്തെ യാഥാർത്ഥ്യമല്ലാതാക്കുന്നതിനുള്ള ശ്രമമാണ് കേന്ദ്ര ഗവൺമെന്റിന്റെ

ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ ഘട്ടത്തിലാണ് വിഴിഞ്ഞത്ത് നിന്ന് കേവലം 30 കിലോ മീറ്റർ അകലെയുള്ള കുളച്ചൽ എന്ന സ്ഥലത്ത് ഒരു തുറമുഖം ആരംഭിക്കുന്നതിനുള്ള നടപടി ആരംഭിച്ചത്. വിഴിഞ്ഞത്തുനിന്ന് കേവലം 140 കിലോമീറ്റർ അകലെയുള്ള തൂത്തുക്കുടിയിൽ നിലവിലുള്ള തുറമുഖത്തെ കൂടുതൽ ഫലപ്രദമാക്കുന്നതിനുവേണ്ടി യാതൊരു തടസ്സവുമില്ലാതെ കോടിക്കണക്കിന് രൂപ മുൻ യു.പി.എ. ഗവൺമെന്റും ഇപ്പോഴത്തെ എൻ.ഡി.എ. ഗവൺമെന്റും വാരിക്കൊടുക്കുമ്പോൾ വിഴിഞ്ഞം പദ്ധതിയെ സംബന്ധിച്ച നിലപാടുകൾ പരിശോധിക്കപ്പെടേണ്ടതാണ്. കേരളത്തിലെ തുറമുഖങ്ങൾ കുറേക്കൂടി ആകർഷകമാക്കുന്ന തരത്തിലും അതിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന തരത്തിലുമുള്ള ഇടപെടലുകൾ ഉണ്ടാകേണ്ടതായിട്ടുണ്ട്. കേരളത്തിന്റെ കാൽ നൂറ്റാണ്ടിന് മുമ്പുള്ള ചരിത്രവും കൂടി പരിശോധിച്ചുകൊണ്ട് മാത്രമേ ഇന്നത്തെ വൈദ്യുതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിലേക്ക് കടക്കേണ്ടതായിട്ടുള്ളൂ. 1996 വരെ

കേരളത്തിലെ വൈദ്യുതിയുടെ രംഗം അങ്ങനെയായിരുന്നു. അന്ന് വളരെ പ്രയാസകരമായിട്ടുള്ള അവസ്ഥയാണ് സാമൂഹിക രംഗത്തുണ്ടായിരുന്നത്. മൂന്നുംനാലും മണിക്കൂർ അപ്രഖ്യാപിതമായിട്ടുള്ള പവർകട്ടും രാത്രികാലങ്ങളിൽ രണ്ടുംമൂന്നും മണിക്കൂർ ലോഡ് ഷെഡ്ഡിംഗും ഏർപ്പെടുത്തിയ ഒരു കാലഘട്ടമുണ്ടായിരുന്നു. കെ. കരുണാകരനും ശ്രീ. എ. കെ. ആന്റണിയും മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിൽ കേരളത്തിൽ ഒരു കച്ചവടസ്ഥാപനം പോലും പ്രവർത്തിക്കാൻ കഴിയാത്ത തരത്തിലുള്ള ശക്തമായ നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു. കേരളത്തിൽ 25 വർഷങ്ങൾക്കുമുമ്പ് അരിയോ ഗോതമ്പോ പൊടിക്കാൻ ഒരു ഫ്ളവർ മില്ല് പോലും ഇല്ലാത്ത രീതിയിലുള്ള ശക്തമായ നിയന്ത്രണം ഉണ്ടായിരുന്നുവെന്നത് നമുക്കറിവുള്ളതാണ്. 40 വോൾട്ടിന്റെ ഒരു ബൾബ് മാത്രമേ കച്ചവടസ്ഥാപനങ്ങളിൽ പ്രകാശിപ്പിക്കാൻ അവകാശമുണ്ടായിരുന്നുള്ളൂ. കൂടുതൽ പ്രകാശമുള്ള ബൾബുകൾ ഉണ്ടായാൽ ഇലക്ട്രിസിറ്റി ബോർഡിലെ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി കണക്ഷൻ

കട്ടുചെയ്യുന്ന ഒരവസ്ഥയാണ് വൈദ്യുതി രംഗത്തുണ്ടായിരുന്നത്. 1996-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അന്നത്തെ വൈദ്യുതി മന്ത്രിയായിരുന്ന ശ്രീ. പിണറായി വിജയനാണ് ഈ സാമൂഹിക പ്രശ്നത്തെ ഫലപ്രദമായി കൈകാര്യം ചെയ്തുകൊണ്ട് 1058 മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിച്ചുകൊണ്ട് വൈദ്യുതിയുടെ കാര്യത്തിൽ ഒരു സ്വയംപര്യാപ്തത ഉണ്ടാക്കിക്കൊണ്ടുവന്നത്. അതിനുശേഷം വന്ന ശ്രീ. എസ്. ശർമ്മയും ശ്രീ. എ. കെ. ബാലനും ദീർഘവീക്ഷണത്തോടെ നടത്തിയിട്ടുള്ള നടപടിക്രമങ്ങൾ വൈദ്യുതി രംഗത്ത് ശ്രദ്ധേയമായ മുന്നേറ്റമാണ് ഉണ്ടാക്കിയിട്ടുള്ളത്. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ 86 അസംബ്ലി മണ്ഡലങ്ങളിൽ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ സഖാവ് എ. കെ. ബാലൻ വൈദ്യുതി മന്ത്രിയായിരിക്കുമ്പോഴാണ് വൈദ്യുതിയെ സംബന്ധിച്ച കാര്യങ്ങൾ പൂർണ്ണതയിലേക്ക് എത്തിക്കാൻ കഴിഞ്ഞിട്ടുള്ളത്. പാലക്കാട്, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ നാലു ജില്ലകളിൽ വൈദ്യുതിയുടെ കാര്യത്തിൽ

മിച്ച സംസ്ഥാനമാക്കിയിട്ടാണ് 2011-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരം വിട്ടൊഴിഞ്ഞത്. കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ സ്ഥിതിയെന്താണ്? വൈദ്യുതിയുടെ കാര്യത്തിൽ ഏതെങ്കിലും രൂപത്തിലുള്ള മുന്നോട്ടുപോക്ക് നടത്തുവാൻ യു.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോ; യാതൊരു നടപടിയും സ്വീകരിച്ചില്ലായെന്ന് മാത്രമല്ല കൊടിയ അഴിമതിയുടെ കേന്ദ്രമായി. വൈദ്യുതിയുടെ കാര്യത്തിൽ കേരളത്തെ മിച്ച സംസ്ഥാനമാക്കി മാറ്റുന്നതിനെക്കുറിച്ചല്ല ആലോചിച്ചത്. എല്ലാ മേഖലയിലും അഴിമതിയാണ്. L&T കമ്പനിയിൽ നിന്ന് ഗുണനിലവാരമില്ലാത്ത 56000-ത്തോളം വരുന്ന മീറ്ററുകൾ വാങ്ങി സ്ഥാപിച്ച്, ഉപയോഗിക്കുന്ന കറണ്ട് റീഡ് ചെയ്യാൻ കഴിയാത്ത ആ മീറ്റർ, ഉപയോഗിക്കാത്ത വീട്ടിൽ സ്ഥാപിച്ചാൽ അത് റീഡ് ചെയ്യുന്നു. അത്ഭുതകരമാണ് ആ മീറ്ററുകൾ. ഉപഭോക്താക്കളെ ഇത്രയേറെ ബുദ്ധിമുട്ടിക്കുകയും ദുരിതത്തിലാഴ്ത്തുകയും ചെയ്ത കെടുകാര്യസ്ഥതയുടെ കേന്ദ്രമായിരുന്നു കഴിഞ്ഞ വൈദ്യുതി വകുപ്പ് കൈകാര്യം ചെയ്തിരുന്ന

മന്ത്രിയും അതിന്റെ വകുപ്പുതലവന്മാരും. ഇവിടെ സൂചിപ്പിച്ചതുപോലെ മൂന്നുപ്രാവശ്യം വൈദ്യുതിയുടെ ചാർജ് അമിതമായി വർദ്ധിപ്പിച്ചു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന് വൈദ്യുതിയുടെ കാര്യത്തിൽ ഒരിഞ്ച് മുന്നോട്ടുപോകുന്നതിന് കഴിഞ്ഞിട്ടില്ല. കേരളത്തെ വൈദ്യുതിയുടെ കാര്യത്തിൽ പരിപൂർണ്ണമായി ദുരന്തം നേരിട്ട ഒരു സംസ്ഥാനമാക്കി മാറ്റാൻ ഏറ്റവുമധികം അപ്രായോഗികമായിട്ടുള്ള സമീപനങ്ങൾ സ്വീകരിച്ച ഒരു ഗവൺമെന്റാണ് കേരളത്തിലെ മുൻഗവൺമെന്റ്. 2015 ജൂൺ മാസത്തോടുകൂടി കേരളത്തിലെ എല്ലാ ഭവനങ്ങളിലും വൈദ്യുതി എത്തിക്കുമെന്ന് മുൻ ഗവൺമെന്റ് പ്രഖ്യാപിച്ചതാണല്ലോ. എവിടെ എത്തി? 2016 ജൂൺ ആയിട്ടുപോലും ആ പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. 100 ദിവസം പൂർത്തീകരിക്കാൻ പോകുന്ന സഖാവ് കടകംപള്ളി സുരേന്ദ്രന്റെ നേതൃത്വത്തിലുള്ള വൈദ്യുതിവകുപ്പ് 2017 മാർച്ച് 31-നകം കേരളത്തിലെ മുഴുവൻ വീടുകളിലും വൈദ്യുതി എത്തിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. വൈദ്യുതപ്രകാശത്തിൽ ടെലിവിഷനിൽ വിനോദ പരിപാടികൾ കണ്ടു രസിക്കുമ്പോൾ, പാവപ്പെട്ട ലക്ഷകണക്കിന് വരുന്ന കുടുംബങ്ങൾ, മണ്ണെണ്ണ

വിളക്കിന്റെയും മറ്റു സൗകര്യങ്ങളും ഉപയോഗപ്പെടുത്തി ജീവിതവും വിദ്യാഭ്യാസവും മുന്നോട്ട് കൊണ്ടുപോകുമ്പോൾ ഉൾഗ്രാമങ്ങളിൽപോലും വൈദ്യുതി എത്തിച്ചുകൊടുക്കുവാൻ ആവശ്യമായ ചടുലമായ നീക്കം... കേരളത്തിന്റെ ചരിത്രത്തിൽ, ഇന്ത്യയിൽ അഭിമാനകരമായ മറ്റൊരു മുഹൂർത്തത്തിനുകൂടി കേരളം സാക്ഷ്യം വഹിക്കുകയാണ്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നമ്മൾ പോകുന്നതാണ്. അവിടെ ഗവൺമെന്റുകൾ പലതും കൊടുക്കാറുമുണ്ട് പ്രഖ്യാപിക്കാറുമുണ്ട്. പക്ഷെ പട്ടണപ്രദേശങ്ങൾ ഒഴിച്ചുകഴിഞ്ഞാൽ വൈദ്യുതിയുടെ പ്രകാശം കാണാത്ത ഉൾപ്രദേശങ്ങളിലെ ലക്ഷക്കണക്കിന് കുടുംബങ്ങളും തെരുവുകളും ആയിരക്കണക്കിന് ഗ്രാമങ്ങളും മറ്റു സംസ്ഥാനങ്ങളിൽ ഉണ്ട്. കറണ്ട് പോയിക്കഴിഞ്ഞാൽ എപ്പോൾ വരുമെന്ന് തിരിച്ചറിയാൻ കഴിയാത്ത അവസ്ഥയാണ് തമിഴ്നാട്ടിലുള്ളത്. പത്തും പന്ത്രണ്ടും മണിക്കൂർ കറണ്ടില്ലാത്ത അവസ്ഥയാണ്. അവിടത്തെ വീടുകളിൽ ഇൻവെർട്ടറുകൾ ഇന്ന് ഒരു അവശ്യ വസ്തുവായി മാറിക്കഴിഞ്ഞിട്ടുണ്ട്. ആ ഘട്ടത്തിലാണ് കേരളം വൈദ്യുതിയുടെ കാര്യത്തിൽ മിച്ച സംസ്ഥാനമായി മാറിക്കൊണ്ടിരിക്കുന്നത്. ഒട്ടനവധി വിഷയങ്ങളിൽ മാറ്റങ്ങൾ

വരുത്താൻ കഴിഞ്ഞിട്ടുണ്ട്. ഇവിടെ ഇലക്ട്രിക് ഉപകരണങ്ങൾ, കേബിളുകൾ അടക്കം വാങ്ങിയതിൽ കൊടിയ അഴിമതികൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടന്നിട്ടുണ്ട്. അതെല്ലാം അന്വേഷണ വിധേയമായി പിടിക്കപ്പെടേണ്ടതും നടപടി സ്വീകരിക്കപ്പെടേണ്ടതുമാണ്. എന്റെ മണ്ഡലവുമായി ബന്ധപ്പെട്ട ചില വിഷയങ്ങൾ സൂചിപ്പിക്കുകയാണ്. നെയ്യാറ്റിൻകരയിലെ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ഇന്ന് ഇരുപതിനായിരത്തിലധികം ഉപഭോക്താക്കളുള്ള ഒരു ഓഫീസായി മാറിയിട്ടുണ്ട്. പേരാമ്പലൂർ കേന്ദ്രീകരിച്ചുകൊണ്ട് നഗരപ്രദേശത്ത് മറ്റൊരു ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ് കൂടി ആരംഭിച്ചുകൊണ്ട് നടപടി സ്വീകരിക്കപ്പെടേണ്ടതായിട്ടുണ്ട്. നെയ്യാറ്റിൻകരയിലെ നിലവിലുള്ള 66 കെ. വി. സബ്സ്റ്റേഷൻ 110 കെ.വി. സബ്സ്റ്റേഷൻ ആക്കുന്നതിനുവേണ്ട നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. നെയ്യാറ്റിൻകര മണ്ഡലത്തിലെ പ്രാന്തപ്രദേശങ്ങളായ ചെങ്കൽ, കാരോട്, കുളത്തൂർ, തിരുപുറം എന്നിവിടങ്ങളിലെ വൈദ്യുതി പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി പുതിയൊരു വൈദ്യുതി സബ്സ്റ്റേഷൻ കൂടി ഉദിയൻകുളങ്ങര കേന്ദ്രീകരിച്ച് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിയാൽ

നന്നായിരിക്കും. ഏറ്റവും വലിയ പ്രശ്നം നേരിടുന്നത് വൈദ്യുതി ലൈനുകളാണ്. നഗര പ്രദേശങ്ങളിൽ അടിയന്തരമായി അണ്ടർ കേബിൾ സിസ്റ്റം കൊണ്ടുവരുന്നത് നന്നായിരിക്കും. അക്കാര്യത്തിൽ കുറെ കൂടി മുന്നേറേണ്ടതായിട്ടുണ്ട്. മുമ്പ് റോഡുകളും ശരിയായ പാതകളും ഇല്ലാതിരുന്ന ഘട്ടത്തിൽ വിവിധ പ്രദേശങ്ങളിൽ കൂടി ലൈനുകൾ വലിച്ചിട്ടുണ്ട്. ആ ലൈനുകൾ വലിച്ച് പതിറ്റാണ്ടുകൾക്കു ശേഷവും ആ ലൈനുകൾ പോകുന്ന പ്രദേശങ്ങളിലൊക്കെ തന്നെ വൈദ്യുതി ലൈൻ സുഗമമായി കൊണ്ടുപോകാൻ കഴിയുന്നതരത്തിലുള്ള പാതകൾ വന്നിട്ടുണ്ട്. പറമ്പുകൾക്കും വീടുകൾക്കും പുതിയ വീട് നിർമ്മാണത്തിനും തടസ്സപ്പെടുത്തി നിൽക്കുന്ന വൈദ്യുതി ലൈനുകൾ റോഡുകളിലും പാതകളിലുമായി ക്രമീകരിച്ചുകൊണ്ട് ആ രംഗത്ത് ജനങ്ങൾക്ക് ഉണ്ടായിരിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കപ്പെടേണ്ടതായിട്ടുണ്ട്. സ്ഥല പരിമിതികൊണ്ട് റോഡ് സൈഡുകളിൽ ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചിട്ടുണ്ട്. പലപ്പോഴും അത് അപകടകരമായ അവസ്ഥകളിലേയ്ക്ക് എത്തിപ്പെടുന്നു. ആ അപകടകരമായ അവസ്ഥയിൽ നിന്ന് ട്രാൻസ്ഫോമറുകളെ കുറെക്കൂടി സുരക്ഷിതമായ പ്രദേശങ്ങളിൽ മാറ്റി സ്ഥാപിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ

ആരംഭിക്കേണ്ടതായിട്ടുണ്ട്. മറ്റ് കാര്യങ്ങളെക്കുറിച്ച് ഇവിടെ വിശദമായി സൂചിപ്പിച്ചു. നമുക്കറിയാമല്ലോ ഇന്ന് ഇവിടെ പ്രതിപക്ഷമില്ല. പ്രതിപക്ഷം പോയിരിക്കുകയാണ്. ആലോചന നടന്നുക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഒരാഴ്ചയായി നിയമസഭയുടെ പ്രവർത്തനങ്ങളെ സ്തംഭിപ്പിക്കാനുള്ള മുദ്രാവാക്യം ഉയർത്തിക്കൊണ്ട് സമരരംഗത്ത് വന്നവരാണ്. കേരളത്തിലെ സ്വകാര്യ മെഡിക്കൽ കോളേജുകൾക്ക് എന്തും നടത്തുന്നതിനുവേണ്ട കെട്ടഴിച്ചുവിട്ട സമീപനം സ്വീകരിച്ച ആളുകളാണ് ഇന്ന് ആ മെഡിക്കൽ കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനവുമായി ബന്ധപ്പെട്ട് നിയമസഭയ്ക്ക് അകത്തും പുറത്തും സമരം നടത്തുന്നത്. ഇന്ന് സമരം എങ്ങനെയെങ്കിലും തീർത്തു കിട്ടിയാൽ മതി. ഇന്ന് എന്റെ കൂടെ സഞ്ചരിച്ചുവന്ന യു.ഡി.എഫ്-ലെ എം.എൽ.എ. എങ്ങനെയെങ്കിലും സമരം തീർത്തു തരാൻ പറയണമെന്ന് പറഞ്ഞു. കാരണം ഇനി കിടക്കേണ്ടത് ഞങ്ങളൊക്കെയാണ്. 5 ദിവസം നിരാഹരം കിടന്നപ്പോൾ അവർ വശംവദരാകുകയാണ്. അവർ ഇവിടെ നടത്തിയ സമരങ്ങളെക്കുറിച്ച് പറഞ്ഞല്ലോ, അവർ എന്ത് സമരം നടത്തിയിട്ടുണ്ട്? കേരളത്തിലെ വിദ്യാർത്ഥി യുവജനപ്രസ്ഥാന സമര ചരിത്രം എടുത്തുനോക്കിയാൽ

അതിന്റെ പത്തിലൊരു ശതമാനം പോലും സമരം നടത്തുവാൻ കേരളത്തിലെ യൂത്ത് കോൺഗ്രസിനോ കെ.എസ്.യു. അടക്കമുള്ള പ്രസ്ഥാനങ്ങൾക്കോ കഴിഞ്ഞിട്ടില്ല. കേരളത്തിലെ വിദ്യാർത്ഥി യുവജന പ്രസ്ഥാന നേതാക്കൾ 14-ഉം 16-ഉം ദിവസം നിരാഹാര വ്രതം അനുഷ്ഠിച്ചിട്ടുണ്ട്. ഒട്ടനവധി സമരമുഖങ്ങളിൽ പോലീസിന്റെ ക്രൂര മർദ്ദനത്തിന് ഇരയായിട്ടുണ്ട്. നാൽപ്പതും അൻപതും അറുപതും ദിവസങ്ങളിൽ ജയിലറയിൽ കിടന്ന് ശിക്ഷ അനുഭവിക്കപ്പെടേണ്ടി വന്നിട്ടുണ്ട്. അവിടെയൊന്നും എത്തപ്പെടാത്ത കെ.എസ്.യു.വും യൂത്ത് കോൺഗ്രസും നടത്തിയ സമരം, കേവലം പരിയാരം മെഡിക്കൽ കോളേജിലെ മുപ്പത് കുട്ടികളുടെ ഫീസുമായി ബന്ധപ്പെട്ട് നടത്തുന്ന സമരം പരിശോധിക്കാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞല്ലോ. ആ പരിശോധനയുടെ അടിസ്ഥാനത്തിൽ ആ സമരം പിൻവലിക്കാൻ വേണ്ടി...... എന്ത് ധാരണയുടെ അടിസ്ഥാനത്തിലാണ് സമരം പിൻവലിക്കാൻ പോകുന്നുവെന്ന് പറയാൻ പോലും കഴിയാത്ത അവസ്ഥയിൽ ഇന്ന് യു.ഡി.എഫ്. മാറിയിരിക്കുന്നു. ഇവിടെ ശ്രീ. പി. സി. ജോർജ് ശ്രീ. കെ. എം. മാണിയെക്കുറിച്ച്

പറഞ്ഞു. ശ്രീ. കെ. എം. മാണിക്കെതിരായി ഒട്ടേറെ കേസുകളുണ്ട്. ആ കേസുകളിൽ നിന്നും തടിയൂരാൻ വേണ്ടി യു.ഡി.എഫ്-ൽ നിന്ന് ഇങ്ങോട്ടിറങ്ങി പുറപ്പെട്ട് നടുഭാഗത്ത് നിന്ന് ശ്രീ. കെ. എം. മാണി, എൽ.ഡി.എഫ്-മായി സഹകരിച്ച പോകാമോയെന്ന് ഒന്ന് തൊട്ട് നോക്കാൻവേണ്ടി.... ശ്രീ. കെ. എം. മാണിയുടെ ആ പൂതി നടക്കില്ലായെന്നും കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ശക്തമായി കേസ് നടപടികളുമായി മുന്നോട്ട് പോകുമ്പോൾ ശ്രീ. കെ. എം. മാണി ഈ നിയമസഭയ്ക്കകത്ത് പ്രതിപക്ഷത്തിനോടൊപ്പം തന്നെ സമരസപ്പെട്ടുകൊണ്ടുള്ള സമീപനം സ്വീകരിക്കുകയാണ്. ഇത്തരത്തിൽ രാഷ്ട്രീയത്തിൽ ശിഖണ്ഡി വേഷം കെട്ടുന്ന ആളുകളെ ഒറ്റപ്പെടുത്തിക്കൊണ്ട് കേരളത്തിലെ സാമാന്യ ജനങ്ങളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ട ഒട്ടനവധി ക്ഷേമ പ്രവർത്തനങ്ങളുമായാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മുന്നോട്ട് പോകുന്നത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ് ... കൺക്ലൂഡ്...പ്ലീസ്...

<u>ശ്രീ. കെ. ആൻസലൻ</u> - ആ മുന്നോട്ട് പോകുന്ന പ്രയാണത്തിൽ,

ഐശ്വര്യപൂർണ്ണവും സമ്പദ്സമൃദ്ധിയുമായ ഈ നാട് അഴിമതിയുടെ കേന്ദ്രമായി മാറ്റിയ എല്ലാ അഴിമതി രാജാക്കന്മാരെയും കൽത്തുറുങ്കിലടയ്ക്കാൻ കഴിയുന്ന രൂപത്തിലുള്ള ശക്തമായ നിലപാട് സ്വീകരിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. കെ. ആൻസലൻ: കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ശ്രീ. ഉമ്മൻ ചാണ്ടി അടക്കമുള്ള 11 മന്ത്രിമാർക്കെതിരായി 136 കേസുകൾ യു.ഡി.എഫ്-ഗവൺമെന്റാണ് എടുത്തിട്ടുള്ളത്. ആ കേസുകളുടെ നിജസ്ഥിതി അന്വേഷിച്ചുകൊണ്ടുള്ള നടപടിക്രമങ്ങൾ നടക്കുമ്പോൾ കേരളത്തിൽ യു.ഡി.എഫ്. എന്ന പ്രസ്ഥാനം അവശേഷിക്കാൻ പോകുകയാണ്. അത് കേരളത്തിൽ പ്രായോഗികമല്ല എന്ന രൂപത്തിൽ മാറിക്കൊണ്ടിരിക്കുകയാണ്. ഇന്നിപ്പോൾ കോൺഗ്രസ് കഴിഞ്ഞാൽ ലീഗും ജേക്കബ് കോൺഗ്രസും ചേർന്ന രണ്ട് കക്ഷികൾ മാത്രമായി കേരളത്തിലെ യു.ഡി.എഫ്. അവശേഷിക്കുമ്പോൾ ആ മൂന്ന കക്ഷികളും മൂന്ന ഭാഗമായി മാറാൻ കഴിയുന്ന ഒരു രാഷ്ട്രീയ സാഹചര്യം കേരളത്തിന്റെ മണ്ണിൽ ഈ നിയമസഭാ സമ്മേളനവുമായി ബന്ധപ്പെട്ടുകൊണ്ട് നടക്കാൻ പോകുന്ന രാഷ്ട്രീയ

സാഹചര്യത്തിലേയ്ക്ക് കൂപ്പുകുത്തുന്ന യു.ഡി.എഫ്-ന്റെ അവസരവാദ നയത്തിനെതിരായിട്ടുള്ള ശക്തമായ മുന്നേറ്റം കേരള ജനത നടത്താൻ പോകുകയാണ്. അതാണ് കഴിഞ്ഞ ഒരാഴ്ചക്കാലമായി പ്രഖ്യാപിച്ച സമരത്തിന് പത്ത് ആളുകളെയെങ്കിലും കൂട്ടി ഈ സമരത്തിന്റെ വസ്തുത പറഞ്ഞ് മനസ്സിലാക്കുന്നതിന് യു.ഡി.എഫ്-നോ കോൺഗ്രസിനോ കഴിയാത്തത്. ആ രൂപത്തിൽ ഈ ധനാഭ്യർത്ഥനകളെ ഏറെ സന്തോഷത്തോടുകൂടി പിന്താങ്ങി ക്കൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു. നന്ദി.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നദികളുടെ കാര്യത്തിലെന്നപോലെ തുറമുഖങ്ങളുടെ കാര്യത്തിലും സമ്പന്നമാണ് കേരളം. 17 ചെറുകിട തുറമുഖങ്ങൾ കേരളത്തിലുണ്ട്. കേരളത്തിലെ വലിയൊരു വിഭാഗം ജനങ്ങൾ തുറമുഖങ്ങളെ ആശ്രയിച്ചാണ് ജീവിക്കുന്നത്. വിവിധ വിഭാഗങ്ങളിൽപ്പെട്ട അഭ്യസ്തവിദ്യരും അല്ലാത്തവരുമായ നിരവധി ആളുകൾ ഇവിടെ പണിയെടുക്കുന്നുണ്ട്. കേരളത്തിന്റെ പെരുമയും സുഗന്ധവും രുചിയും കടൽ കടന്ന് തുറമുഖങ്ങളിലൂടെയാണ് കേരളത്തിലെ മിക്കവാറും വലിയ പട്ടണങ്ങളിലും എത്തിയത്. പണ്ടുകാലം മുതൽതന്നെ വാണിജ്യാവശ്യത്തിന് കേരളം ആശ്രയിച്ചത്

തുറമുഖങ്ങളെയാണ്. ചുരുക്കത്തിൽ, കേരളത്തിന്റെ സമ്പദ്ഘടന രൂപപ്പെടുന്നതിനും ഇവിടുത്തെ വ്യവസായങ്ങളേയും വാണിജ്യങ്ങളേയും പ്രോത്സാഹിപ്പിക്കുന്നതിനും തുറമുഖങ്ങൾ സുപ്രധാനമായ പങ്ക് നിർവ്വഹിച്ചിട്ടുണ്ട്. സാമൂഹ്യ-സാമ്പത്തിക ഘടനയിൽ സുപ്രധാനമായ തുറമുഖങ്ങളുടെ വികസനത്തിനും അഭിവൃദ്ധിക്കുംവേണ്ടി പദ്ധതികൾ രൂപപ്പെടുത്തണം എന്നുപറയുമ്പോൾതന്നെ കഴിഞ്ഞ അഞ്ചുവർഷക്കാലം ഈ മേഖലയിൽ കേരള സർക്കാർ എന്താണ് ചെയ്തതെന്ന് പരിശോധിക്കേണ്ടിവരും. കഴിഞ്ഞ അഞ്ചുവർഷക്കാലം തുറമുഖത്തെക്കുറിച്ച് കേരളം ചർച്ച ചെയ്തത് വിഴിഞ്ഞത്തെക്കുറിച്ച് മാത്രമാണ്. ഇന്ന് വിഴിഞ്ഞം കരാർ പ്രാബല്യത്തിൽ വന്നിരിക്കുകയാണ്. അതിനെക്കുറിച്ച് പരാമർശിക്കാതെ പോകാനും കഴിയില്ല. ഏറ്റവും വിചിത്രമായ നിബന്ധനകളുടെ ഒരു പെരുമഴയാണ് വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് അദാനി ഗ്രൂപ്പുമായി ഒപ്പുവച്ച കരാർ. കേരളത്തിന്റെ ഡ്രീം പ്രോജക്ട് എന്ന് അവതരിപ്പിച്ച വിഴിഞ്ഞം പദ്ധതിക്ക് മൊത്തം തുക വേണ്ടിവരുന്നത് 7525 കോടി രൂപയെന്നാണ് കണക്കാക്കിയത്. ഇതിൽ 5071 കോടി രൂപ അതായത് 67.4 ശതമാനം മുതൽമുടക്കുന്നത് കേരള സർക്കാരാണ്. ബാക്കി 22.6 ശതമാനം അതായത് 2454 കോടി രൂപ മുതൽമുടക്കുന്നത് അദാനിഗ്രൂപ്പാണ്. പദ്ധതിക്കായി സർക്കാർ ഏറ്റെടുത്തു നൽകുന്ന ഭൂമിയുടെ 30 ശതമാനം അദാനിക്ക് മറ്റാവശ്യങ്ങൾക്ക്

വിനിയോഗിക്കാം. നിലവിൽ 204 ഏക്കർ ഭൂമി ഏറ്റെടുത്ത് നൽകിയിട്ടുണ്ടെന്നറിയുന്നു. പദ്ധതി പൂർത്തീകരിക്കേണ്ടത് 2019-ലാണ്. പിന്നീട് 2039 വരെ ഇരുപത് വർഷക്കാലം പൂർണ്ണമായ ലാഭം അദാനിഗ്രൂപ്പിനാണ്. 20 വർഷത്തിനുശേഷം, 2059 വരെ ലാഭത്തിന്റെ ഒരുശതമാനം മാത്രം സർക്കാരിന് ലഭിക്കും. 40 വർഷം കഴിഞ്ഞാൽ കരാർ വീണ്ടും പുതുക്കണമെന്നാണ് പറയുന്നത്. ഇത് എന്ത് വിചിത്രമായ കരാറാണ്. പദ്ധതിയുടെ 67 ശതമാനം തുക മുതൽമുടക്കുന്ന സർക്കാരിന് 20 വർഷത്തിനുശേഷം ലാഭത്തിന്റെ ഒരുശതമാനം കിട്ടുന്നു. കരാർ ഒപ്പിട്ടുകഴിഞ്ഞു. ഇപ്പോഴത്തെ സ്ഥിതി അദാനി ഗ്രൂപ്പ് മുടക്കേണ്ട 2454 കോടി രൂപയിൽ 900 കോടി രൂപ വയബിലിറ്റി ഗ്യാപ്പ് ഫണ്ട് എന്ന പേരിൽ കേന്ദ്രസർക്കാർ നൽകുന്നു. ബാക്കി 1684 കോടി രൂപയാണ് അദാനിഗ്രൂപ്പ് മുടക്കേണ്ടത്. എന്നാൽ നാളിതുവരെ ഒരു ചില്ലിക്കാശും മുടക്കിയിട്ടില്ല. കേരളം നൽകിയ 100 കോടി രൂപയുടെ പണികൾ മാത്രമാണ് നടക്കുന്നത്. ഇതുതന്നെ കടലിൽ കല്ലിടുന്നതിനാണ് വിനിയോഗിക്കുന്നത്. ഈ കരാറിൽ തന്നെ 300 കോടി രൂപയുടെ അഴിമതി ആരോപണം അന്നത്തെ ഭരണകക്ഷിക്കെതിരെ ഉയർന്നിരുന്നു. ഇപ്പോൾ കടലിൽ കല്ലിടുന്ന പണിയിലും അദാനി ഗ്രൂപ്പ് വെട്ടിപ്പ് നടത്തുന്നതായി ആരോപണം ഉയരുന്നു. ഒരു ടൺ കരിങ്കല്ലിന് 1800 രൂപയാണ് എസ്റ്റിമേറ്റ് തുക.

എന്നാൽ 440 രൂപമാത്രമാണ് ക്വാറികൾക്ക് നൽകുന്നത്. 80 ലക്ഷം ടൺ കരിങ്കല്ല് വേണ്ടിവരുമെന്നാണ് കണക്ക്. ഇതിനേക്കാൾ ഏറെ വലിയ ഭീഷണിയാണ് വിഴിഞ്ഞം തുറമുഖവികസനം കേന്ദ്രസർക്കാരിന്റെ നടപടികളുടെ ഭാഗമായി നേരിടേണ്ടിവരുന്നത്. കുളച്ചലിൽ 36000 കോടി രൂപയുടെ പുതിയ തുറമുഖനിർമ്മാണത്തിന് കേന്ദ്രം അനുമതി നൽകിയിരിക്കുന്നു. നിലവിലുള്ള എല്ലാ മാനദണ്ഡങ്ങളും ലംഘിക്കുന്ന ഈ നീക്കം വിഴിഞ്ഞം തുറമുഖവികസനത്തിന് വൻഭീഷണിയാണ് ഉയർത്തുന്നത്. ഒരു തുറമുഖത്തിന്റെ ശേഷി 90 ശതമാനം കൈവരിക്കുകയോ നിർമ്മാണം പൂർത്തിയായി 15 വർഷം കഴിയുകയോ ചെയ്താൽ മാത്രമേ ആ തുറമുഖത്തിന് 100 ചതുരശ്ര കിലോമീറ്റർ ചുറ്റളവിൽ മറ്റൊരു തുറമുഖം അനുവദിക്കാവൂവെന്നാണ് ആസൂത്രണ കമ്മീഷന്റെ നിർദ്ദേശം. എന്നാൽ വിഴിഞ്ഞം തുറമുഖത്തുനിന്നും കേവലം 30 കിലോമീറ്റർ ദൂരം മാത്രമുള്ള കുളച്ചലിൽ തുറമുഖത്തിന് അനുമതി നൽകിയിരിക്കുന്നു. അതും അദാനിക്കുതന്നെ ലഭിച്ചാലും നമ്മൾ അതിശയിക്കേണ്ടതില്ല. ഇന്ന് ഏഷ്യൻ രാജ്യങ്ങളിൽ ഏറ്റവും കൂടുതൽ ചരക്കുനീക്കം നടക്കുന്നത് കൊളംബോ, സിംഗപ്പൂർ തുറമുഖങ്ങളിലാണ്. ഇതിൽ കൊളംബോ തുറമുഖവുമായാണ് വിഴിഞ്ഞത്തിന് മത്സരിക്കേണ്ടിവരുന്നത്. വിഴിഞ്ഞം പദ്ധതി 2019-ലാണ് പൂർത്തീകരിക്കേണ്ടത്. അത് എത്രയുംപെട്ടെന്ന് തീർക്കുന്നതിനുള്ള

നടപടിയുണ്ടാകണം, ഇല്ലെങ്കിൽ 2020-ൽ പണിതീരുന്ന കുളച്ചൽ തുറമുഖവുമായി മത്സരിക്കേണ്ടതായി വരും. അങ്ങനെ വന്നാൽ തുറമുഖത്തിനുവേണ്ടി സർക്കാർ മുടക്കുന്ന തുക കടലിൽ കല്ലിട്ടതുപോലെയാകും എന്നുമാത്രമല്ല, മൂന്നരക്കോടി ജനതയുടെ വികസന സ്വപ്നങ്ങളെ തകർക്കുകയും ചെയ്യും.

മധ്യകേരളത്തിന്റെ വികസന സ്വപ്നങ്ങൾക്ക് ഏറെ പ്രാധാന്യം നൽകുന്നതാണ് കേരളത്തിന്റെ കവാടമായ കൊച്ചി തുറമുഖ വികസനം. കഴിഞ്ഞ അഞ്ച് വർഷക്കാലത്തിൽ വികസനപദ്ധതികളൊന്നുംതന്നെ കൊച്ചിയുടെ തുറമുഖവികസനത്തെ ശക്തിപ്പെടുത്താൻ സഹായിച്ചിട്ടില്ലെന്നതാണ് വാസ്തവം. ഏറെ കൊട്ടിഘോഷിക്കപ്പെട്ട വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ വലിയ പ്രതീക്ഷയാണ് കേരളത്തിന് നൽകിയത്. എന്നാൽ നാളിതുവരെ ടെർമിനൽ ശേഷിയുടെ 35-40 ശതമാനത്തിനപ്പുറം ചരക്കുനീക്കം നടന്നിട്ടില്ല. കഴിഞ്ഞ മൂന്ന് വർഷം വലിയ പ്രയാസമില്ലാതെ പിടിച്ചുനിന്നത് കബോട്ടാഷ് നിയമത്തിൽ ഇളവ് ലഭ്യമായതുകൊണ്ടാണ്. ഇന്ന് ഈ ഇളവ് പ്രാബല്യത്തിലില്ല. പുതിയ ഇളവുകളൊന്നും കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുമില്ല. 2012 സെപ്തംബറിലാണ് അവസാനം കബോട്ടാഷ് നിയമത്തിൽ ഇളവ് അനുവദിച്ചത്. ഇത് മൂന്ന് വർഷത്തേയ്ക്കാണ്. ഇപ്പോൾ നാല് വർഷം കഴിഞ്ഞു. പുതിയ തീരുമാനം വരുന്നതിന്

കേന്ദ്രഗവൺമെന്റിൽ യാതൊരു സമ്മർദ്ദവും കഴിഞ്ഞ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല എന്നത് ഖേദകരമാണ്. തുറമുഖങ്ങളുടെ കാര്യത്തിൽ ഒരു വകുപ്പുമന്ത്രി കഴിഞ്ഞ അഞ്ചുവർഷക്കാലം ഉണ്ടായിരുന്നോയെന്ന് ആരെങ്കിലും സംശയിച്ചാൽ തെറ്റ് പറയാനാകില്ല. തുറമുഖം, ഫിഷറീസ് തുടങ്ങിയ വകുപ്പുകളുടെ കാര്യങ്ങളൊന്നും അവരുടെ ശ്രദ്ധയിൽതന്നെ പെട്ടിരുന്നില്ല. അന്ന് അബ്കാരികളുടെ പിന്നാലെയായിരുന്ന വകുപ്പുമന്ത്രിയെന്ന് പറഞ്ഞാലും തെറ്റാകുമെന്ന് എനിക്ക് തോന്നുന്നില്ല. കൊച്ചി തുറമുഖട്രസ്റ്റ് ഭീമമായ കടബാദ്ധ്യതയിലാണ്. ട്രസ്റ്റിന്റെ പലിശയും പിഴപ്പലിശയും എഴുതിത്തള്ളാൻ കേന്ദ്രഗവൺമെന്റ് തയ്യാറായതുകൊണ്ട് മാത്രമാണ് ഇപ്പോൾ പിടിച്ചുനിൽക്കുന്നത്. ഭീമമായ ഡ്രഡ്ജിംഗ് ചെലവാണ് തുറമുഖ ട്രസ്റ്റിനെ കൂടുതൽ കടബാദ്ധ്യതയിലാക്കുന്നത്. വർഷം 150 കോടി രൂപയെങ്കിലും ഇതിന് ചെലവാക്കുന്നുണ്ട്. എന്നാൽ ഈ ചെലവ് കപ്പൽ ചാലുകൾ ഉപയോഗിക്കുന്ന കോസ്റ്റ്ഗാർഡ്, നേവി എന്നിവർ ഷെയർ ചെയ്യുന്നതിനോ ഇല്ലെങ്കിൽ കേന്ദ്രഗവൺമെന്റ് നൽകുന്നതിനോ തയ്യാറാകുന്നില്ല. അതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്.

പ്രാചീനകാലംമുതൽതന്നെ കേരളപ്പെരുമ ലോകരാജ്യങ്ങളെ അറിയിച്ച മലബാറിലെ ഏറ്റവും പ്രധാന തുറമുഖമായ ബേപ്പൂർ എന്റെ

നിയോജകമണ്ഡലത്തിലാണ്. കോഴിക്കോടിനുമാത്രമല്ല കേന്ദ്രഭരണപ്രദേശമായ ലക്ഷദ്വീപിനും ഈ തുറമുഖത്തിന്റെ വികസനം പ്രധാനമാണ്. കഴിഞ്ഞ അഞ്ച് വർഷം കേരളം ഭരിച്ചവർ ബേപ്പൂർ തുറമുഖവികസനത്തിന് എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് ചോദിച്ചാൽ എല്ലാം കടലാസിലാണെന്ന് പറയേണ്ടിവരും. നാഷണൽ ഹൈവേയ്ക്ക് സമീപമായതും 10 കിലോമീറ്ററിനുള്ളിൽ റെയിൽവേ സ്റ്റേഷൻ, 30 കിലോമീറ്ററിനുള്ളിൽ എയർപോർട്ട് എന്നിവയുള്ളതുമായ ബേപ്പൂർ തുറമുഖത്തിന്റെ വികസനസാധ്യതകൾ അനന്തമാണ്. എന്നാൽ ഈ തുറമുഖം ഇന്ന് അസൗകര്യങ്ങളാൽ ഞെരുങ്ങുകയാണ്. സ്ഥലപരിമിതി ഈ തുറമുഖത്തിന്റെ വികസനത്തിന് വലിയ തടസ്സമാണ്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഒരു പ്രദേശമാണ് ബേപ്പൂർ. ഇവിടെ പോർട്ടിന്റെ വികസനത്തിന് സ്ഥലമെടുക്കുന്നതിനുവേണ്ടി തീരുമാനിച്ചുവെങ്കിലും ഇതുമൂലം ഗതാഗതത്തിന്റെയോ ഉൾനാടൻ ഗതാഗതത്തിന്റെയോ വികസനത്തിന് എന്തെങ്കിലും പദ്ധതികൾ ഉണ്ടായതായി അറിവില്ല. കേരളത്തിലെ 20 ശതമാനം ചരക്കുനീക്കം ജലഗതാഗതത്തിലൂടെയാക്കാൻ വിഭാവനം ചെയ്താൽ അത് നമ്മുടെ ജലഗതാഗതമേഖലയെ ശക്തിപ്പെടുത്തും. പോർട്ടുകളുടെ വികസനത്തിന് 15 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അഴീക്കൽ പോർട്ടിന്റെ വികസനം

സാധ്യമാകുന്നതിന് 500 കോടി രൂപയും ആലപ്പുഴ പോർട്ടിനെ മരീന പോർട്ടാക്കി മാറ്റുന്നതിന് 50 കോടി രൂപയും വകയിരുത്തിയതിനെ സ്വാഗതം ചെയ്യുകയാണ്. കേരളത്തിലെ തുറമുഖങ്ങൾക്ക് നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനുള്ള ഉത്തേജകമായി ഈ ബഡ്ജറ്റ് മാറുമെന്ന് ഞാൻ കരുതുന്നു. ബേപ്പൂർ കോവിലകത്തിന്റെ ഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചുവെങ്കിലും കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ ഈ തീരുമാനം ഫയലുകളിൽ  ഉറങ്ങി. പുതിയ സർക്കാർ അധികാരത്തിൽവന്നശേഷം കടലാസുകൾ അനങ്ങിത്തുടങ്ങിയിട്ടുണ്ടെന്നുള്ളത് ആശ്വാസകരമാണ്. എങ്കിലും പോർട്ടിന്റെ ഭൂമി ഏറ്റവും വേഗം ഏറ്റെടുത്ത് അതിനാവശ്യമായ തുകയും വകയിരുത്തണം.  വർഷത്തിൽ എല്ലാ സീസണിലും ആവശ്യമായ ജലവിതാനം ഈ പോർട്ടിന്റെ പ്രത്യേകതയാണ്. ഇത് വികസിപ്പിക്കണം. അതിന് പലവിധ പ്രവർത്തനം നടത്തുന്നതോടൊപ്പം സിൽക്കിന്റെ അധീനതയിലുള്ള ഭൂമി തിരിടച്ചെടുക്കണം, അവർക്കാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുത്ത് ആ ഭൂമി ഏറ്റെടുക്കാനുള്ള നടപടി കൂടി സ്വീകരിക്കേണ്ടതായിട്ടുണ്ട്.

കേരളത്തിലെ ഇലക്ട്രിസിറ്റിയെപ്പറ്റി പറയുകയാണെങ്കിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കാനുള്ള അവകാശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുത്തിരിക്കുകയാണ്. എന്നാൽ സാങ്കേതികമായ യാതൊരു സംവിധാനവും

അവർക്കില്ല. അതിനാവശ്യമായ ടെക്നിക്കൽ സ്റ്റാഫോ എഞ്ചിനീയർമാരോ മറ്റൊരു സംവിധാനവുമില്ലാത്ത അവസ്ഥയിലാണ് ആ അവകാശം നൽകിയിരിക്കുന്നത്. ഒരു വല്ലാത്ത ദുരവസ്ഥയാണ് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഭരണാധികാരികൾ ഇക്കാര്യത്തിൽ കാണിക്കുന്നത്. തെരുവുവിളക്കുകൾ കത്തിക്കുന്നതിനും ആവശ്യമായ മറ്റ് നടപടികൾ സ്വീകരിക്കുന്നതിനും പുതിയതായി എന്തെങ്കിലും നടപടികൾ ആവിഷ്കരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായം ചെയ്തുകൊടുക്കണം. ഒന്നുകിൽ ഇത് ഇലക്ട്രിസിറ്റി ബോർഡ് നേരിട്ട് നടത്തുകയോ അല്ലെങ്കിൽ അവർക്കാവശ്യമായ സാങ്കേതിക വിദഗ്ദ്ധരെ നിയമിക്കുകയോ ചെയ്യണമെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി പിൻതാങ്ങിക്കൊണ്ട് നിർത്തുന്നു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, നിയമസഭയിൽ അവതരിപ്പിച്ച ധനാഭ്യർത്ഥനയെ ഞാൻ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു, അനുകൂലിക്കുന്നു.

പ്രകാശം പരക്കുന്ന ഭവനങ്ങളായി ഈ സംസ്ഥാനത്തെ മുഴുവൻ ഭവനങ്ങളെയും പരിവർത്തനം ചെയ്യുന്നതിനുള്ള അതിവേഗപ്രവർത്തനങ്ങളാണ് ആദരണീയനായ വൈദ്യുതി വകുപ്പുമന്ത്രി ഏറ്റെടുത്തിരിക്കുന്നത്. 2017 മാർച്ച് മാസത്തോടെ രാജ്യത്തെ

ആദ്യത്തെ സമ്പൂർണ്ണ വൈദ്യുതി ലഭ്യ സംസ്ഥാനമായി കേരളം മാറുകയാണ്. എല്ലാം ശരിയാകും എന്ന് പറഞ്ഞത് വെറും വാക്കാണെന്ന് പ്രചരിപ്പിച്ചവർ തലയിൽ മുണ്ടിട്ട് നടക്കേണ്ട ഗതികേടിലാണ്. 'വെളിച്ചം ദുഃഖമാണുണ്ണീ, തമസ്സല്ലോ സുഖപ്രദം' എന്നായിരുന്നു അഞ്ചുവർഷം ഭരിച്ച വലതുപക്ഷ മുന്നണിയുടെ മുദ്രാവാക്യം എന്നത് എൽ.കെ.ജി. കുട്ടികൾക്കുപോലും അറിയാം. നോട്ടെണ്ണൽ യന്ത്രം സ്വന്തമായുള്ള മന്ത്രിമാരായിരുന്നു അന്ന് സൂപ്പർ സ്റ്റാറുകൾ. ഈ താരപദവിക്ക് അർഹരായവർ വൈദ്യുതി വകുപ്പിൽ ഉണ്ടായിരുന്നോ എന്നറിയില്ല. അവർക്കും ഇരുട്ടായിരുന്നു സുഖപ്രദം. മാന്വലായും നോട്ടെണ്ണിയ നിദ്രാവിഹീനങ്ങളായ എത്രയെത്ര രാവുകൾ അവർ നീക്കിവച്ചിട്ടുണ്ടാകും. അതൊരു കാലം ആയിരുന്നു. ഒന്നിനും തെളിവില്ലാത്ത കാലം. ആ ഇരുണ്ട യുഗത്തെക്കുറിച്ചുള്ള നിരവധി വിവരങ്ങൾ പുറത്തുനിന്നും കേട്ടിട്ടുണ്ട്. മേയ് മാസം 31-ാം തീയതിയിലെ പത്രവാർത്ത അതിന് വലിയ തെളിവാണ്. 'വൈദ്യുതി ബോർഡ് 5700 കോടി രൂപ കടത്തിലാണ് ' എന്നാണ് അതിന്റെ തലക്കെട്ട്. 2011-ൽ 1066 കോടി രൂപയായിരുന്ന കടമാണ്

ബഹുമാന്യനായ ആര്യാടൻ മുഹമ്മദും കൂട്ടരും കഷ്ടപ്പെട്ട് 5700 കോടി രൂപയാക്കി മാറ്റിയത്. കേരളത്തിന്റെ വൈദ്യുതി ആവശ്യകത 700 മെഗാവാട്ട് ആണ്. 6 ശതമാനം വച്ച് ഓരോ വർഷവും അത് വർദ്ധിക്കുകയും ചെയ്യുമെന്നാണ് പൊതുവെയുള്ള കണക്ക്. 900-1000 മെഗാവാട്ട് വൈദ്യുതി പുതുതായി ഉൽപ്പാദിപ്പിച്ചുകൊണ്ട് മാത്രമേ ഈ അവസ്ഥയിൽ പിടിച്ചുനിൽക്കുവാൻ കഴിയുമായിരുന്നുള്ളൂ. എന്നാൽ കഴിഞ്ഞ സർക്കാർ 5 വർഷത്തിനുള്ളിൽ പുതുതായി ഉണ്ടാക്കിയത് കേവലം 36 മെഗാവാട്ട് വൈദ്യുതി മാത്രമായിരുന്നു. കേരളത്തിന് പുറത്തുള്ള സ്വകാര്യ ഉൽപ്പാദകരിൽ നിന്നും ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങിയാണ് ഈ സർക്കാർ കമ്മി നികത്തിയത്. 2012-13-ൽ 7199 കോടി രൂപ ഇക്കാര്യത്തിനായി ചെലവഴിച്ചു. അതിനുപുറമെ 2012 മുതലുള്ള മൂന്നുവർഷം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ച് 3000 കോടി രൂപയുടെ അധികഭാരം ഉപഭോക്താവിന്റെ തലയിൽ കെട്ടിവച്ച ഗവൺമെന്റാണ് യു.ഡി.എഫ് ഗവൺമെന്റ്. 2016 മാർച്ച് മാസത്തെ ശരാശരി ഉപഭോഗം 72.71 ദശലക്ഷം യൂണിറ്റായിരുന്നു.

ആഭ്യന്തര ഉൽപ്പാദനം 20.21 ദശലക്ഷം യൂണിറ്റ് മാത്രം. അത് 27.81 ശതമാനമാണ്. ഇറക്കുമതി ചെയ്തത് 52.5 ദശലക്ഷം യൂണിറ്റാണ്. അത് 72.97 ശതമാനമാണ്. ഈ ക്രമത്തിൽ 7,000 കോടി രൂപയാണ് ഓരോ വർഷവും ഇറക്കുമതിക്കുവേണ്ടി യു.ഡി.എഫ്. ചെലവഴിച്ചത്. സ്വകാര്യ കുത്തകകൾക്ക് സർക്കാർ പണം ദാനം ചെയ്ത സംഭവങ്ങളും അക്കാലത്ത് അരങ്ങേറി. റിലയൻസിൽ നിന്നും വൈദ്യുതി വാങ്ങാൻ 228 കോടി രൂപ നൽകി കരാറിലേർപ്പെട്ടിരുന്നു. കരാർ പ്രകാരം ഒരൊറ്റ യൂണിറ്റ് വൈദ്യുതി വാങ്ങാതിരുന്നിട്ടുപോലും 2015 ഒക്ടോബറിൽ അവസാനിച്ച കരാർ പുതുക്കി 87.83 കോടിരൂപയ്ക്കാണ് കഴിഞ്ഞ ഫെബ്രുവരിയിൽ കൊച്ചിയിലെ BSES താപവൈദ്യുത നിലയത്തിന് നൽകിയത്. 'കാട്ടിലെ മരം, തേവരുടെ ആന, വലിയെടാ വലി' അതാണ് യു.ഡി.എഫ്. ഭരണകാലത്ത് നടന്നുകൊണ്ടിരുന്നത്. എൽ.ഡി.എഫ്. സർക്കാർ വന്ന് മൂന്നരമാസം കൊണ്ട് എത്ര പെട്ടെന്നാണ് മാറ്റം ദൃശ്യമായത്. 100 സൂര്യൻമാർ ഉദിച്ചുയരുന്നതുപോലെയാണ് പ്രകാശം പരത്തുന്നത്. സമ്പൂർണ്ണ വൈദ്യുതീകരണം ലക്ഷ്യമാക്കി അതിദ്രുതം മുന്നോട്ടുപോകുകയാണ് ഈ

സർക്കാർ. മിതമായ നിരക്കിൽ എല്ലാവർക്കും വൈദ്യുതി ലഭ്യമാക്കാനുള്ള പദ്ധതികളും തയ്യാറായിക്കഴിഞ്ഞു. ഊർജ്ജ ഇറക്കുമതി ഘട്ടത്തിൽ വിതരണ ശേഷി കൂട്ടാൻ പവർ ഗ്രിഡ് കോർപ്പറേഷന്റെ സഹായത്തോടുകൂടി ഹൈ വോൾട്ടേജ് ഡയറക്ട് കറണ്ട് പ്രോജക്ട് വരുന്നു. 400 കെ.വി. ഇടമൺ-കൊച്ചി ട്രാൻസ്മിഷൻ ലൈൻ ഉടൻ പൂർത്തിയാകും. കാസർഗോഡ് 200 മെഗാവാട്ട് സോളാർ പ്ലാന്റ് പ്രവർത്തനക്ഷമമാകുകയാണ്. അനേകം പുതിയ പാതകളാണ് ഇങ്ങനെ തുറക്കപ്പെടുന്നത്. 'ഊർജ്ജമാണ് അഖിലസാരമൂഴിൽ' എന്ന് പറഞ്ഞാൽ ഒട്ടും അതിശയോക്തിയാവില്ല. മനുഷ്യപുരോഗതിയിൽ ആദ്യത്തെ ഊർജ്ജം തീ ആയിരുന്നു. ദേവലോകത്തുനിന്നും അഗ്നി കവർന്നെടുത്ത് മനുഷ്യർക്ക് നൽകിയ പ്രൊമിത്യൂസ് എന്ന ദേവന്റെ ദുരന്ത കഥ യവന പുരാണത്തിലുണ്ട്. കടലോരത്ത് പാറയിൽ ബന്ധിതനായ പ്രൊമിത്യൂസിന്റെ കരൾ പകൽ മുഴുവൻ കഴുകന്മാർ കൊത്തിപ്പറിക്കും. രാത്രി നേരം കരൾ പിന്നെയും വളരും. വൈദ്യുതി മേഖലയിൽ ഇന്ന് അനുഭവിക്കുന്ന പല നേട്ടങ്ങളും വേദനയുടെ കടൽ നീന്തിക്കടന്ന്

എൽ.ഡി.എഫ്. സർക്കാരുകൾ നേടിത്തന്നതാണെന്ന് ഓർമ്മിപ്പിക്കട്ടെ. ആധുനിക ലോകത്തിന്റെ ഊർജ്ജരൂപം വൈദ്യുതിയാണ്. 2016-17 കാലയളവിൽ സംസ്ഥാനത്തിന്റെ ഊർജ്ജ ഉപഭോഗം 23,814 ദശലക്ഷം യൂണിറ്റായിരിക്കുമെന്ന് റഗുലേറ്ററി കമ്മീഷൻ കണക്കാക്കിയിട്ടുണ്ട്. 2017-18-ൽ അത് 25,005 ദശലക്ഷം യൂണിറ്റായിരിക്കും. ഇതിൽ 70 ശതമാനം ഇറക്കുമതി ചെയ്യുന്ന ഇന്നത്തെ അവസ്ഥയെ തിരുത്തിക്കുറിക്കുന്ന നടപടികളാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്നത് ഏറ്റവും ആശ്വാസകരമായ നടപടിയാണ്. സുസ്ഥിരമായ, സസ്റ്റയിനബിളായ ഊർജ്ജ സ്രോതസ് എന്നുപറയുന്നത് സൂര്യനാണ്. ഉറവ വറ്റാത്ത ആ ഊർജ്ജ സ്രോതസ്സിനെയാണ് ഇനി സുരക്ഷിതമായ വൈദ്യുതി ഉൽപ്പാദനത്തിന് സ്വീകരിക്കാൻ കഴിയുക. കാസർഗോഡുള്ള 200 മെഗാവാട്ട് സൗരോർജ്ജ പദ്ധതി നല്ലൊരു തുടക്കമാണ്. വരുന്ന അഞ്ചുവർഷത്തിനുള്ളിൽ 500 മെഗാവാട്ട് സൗരോർജ്ജ പദ്ധതി ഉൽപ്പാദിപ്പിക്കുമെന്ന മന്ത്രിയുടെ പ്രസ്താവന പ്രത്യാശയുടെ പുതിയ വാതായനങ്ങളാണ് തുറക്കുന്നത്. ബാണാസുരസാഗറിൽ 400 കിലോവാട്ട് ഡാം ടോപ്പ് സൗരോർജ്ജ നിലയം ഈ ആഗസ്റ്റ് വാരത്തിൽ തന്നെ

കമ്മീഷൻ ചെയ്തിരുന്നു. മേൽക്കൂരയിൽ സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതി സർക്കാർ ഓഫീസുകളിൽ നടപ്പാക്കാൻ പോകുകയാണ് എന്നുള്ളതും വളരെ സന്തോഷം നൽകുന്ന വസ്തുതയാണ്. യു.എസ്.എ.-യിലെ കാലിഫോർണിയയിലാണ് വളരെ വലിയ സൗരോർജ്ജ പദ്ധതിയുള്ളത്. 10 ലക്ഷം വീടുകൾ അതിന്റെ ഭാഗമാണ്. അതിന്റെ ഘടനയിൽ കേരളത്തിലും സൗരോർജ്ജ പദ്ധതിക്ക് വലിയ സാദ്ധ്യതകളുണ്ട്. കേരളത്തിലെ 70 ലക്ഷം വീടുകളിൽ 50 ലക്ഷം വീടുകളും സോളാർ പാനൽ സ്ഥാപിക്കാൻ കഴിയുന്ന സ്ഥിതിയിലുള്ളതാണ്. സോളാർ എന്ന് കേൾക്കുമ്പോൾ രോമാഞ്ചം കൊള്ളുന്ന ചിലരൊക്കെ ഉണ്ടെന്നത് ഒഴിച്ചാൽ കഴിഞ്ഞ സർക്കാർ കേരള ജനതയ്ക്ക് അതൊരു പേടി സ്വപ്നമാക്കി എന്നത് യാഥാർത്ഥ്യമാണ്. എന്നാൽ കേരളത്തിന്റെ വൈദ്യുതി പ്രതിസന്ധിക്ക് സുരക്ഷിതമായ പരിഹാരമാർഗ്ഗം സോളാർ എനർജിയാണ്. ഇപ്പോഴത്തെ പ്രധാന പ്രതിബന്ധം അതിന്റെ ഉയർന്ന പ്രാരംഭ ചെലവാണ്. അനെർട്ടിന്റെ സബ്സിഡി ലഭിച്ചാലും 1.5 കിലോവാട്ട് പാനലിന് ഒരുലക്ഷം രൂപയ്ക്കടുത്ത്

ചെലവഴിക്കേണ്ടിവരുന്ന സ്ഥിതിയാണുള്ളത്. സാമൂഹികമായി പിന്നോക്കം നിൽക്കുന്നവർക്ക് സൗജന്യമായും അല്ലാത്തവർക്ക് 75 ശതമാനം സബ്സിഡിയോടും ഗുണനിലവാരമുള്ള സോളാർ പാനൽ ലഭ്യമാക്കാനുള്ള പദ്ധതിക്കാണ് രൂപം നൽകേണ്ടത്. അങ്ങനെ വന്നാൽ മൂന്നുനാല് വർഷംകൊണ്ടുതന്നെ കേരളം വൈദ്യുതി സ്വയംപര്യാപ്ത സംസ്ഥാനമായി മാറുമെന്ന കാര്യത്തിൽ സംശയമില്ല. ഈ വർഷത്തെ പരിപാടികൾ അതിനുള്ള നാന്ദിയാകട്ടെ എന്നാണ് എന്റെ ആഗ്രഹം. ഇവിടെ അവതരിപ്പിക്കപ്പെട്ട വൈദ്യുതിയും തുറമുഖവും സംബന്ധിച്ച ധനാഭ്യർത്ഥനകളിൽ തുറമുഖത്തെ സംബന്ധിച്ച കാര്യങ്ങൾ എഴുതി സമർപ്പിക്കുന്നുവെന്നുകൂടി അറിയിക്കുകയാണ്. കേരളത്തിന്റെ പടിഞ്ഞാറെ അതിർത്തിയിൽ 580 കിലോമീറ്റർ നീളത്തിൽ സമുദ്രതീരമുണ്ടായിട്ടും ആ തീരത്തെമ്പാടും വലുതും ചെറുതുമായ അനവധി പട്ടണങ്ങൾ ഉണ്ടായിട്ടും കേരളത്തിന്റെ അപാരമായ വികസനത്തിന് ചാലക ശക്തിയായി മാറുന്ന ഒരു തുറമുഖ ശൃംഖല കരുപ്പിടിപ്പിച്ചെടുക്കാൻ നമുക്ക് കഴിഞ്ഞില്ലല്ലോ എന്നതിൽ വേദനിക്കുന്ന ഒരാളാണ് ഞാൻ. പുതിയ സർക്കാർ പുതിയ സ്വപ്നങ്ങൾ നിറം ചാലിച്ചെഴുതുകയാണ്. 2020-ഓടുകൂടി ചരക്ക് ഗതാഗതത്തിന്റെ ഗണ്യമായ പങ്ക് കപ്പൽ ഗതാഗതമാക്കിമാറ്റുമെന്ന വികസന പരിപാടികൾക്കാണ്

തുടക്കം കുറിക്കുന്നത്. വിഴിഞ്ഞം, അഴീക്കൽ, പൊന്നാനി, തങ്കശ്ശേരി എന്നീ തുറമുഖങ്ങളുടെ വികസനം പൂർത്തിയാക്കുമെന്ന ഉറപ്പാണ് കിട്ടുന്നത്. അഴീക്കൽ, ബേപ്പൂർ, തങ്കശ്ശേരി എന്നീ തുറമുഖങ്ങളുമായി ബന്ധപ്പെടുത്തി ആഴ്ചതോറുമുള്ള ചരക്ക് ഗതാഗതം ആരംഭിക്കാനുള്ള പദ്ധതിയും തയ്യാറാക്കുന്നതായി അറിയുന്നു. കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ ആഴം 6 മീറ്റർ വർദ്ധിപ്പിക്കാനും 10 ഏക്കർ സ്ഥലം നികത്തി അനുബന്ധ സൗകര്യങ്ങൾ ഒരുക്കാനുള്ള പദ്ധതികൾ ഞങ്ങളുടെ സ്വപ്നസാക്ഷാത്കാരമാകുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. കൊല്ലം - കോട്ടപ്പുറം ദേശീയ ജലപാതയും ഞങ്ങളുടെ സ്വപ്നമാണ്. 'കൊച്ചി കണ്ടവന് അച്ചി വേണ്ട' എന്നത് സർഗ്ഗാത്മകമായ ഒരു പറച്ചിലാണ്. കൊച്ചി എന്നാൽ ഉന്നതവും കായികവുമായ ജീവിതാനുഭവങ്ങളുടെ വേദിയാണെന്നാണ് അതിനർത്ഥം. മുസിരിസ് എന്നേയ്ക്കുമായി ഇല്ലാതായപ്പോൾ കടലമ്മ കനിഞ്ഞുതന്ന സ്വാഭാവിക തുറമുഖമാണ് കൊച്ചി. കേരളം തുടങ്ങുന്നതും അവസാനിക്കുന്നതും അവിടെയാണ്. കൊച്ചിയെ കേരളത്തിന്റെ കവാടമാക്കിയ തുറമുഖവും കപ്പൽശാലയുമാണ്.

<u>മി. സ്പീക്കർ:</u> യെസ്... പ്ലീസ്..... അങ്ങയുടെ സമയം കഴിഞ്ഞിരിക്കുകയാണ്.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u> ഒരു മിനിട്ടിൽ അവസാനിപ്പിക്കാം. എന്നാൽ ഈ കപ്പൽ നിർമ്മാണ ശാലയ്ക്ക് ക്രൂരമായ അവഗണനയാണ് നേരിടുന്നത്.

അതുകൊണ്ട് ഇത്തരം സ്ഥാപനങ്ങളൊക്കെ സംരക്ഷിക്കാനുള്ള പദ്ധതികൾക്കും സർക്കാരിന്റെ അടിയന്തര ശ്രദ്ധ നൽകണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഇവിടെ അവതരിപ്പിക്കപ്പെട്ട ധനാഭ്യർത്ഥനകളെ ഞാൻ വീണ്ടും ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. എ. എം. ആരിഫ്: സർ, ഇവിടെ അവതരിപ്പിച്ച ഊർജ്ജം, പോർട്ടുകൾ എന്നീ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്നു. ഇന്ന് പ്രതിപക്ഷത്ത് വടവൃക്ഷംപോലെ വളർന്ന ഒരുപാട് നേതാക്കളെയും പ്രതിപക്ഷ നേതാവിനെത്തന്നെയും വളർത്തിയെടുക്കുന്നതിന് വെള്ളവും വളവും ഊർജ്ജവുമെല്ലാമായി പ്രവർത്തിച്ച ലീഡർ കെ. കരുണാകരൻ ബഹുമാന്യനായ പിണറായി വിജയനെ ഏറ്റവും മികച്ച മന്ത്രിയെന്നായിരുന്നു ഒരുഘട്ടത്തിൽ വിശേഷിപ്പിച്ചത്. അങ്ങനെ അദ്ദേഹം ഏറ്റവും മികച്ച മന്ത്രിയായി ശ്രീ. പിണറായി വിജയനെ വിശേഷിപ്പിച്ച കാലയളവിന്റെ സാഹചര്യം ഞാൻ പറയാം. ശ്രീ. പിണറായി വിജയൻ 1996-ലെ ഇ. കെ. നായനാർ മന്ത്രിസഭയിൽ വൈദ്യുതിയും സഹകരണവും വകുപ്പുമന്ത്രിയായിരിക്കുമ്പോൾ 1998 ഒക്ടോബറിലാണ് പാർട്ടി സംസ്ഥാന സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടത്. പാർട്ടി സംസ്ഥാന സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു കഴിഞ്ഞപ്പോൾ ലീഡർ കെ. കരുണാകരൻ

അന്നത്തെ ഗവൺമെന്റിനെ ആക്ഷേപിക്കുന്നതിനായി ആ മന്ത്രിസഭയിൽ കൊള്ളാവുന്ന ഒരു മന്ത്രിയെ ഉണ്ടായിരുന്നുള്ളൂ അയാളെ പിടിച്ച് പാർട്ടി സെക്രട്ടറിയാക്കി എന്നാണ് പറഞ്ഞത്. ആ ഗവൺമെന്റിനെ ആക്ഷേപിക്കാൻ വേണ്ടിയാണ് പറഞ്ഞതെങ്കിൽപ്പോലും സഖാവ് പിണറായി വിജയൻ കൊള്ളാവുന്ന ഒരു മന്ത്രിയായിരുന്നുവെന്ന നിലയിൽ കെ. കരുണാകരൻ അന്ന് പ്രതിപാദിച്ചത് ഞാൻ ഓർക്കുകയാണ്. അങ്ങനെ നല്ല വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന അദ്ദേഹത്തെ അന്നത്തെയും എക്കാലത്തെയും കോൺഗ്രസ്സിന്റെ തലമുതിർന്ന നേതാവായ കെ. കരുണാകരനാൽ പ്രശംസിക്കപ്പെട്ട സഖാവ് പിണറായി വിജയൻ കേരളത്തിന്റെ മുഖ്യമന്ത്രിയായിരിക്കുന്ന സന്ദർഭത്തിലാണ് വൈദ്യുതി വകുപ്പിന്റെയും മറ്റ് വകുപ്പുകളുടെയും ചർച്ചയിൽ ഞങ്ങളെല്ലാം പങ്കെടുക്കുന്നത്. അന്ന് തുടങ്ങിയ വേട്ടയാടൽ... സഖാവ് പിണറായി വിജയൻ പാർട്ടി സംസ്ഥാന സെക്രട്ടറിയായപ്പോൾ മുതൽ നീണ്ട 15 വർഷക്കാലമാണ് വേട്ടയാടിയത്. അന്നത്തെ വൈദ്യുതി പ്രതിസന്ധിയിൽ നിന്നും കേരളത്തെ കരകയറ്റാൻവേണ്ടി ധീരവും സമയോചിതവും യുക്തവുമായ നടപടികൾ സ്വീകരിച്ചതിന്റെ പേരിലുള്ള വേട്ടയാടൽ ആയിരുന്നു. മഞ്ഞയും വെള്ളയും തുടങ്ങിയ എല്ലാ പത്രങ്ങളെയും ഉപയോഗിച്ചും ഉപയോഗപ്പെടുത്തിയുമുള്ള വേട്ടയാടലിന്റെ ഒരു പരമ്പരതന്നെയുണ്ട്. അതിനെയെല്ലാം

അതിജീവിച്ച് സഖാവ് പിണറായി വിജയൻ ഇന്ന് കേരളത്തിന്റെ മുഖ്യമന്ത്രിയായി. അത് ത്യാഗത്തിന്റെയും സഹനത്തിന്റെയും നീറുന്ന ഒരായിരം അനുഭവങ്ങളുടെ പ്രതിഫലനമാണ്. ഇപ്പോൾ അദ്ദേഹം മുഖ്യമന്ത്രിയായതിനുശേഷവും വേട്ടയാടൽ നിർത്തുന്നില്ല. അത് തുടരുകയാണ്. അദ്ദേഹം ക്ഷോഭിച്ചുവർത്തമാനം പറഞ്ഞതിനെ ചൊല്ലിയായിരുന്നു സഭ സ്തംഭിപ്പിക്കാൻ നോക്കിയത്. ഇവിടെ ഉപയോഗിച്ച പദപ്രയോഗങ്ങൾ എന്തൊക്കെയായിരുന്നു. അന്യഗ്രഹജീവി, രാക്ഷസൻ, സ്വാശ്രയക്കൊള്ളയ്ക്ക് കുടപിടിക്കുന്നവൻ എന്നിങ്ങനെയുള്ള ധാരാളം പ്രയോഗങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. മികച്ച മന്ത്രിയായിരുന്നപ്പോഴും പാർട്ടി സെക്രട്ടറി ആയിരുന്നപ്പോഴുമെല്ലാം തുടർന്നുവന്ന ആക്രമണങ്ങൾക്ക് ഒരു കുറവുമില്ലാതെ മുഖ്യമന്ത്രിയായപ്പോഴും ഒറ്റതിരിഞ്ഞ് അദ്ദേഹത്തെ വേട്ടയാടി വീണ്ടും വീണ്ടും ആക്രമിക്കുകയാണ്. നിരന്തരമായ മാധ്യമ വേട്ടയും ഇതുപോലുള്ള രാഷ്ട്രീയ പകപോക്കലിനും ഇരയാകുന്ന ഒരു വ്യക്തിക്ക് സ്വാഭാവികമായും പ്രതികരണം ഉണ്ടായിപ്പോകും. നമ്മളെല്ലാവരും മനുഷ്യരല്ലേ; ക്ഷോഭം കാണിക്കാതിരിക്കാൻ നമ്മളെല്ലാം ഉമ്മൻ ചാണ്ടിമാരാണോ; അദ്ദേഹത്തിനാണെങ്കിൽ ഇതെല്ലാം പറ്റും. എല്ലാ കാപട്യങ്ങളും മറച്ചുവയ്ക്കാനുള്ള അനിതരസാധാരണമായ വൈഭവം അദ്ദേഹത്തിനുണ്ട്. ആ അനിതരസാധാരണമായ വൈഭവവും വീഴുന്നിടമെല്ലാം

വിദ്യയാക്കി മാറ്റാനുള്ള കഴിവും വരുന്നതെല്ലാം മറച്ചുപിടിച്ച് കാപട്യത്തിന്റെ ആൾരൂപമായി മാറാനും സാധാരണ മനുഷ്യർക്ക് കഴിയില്ല. അപ്പോൾ സ്വാഭാവികമായും നീരസത്തെ നീരസമായും പറയേണ്ടിവരും. ആത്മാർത്ഥതയെ ആത്മാർത്ഥമായി അംഗീകരിക്കുകയും ചെയ്യും. പക്ഷെ, ഈ കപടതകളും കുടിലതകളും തിരിച്ചറിയാനുള്ള കഴിവ് കേരളത്തിലെ ജനങ്ങൾക്കുണ്ട്. അതുകൊണ്ട് ഇനിയെങ്കിലും ഈ വേട്ടയാടൽ അവസാനിപ്പിച്ച് ചെയ്തുപോയ ദ്രോഹങ്ങൾക്കെല്ലാം പ്രായശ്ചിത്തം ചെയ്യാനുള്ള സന്മനസ്സ് കാണിക്കണമെന്നാണ് എനിക്ക് പ്രതിപക്ഷത്തോട് പറയാനുള്ളത്. 2001 മുതൽ 2005 വരെ ബഹുമാന്യനായ എ. കെ. ആന്റണി സാറും പിന്നീട് ഒന്നര വർഷക്കാലം ശ്രീ. ഉമ്മൻ ചാണ്ടിയും ചേർന്ന് അഞ്ച് വർഷക്കാലം യു.ഡി.എഫ്.-ന്റെ ഭരണം ഉണ്ടായിരുന്നു. ആ കാലം നമ്മൾ മറന്നുപോകരുത്. ഉച്ചയ്ക്ക് മുമ്പ് ഒന്നര മണിക്കൂറും ഉച്ചയ്ക്കുശേഷം ഒന്നര മണിക്കൂറും ലോഡ്ഷെഡ്ഡിംഗും രാത്രി അര മണിക്കൂർ പവർക്കട്ടും ആയിരുന്നു. അങ്ങനെ പകൽ മൂന്ന് മണിക്കൂർ ലോഡ്ഷെഡ്ഡിംഗും രാത്രി അര മണിക്കൂർ പവർക്കട്ടും. 8 മണിയാകുമ്പോൾ കടകമ്പോളങ്ങൾ അടയ്ക്കണം. ഇതായിരുന്നു 2005 വരെയുള്ള കേരളത്തിന്റെ സ്ഥിതി. ആ ഭരണകാലയളവിന്റെ അവസാനമായപ്പോഴുമുള്ള സ്ഥിതി ഇതാണ്. അവിടെ നിന്നാണ് കേരളം അന്ധകാരത്തിൽ നിന്ന് വെളിച്ചത്തിലേയ്ക്ക് വരാൻ തുടങ്ങിയത്. 2006-2011 ലെ ശ്രീ.

വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയിലെ വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എ. കെ. ബാലൻ. ഇന്ത്യയിലെ 28 സംസ്ഥാനങ്ങളിൽ വച്ച് ഏറ്റവും നല്ല ഊർജ്ജ സംരക്ഷണ പ്രവർത്തനത്തിനുള്ള അവാർഡ് ശ്രീ. എ. കെ. ബാലന് ഡൽഹിയിൽ വച്ച് കോൺഗ്രസ്സിന്റെ സമുന്നതനായ നേതാവും അന്നത്തെ കേന്ദ്ര ഊർജ്ജ വകുപ്പുമന്ത്രിയുമായ ശ്രീ. സുശീൽ കുമാർ ഷിൻഡെ ആയിരുന്നു നൽകിയത്. സഖാവ് എ. കെ. ബാലനെയാണ് ഏറ്റവും നല്ല വൈദ്യുതി വകുപ്പുമന്ത്രിക്കുള്ള അവാർഡ് കൊടുത്ത് ആദരിച്ചത്. അത് മറന്നുപോകരുത്. സമ്പൂർണ്ണ വൈദ്യുതീകരണം അന്നാണ് തുടങ്ങിവച്ചത്. ജില്ലകൾതോറും സമ്പൂർണ്ണ വൈദ്യുതീകരണം. 85 അസംബ്ലി മണ്ഡലങ്ങളെ സമ്പൂർണ്ണമായി വൈദ്യുതീകരിക്കപ്പെട്ട മണ്ഡലങ്ങളായി പ്രഖ്യാപിച്ചു. നാല് ജില്ലകളെയും പ്രഖ്യാപിച്ചു. ആലപ്പുഴ ജില്ലയിലെ പ്രഖ്യാപനം മൂന്നുനാല് ദിവസങ്ങളിലെ വിവിധ പരിപാടികളോടെ നടന്നത് എന്റെ നിയോജക മണ്ഡലത്തിലെ എരമല്ലൂരിൽ വച്ചാണെന്ന് ഞാൻ ഓർക്കുകയാണ്. ആദിവാസിക്കുടിലുകളിൽ ആദ്യമായി വൈദ്യുതി എത്തിയത് അക്കാലത്താണ്. പവർ ഒരു ഡിമാന്റായിരുന്നു. അതാണ് അന്നത്തെ കാലത്തെ പ്രത്യേകത. അന്ന് 34 മെഗാവാട്ട് വൈദ്യുതി വരെ കാറ്റിൽ നിന്നും ഉത്പാദിപ്പിച്ചു. ഒരു യൂണിറ്റ് വൈദ്യുതിയെക്കുറിച്ച് പിന്നീട് ഇവർ ചർച്ച ചെയ്തോ; വൈദ്യുതി ഉത്പാദനത്തോടുള്ള

ദീർഘവീക്ഷണത്തോടെയുള്ള സമീപനം അന്നത്തെ എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചതുകൊണ്ടാണ് ഇന്ന് ഇതുവരെയെങ്കിലും നമുക്ക് പിടിച്ചുനിൽക്കാൻ പറ്റുന്നത്. കഴിഞ്ഞ ഭരണകാലത്തിലെ കാര്യങ്ങളിലേയ്ക്ക് ഞാനിപ്പോൾ കടക്കുന്നില്ല. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിലൂടെയുള്ള വൈദ്യുതി ഉൽപ്പാദനത്തിൽ പ്രധാനപ്പെട്ടൊരു ഊർജ്ജ സ്രോതസ്സാണ് സോളാർ. സോളാർ ഊർജ്ജം എന്നത് ഒരു അശ്ലീല പദമാക്കി മാറ്റിയെന്നതാണ് യു.ഡി.എഫ്.ന്റെ കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ ഭരണനേട്ടം. വീട്ടിൽ സോളാർ യൂണിറ്റ് സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാമെന്ന് ഏതെങ്കിലുമൊരു ഭർത്താവ് ഭാര്യയോട് പറഞ്ഞാൽ ഉടനെ ഭാര്യയുടെ മുഖം ചുമക്കും. ഭാര്യ ഭർത്താവിനെ സൂക്ഷിച്ച് നോക്കും. ഇത്തരത്തിലുള്ള ഹതഭാഗ്യൻമാരായ ഭർത്താക്കൻമാരെ സൃഷ്ടിച്ചതാണ് ഇവരുടെ സോളാർ നയം. സോളാർ എനർജിയിൽ നിന്നും വൈദ്യുതി ഉൽപ്പാദനം എന്ന ആശയത്തെതന്നെ തകർത്ത് വൃത്തികേടാക്കി. ആ കറ കഴുകിക്കളഞ്ഞ് അതിന്റെ വിശ്വാസ്യത വീണ്ടെടുത്ത് നടപ്പിലാക്കുന്നതിന് ബഹുമാനപ്പെട്ട വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ വലിയ ശ്രമം നടത്തേണ്ടതുണ്ട്. അന്ന് തുടങ്ങിവച്ച സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങളെ ഈ ഗവൺമെന്റ് വന്നയുടനെ ബഹുമാനപ്പെട്ട വൈദ്യുതി

വകുപ്പുമന്ത്രി ഗൗരവബുദ്ധ്യാ ഏറ്റെടുത്തു. അദ്ദേഹം എല്ലാ ജില്ലകളിലും വന്നു. ഞങ്ങളുടെ ജില്ലയിലും വന്നു. ആവശ്യമായ കർമ്മ പദ്ധതികൾ സമയമെടുത്ത് ചർച്ച ചെയ്ത് ആവിഷ്കരിച്ചു. ഈ ഗവൺമെന്റിന്റെ എല്ലാ വീട്ടിലും വൈദ്യുതി എല്ലാവർക്കും വൈദ്യുതി.......

കേന്ദ്രത്തിലെ ബഹുമാനപ്പെട്ട നരേന്ദ്ര മോഡി സർക്കാരിന്റെ പദ്ധതികളെക്കുറിച്ച് പത്രങ്ങളിൽ മിക്കവാറും എല്ലാ ദിവസവും പരസ്യം വരാറുണ്ട്. അക്കൂട്ടത്തിൽ ഈ അടുത്ത ദിവസവും ഒരു പരസ്യം വന്നു. 1,100 ഗ്രാമങ്ങളിൽ വൈദ്യുതി എത്തിക്കാൻ കഴിഞ്ഞു എന്നതാണ് ആ ഗവൺമെന്റിന്റെ വലിയ ഒരു നേട്ടമായി പറഞ്ഞത്. ശരിയാണ്. അതൊരു വലിയ നേട്ടം തന്നെയാണ്. എന്നാൽ സ്വാതന്ത്ര്യത്തിന്റെ 70-ാം പിറന്നാൾ ആഘോഷിക്കുന്ന സന്ദർഭത്തിലും 1,100 ഗ്രാമങ്ങളിൽ വൈദ്യുതി എത്തിയിരുന്നില്ല എന്ന സ്ഥിതി കൂടിയാണിത് കാണിക്കുന്നത്. വൈദ്യുതി എത്താത്ത ഗ്രാമങ്ങൾ ഇനിയുമുണ്ട്. അവയുമായി താരതമ്യം ചെയ്യുവേണം എല്ലാ വീട്ടിലും വൈദ്യുതി, കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും വൈദ്യുതി എന്ന ലക്ഷ്യത്തിലേയ്ക്ക് മാറുന്നത്. ഇത്തരമൊരു ആത്മാർത്ഥതയും പ്രതിബദ്ധതയും ഈ എൽ.ഡി.എഫ്. സർക്കാരിന്റെ നയമല്ലേ?

സമ്പൂർണ്ണ വൈദ്യുതീകരണത്തിലേയ്ക്ക് പോകുമ്പോൾ നേരത്തെ

എത്തിയിടത്തുനിന്നും നമ്മൾ കുറച്ചുകൂടി മുന്നോട്ടു പോകേണ്ടതായിട്ടുണ്ട്. പക്ഷേ മഴ വളരെ കുറവായതുകാരണം ജലവൈദ്യുത പദ്ധതികളിൽനിന്നുള്ള ഉൽപ്പാദനത്തിൽ പ്രശ്നങ്ങളുണ്ട്. അതുപോലെതന്നെ കേന്ദ്ര ഊർജ്ജ നയം നമ്മെ വല്ലാതെ പ്രതിസന്ധിയിലാഴ്ത്താൻ പോകുകയാണ്. അതത് സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നവർക്കുമാത്രം വൈദ്യുതി കൊടുത്താൽ മതി. അതത് സംസ്ഥാനങ്ങൾക്ക് 85 ശതമാനം കൊടുക്കാം. അതൊരു ഫെഡറൽ സംവിധാനത്തിന് കടുത്ത ഭീഷണി ഉയർത്തുന്ന തീരുമാനമാണ്. അപ്പോൾ സ്വാഭാവികമായും വൈദ്യുതി ഉൽപ്പാദന രംഗത്ത് നമുക്കുള്ള പ്രതിസന്ധികളെയും പ്രയാസങ്ങളെയും പരിഹരിക്കാൻ ബാധ്യതയുള്ള ഗവൺമെന്റ് അതിൽനിന്ന് മാറുകയാണ്. വൈദ്യുതി ഉൽപ്പാദനത്തിൽ കേന്ദ്ര സർക്കാരിന്റെ പിന്തുണയോടുകൂടി 60 ശതമാനത്തോളം സ്വകാര്യവൽക്കരണം നടന്നു കഴിഞ്ഞിരിക്കുന്നു. അതാണ് നയം. നമ്മൾ സമ്പൂർണ്ണ വൈദ്യുതീകരണത്തിലേയ്ക്ക് പോകുമ്പോൾ കേന്ദ്രത്തിന്റെ ഊർജ്ജ നയത്തിന്റെ ഭാഗമായുള്ള ഇത്തരം പ്രതിസന്ധികളേയും അഭിമുഖീകരിക്കേണ്ടിവരും. അത് മുൻകൂട്ടി കാണേണ്ടതായിട്ടുണ്ട്. നമുക്ക് കർണ്ണാടകയാകാൻ സാധിക്കില്ല. തമിഴ്നാടിന് വെള്ളം കൊടുക്കുന്ന കാര്യത്തിൽ കർണ്ണാടക സർക്കാർ സ്വീകരിക്കുന്ന നിലപാട് കേരളത്തിന് സ്വീകരിക്കാൻ

സാധിക്കുമോ; അങ്ങനെ സ്വീകരിച്ചു കഴിഞ്ഞാൽപ്പിന്നെ ഇൻഡ്യയിൽ നമുക്കുള്ള സ്ഥാനം എന്തായിരിക്കും. അങ്ങനെയുള്ള ഭ്രാന്തുപിടിച്ച തീരുമാനങ്ങളിലേയ്ക്കൊന്നും പോകാൻ നമുക്ക് സാധിക്കില്ല. ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും കേന്ദ്ര സർക്കാരിനെയുമെല്ലാം വെല്ലുവിളിച്ചു മുന്നോട്ടുപോകാൻ സാധിക്കില്ല. നമുക്ക് നമ്മുടേതായ കാഴ്ചപ്പാടുകളും വീക്ഷണങ്ങളും ഉണ്ടാകണം. അത് കണക്കാക്കിയുള്ള നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്.

സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുമ്പോൾ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും ബുദ്ധിമുട്ടുകൾ വർദ്ധിക്കുകയാണ്. പരിധിക്കപ്പുറമായ ഉപഭോക്താക്കളുള്ള സെക്ഷൻ ഓഫീസുകളെല്ലാം വിഭജിക്കണം. അതുസംബന്ധിച്ച് ആലപ്പുഴയിൽ അങ്ങ് പങ്കെടുത്ത യോഗത്തിലും ഞാൻ പറഞ്ഞിരുന്നു. അരൂർ, കുത്തിയതോട്, അരൂക്കുറ്റി തുടങ്ങിയ മേഖലകളിലെല്ലാം ഇരുപത്തിനാലായിരത്തിലധികം ഉപഭോക്താക്കളാണുള്ളത്. ഇപ്പോഴത്തെ സ്റ്റാഫ് പാറ്റേൺ വച്ചുകൊണ്ട് ഇത് നടപ്പാക്കാൻ സാധിക്കില്ല. കറണ്ട് പോയാൽ ജനം ഇതിന്റെ ന്യായാന്യായങ്ങളെ കുറിച്ച് ആലോചിക്കുകയും സൈദ്ധാന്തികമായി സമീപിക്കുകയും ചെയ്യില്ല. അവർ വലിയ പ്രക്ഷോഭത്തിലേയ്ക്ക് പോകും. ചെയ്യുന്ന കാര്യങ്ങൾ ഫലവത്തായി മാറണമെങ്കിൽ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കാനും

സെക്ഷൻ ഓഫീസുകൾ വിഭജിക്കാനുമാവശ്യമായ ക്രമീകരണങ്ങൾ വരുത്തണം. അല്ലെങ്കിൽ വെളുക്കാൻ തേക്കുന്നത് പാണ്ടായിപ്പോകും എന്ന കാര്യം പറയാതിരിക്കാതെ വയ്യ.

ഒന്നുരണ്ട് നിർദ്ദേശങ്ങൾ കൂടി ഉണ്ട്. പട്ടികജാതിക്കാരുടെ വീടിന് മുകളിലൂടെ പോകുന്ന ഹെവി ഇലക്ട്രിക് ലൈനുകൾ മാറ്റി വച്ചില്ലെങ്കിൽ അവർക്ക് വീട് പുതുക്കിപ്പണിയാൻ സാധിക്കില്ല. ഇക്കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ദയവായി ശ്രദ്ധിക്കണം. അന്നത്തെ യോഗത്തിലും ഞാൻ ഇക്കാര്യം പറഞ്ഞിരുന്നു. പട്ടികജാതിക്കാരുടെയും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരുടെയും വീടുകൾക്ക് മുന്നിലൂടെ പോകുന്ന ഹെവി ഇലക്ട്രിക് ലൈനുകൾ മാറ്റണമെങ്കിൽ ലക്ഷക്കണക്കിന് രൂപ കൊടുക്കണം. വീട് പുതുക്കി വയ്ക്കണമെങ്കിൽ അത് അടച്ചാലേ പറ്റൂ. അല്ലെങ്കിൽ അനുമതി കൊടുക്കില്ല. ഈ പണം അവർക്ക് കൊടുക്കാൻ സാധിക്കില്ല. ഇക്കാര്യം പല തവണ ഞാനിവിടെ ഉന്നയിച്ചിട്ടുള്ളതാണ്. ഇതിന് പരിഹാരം കാണുമെന്ന് നേരത്തെയിരുന്ന മന്ത്രിമാരൊക്കെ പറഞ്ഞിരുന്നുവെങ്കിലും പ്രശ്നം പരിഹരിക്കപ്പെടാതെ കിടക്കുകയാണ്. ഇക്കാര്യം ഗൗരവബുദ്ധ്യാ കണ്ടുകൊണ്ട് അത്തരം പ്രശ്നങ്ങളിൽ ബോർഡിന്റെ ചെലവിൽതന്നെ അതെല്ലാം മാറ്റി വച്ചുകൊടുക്കാനും പാവപ്പെട്ടവർക്ക് വീട് വയ്ക്കാനുമുള്ള സൗകര്യങ്ങൾ ചെയ്യു

കൊടുക്കണം. അല്ലെങ്കിൽ അവർക്ക് വേറെ സ്ഥലവും വീടും കൊടുക്കണം. എന്തെങ്കിലും പുനഃക്രമീകരണം ഉണ്ടാക്കണം. നിലവിൽ അവർക്ക് ചെറിയ വീട് വലുതാക്കാൻ ഒട്ടും സാധിക്കില്ല. ആ തരത്തിലുള്ള പ്രശ്നങ്ങൾ നിൽക്കുകയാണ്. അതുപോല ആകാശത്ത് മഴ വന്നുകഴിഞ്ഞാൽ പിന്നെ നാട്ടിൽ കറണ്ടുണ്ടാവില്ല. അങ്ങനത്തെ ചെറിയ സംഭവങ്ങൾ ഉണ്ടാകുമ്പോഴപ്പോഴേയ്ക്കും കറണ്ട് പോവുകയാണ്. ഇത്തരത്തിൽ കറണ്ട് പോകാതിരിക്കാനുള്ള വഴികളെ സംബന്ധിച്ച് ആലോചിക്കണം.

സെൻസിറ്റീവ് മേഖലകൾ- സമുദ്രോൽപ്പന്ന കയറ്റുമതി മേഖലയാണ് അരൂർ. ആ മേഖലയിലൊക്കെത്തന്നെ കറണ്ട് പോയാലുണ്ടാകാവുന്ന ഭവിഷ്യത്തുകൾ വളരെ വലുതാണ്. ഇത്തരത്തിലുള്ള മേഖലകളെയും ദ്വീപുകളെയും സെൻസിറ്റീവ് മേഖലകളായി ഇലക്ട്രിസിറ്റി ബോർഡ് തിരിക്കണം. അവയ്ക്ക് പ്രാധാന്യം കൊടുത്ത് അവിടത്തെ ഊർജ്ജോൽപ്പാദന വർദ്ധനവിനും അതിന്റെ സംരക്ഷണത്തിനും പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കണം.

ഞാൻ ഈ സഭയിൽവന്ന കാലംമുതൽ കേൾക്കുകയാണ് ആലപ്പുഴ പോർട്ട് മെറീനാ പോർട്ട് കം ബീച്ച് ആക്കി മാറ്റുമെന്ന്, മെറീനാ ബീച്ചിന്റെ മാതൃകയിൽ. കേൾക്കാൻ തുടങ്ങിയിട്ട് പത്ത്പതിനൊന്ന് വർഷമായി. ഇത്തവണത്തെ

ബഡ്ജറ്റിൽ 10 കോടി രൂപ പ്രാഥമിക ചെലവുകൾക്കായി വച്ചിട്ടുണ്ട് എല്ലാം ചെയ്തിട്ടുണ്ട്. അത് ഇത്തവണയെങ്കിലും നടത്തണം. ഇനിയിങ്ങനെ നീട്ടിനീട്ടി പറഞ്ഞുകൊണ്ടുപോകരുത്. എല്ലാ ബഡ്ജറ്റിലും ഇങ്ങനെ പറയണമെന്ന വാശിയുള്ളതുപോലെ പറഞ്ഞുപോവുക എന്നുള്ളതല്ല. അത് ചെയ്യണം.

ഞാൻ ചുരുക്കുകയാണ്. എന്തിനാണ് ഇപ്പോൾ ഈ സ്വാശ്രയ സമരം. ഈ സമരം ഇപ്പോൾ കൊണ്ടുവന്നതിന്റെ ഗുണഭോക്താക്കൾ പ്ലാൻ ചെയ്ത സമരമാണ്. ഈ സഭയിൽ നടക്കേണ്ട ചർച്ചകൾ എന്തായിരുന്നു. ഈ സഭയിൽ ഇന്ന് ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട ചർച്ചകളാണ് നടക്കേണ്ടത്. കഴിഞ്ഞ അഞ്ച് കൊല്ലക്കാലം നമ്മുടെ മന്ത്രിയായിരുന്ന ശ്രീ. കെ. ബാബു, അദ്ദേഹം സമ്പാദിച്ച സ്വത്തിനെക്കുറിച്ചും വഴിവിട്ട രീതികളെക്കുറിച്ചും ഓരോരുത്തരുടേയും പേരിൽ ഉണ്ടാക്കിയിട്ടുള്ള സമ്പാദ്യങ്ങളെക്കുറിച്ചും ബിനാമികളെക്കുറിച്ചുമെല്ലാം ഈ സഭയിൽ ചർച്ച ചെയ്യപ്പെടേണ്ടതല്ലേ. ശ്രീ. കെ. എം. മാണി സാറിനെക്കുറിച്ചുള്ള കോഴി ഇടപാട് തുടങ്ങി എല്ലാ നികുതി വെട്ടിപ്പിനെ സംബന്ധിച്ചുള്ള കാര്യങ്ങളും ചർച്ച ചെയ്യപ്പെടേണ്ടതായിരുന്നു. ഇതെല്ലാം ഈ സഭയിൽ ചർച്ച ചെയ്യപ്പെട്ടിട്ടില്ലേ. ഈ ചർച്ച ഇവിടെ ഉണ്ടാകാതിരിക്കാനുള്ള ഒരു സംരക്ഷണ കവചം തീർക്കാനാണ് 30 വിദ്യാർത്ഥികളുടെ പേരുംപറഞ്ഞ് സമരം നടത്തുന്നത്. ഇതിൽനിന്ന്

രക്ഷപ്പെടാനുള്ള മാർഗ്ഗമായ ഈ സമരം ഒരു സമരാഭാസമായി മാറുകയാണ്. അതുകൊണ്ടാണ് ഇപ്പോൾ ആരെങ്കിലും വന്ന്..... നമ്മുടെ ബഹുമാനപ്പെട്ട മുൻമുഖ്യമന്ത്രി സഖാവ് വി.എസ്. അച്ചുതാനന്ദൻ ഒരു പരിപാടിയിൽ പങ്കെടുക്കാൻ വന്നപ്പോൾ അതിനെക്കുറിച്ച് സമരക്കാർ ചോദിച്ചപ്പോൾ അതിൽനിന്ന് വീണുകിട്ടിയ വാക്കുകൊണ്ടെങ്കിലും രക്ഷപ്പെടാൻ പറ്റിയാലോ എന്ന് കരുതി, വല്ലഭന് പുല്ലും ആയുധം എന്നതുപോലെ ഏതെങ്കിലും വാക്കുകളിൽനിന്ന് എന്തെങ്കിലും കിട്ടുകയാണെങ്കിൽ അതിൽപിടിച്ചെങ്കിലും കയറി രക്ഷപ്പെടാനുള്ള ഈ മരണവെപ്രാളത്തിലേയ്ക്ക് പോകേണ്ട വല്ല കാര്യവുമുണ്ടോ? ചർച്ച നടക്കട്ടെ. എത്ര ദിവസക്കാലം നടക്കേണ്ട ചർച്ചയാണ്. ശ്രീ. കെ. ബാബുവിന്റെ അഴിമതികളെല്ലാം പുറത്തുവന്നപ്പോൾ കെ.പി.സി.സി. പ്രസിഡന്റ് മൗനവ്രതത്തിലായിരുന്നല്ലോ. അദ്ദേഹത്തെ സമ്മർദ്ദത്തിലാക്കി പ്രസ്താവന ഇറക്കുന്ന സ്ഥിതിയിലേയ്ക്ക് വന്നില്ലേ. ഇത്തരം കാര്യങ്ങളൊക്കെ ചർച്ച ചെയ്യപ്പെടുമെന്ന് ഭയന്ന് അതിൽനിന്ന് രക്ഷപ്പെടാനുള്ള കുതന്ത്രങ്ങളുമായി പ്രതിപക്ഷം ഇറങ്ങിയിരിക്കുകയാണ്. അത് കേരളത്തിലെ പ്രബുദ്ധരായ ജനങ്ങൾതിരിച്ചറിയുന്നുണ്ട് എന്നാണ് എനിക്ക് പറയുവാനുള്ളത്. മറ്റു വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ ചുരുക്കുന്നു.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>): സർ, പ്രതിപക്ഷം സഭയിൽ ഇല്ലാത്തത് വൈദ്യുതി വകുപ്പിനെക്കുറിച്ചുള്ള ചർച്ച ഫലപ്രദമാകുന്നതിന് സഹായിച്ചിട്ടില്ല, അവർകൂടി വേണ്ടിയിരുന്നു. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും സുപ്രധാനമായിട്ടുള്ള പ്രശ്നമാണ് ഊർജ്ജത്തിന്റേത്. നമ്മുടെ സംസ്ഥാനം ഊർജ്ജപ്രതിസന്ധിയിലൂടെയാണ് കടന്നു പോകുന്നത്. ഈ പ്രതിസന്ധിയുടെ കാരണക്കാർ യു.ഡി.എഫ്. തന്നെയാണ്, കഴിഞ്ഞ 5 വർഷക്കാലം കേരളത്തിൽ അധികാരത്തിലുണ്ടായിരുന്നവർ തന്നെയാണ്. 5 വർഷക്കാലംകൊണ്ട് പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കാനോ, ഊർജ്ജസംഭരണത്തിനോ, ഉൽപ്പാദനത്തിനാവശ്യമായ പുതിയ സമീപനങ്ങൾ സ്വീകരിക്കാനോ, ഒന്നും തന്നെ ശ്രമിക്കാതെ അന്യസംസ്ഥാനങ്ങളിൽ നിന്നോ അന്യമേഖലകളിൽ നിന്നോ ഊർജ്ജം വാങ്ങി നമ്മുടെ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുക എന്ന നിലയിലേക്ക് ഒരു ഗവൺമെന്റ് സമ്പൂർണ്ണമായി മാറിയതിന്റെ ദുരന്തമാണ് നമ്മുടെ സംസ്ഥാനം ഇന്ന് അഭിമുഖീകരിക്കുന്നത്. പക്ഷേ അതു പറഞ്ഞുകൊണ്ട്

നിൽക്കാൻ സാധിക്കുകയില്ല, നമുക്ക് നമ്മുടെ സംസ്ഥാനത്തെ മുന്നോട്ടു നയിക്കാൻ സാധിക്കണമെങ്കിൽ, സംസ്ഥാനത്തിന്റെ വികസനം സാധ്യമാക്കണമെങ്കിൽ ഊർജ്ജോൽപ്പാദന മേഖലയിൽ സജീവമായിട്ടുള്ള ഇടപെടലുകൾ നടത്തേണ്ടതായിട്ടുണ്ട്. 100 ദിവസക്കാലം പൂർത്തീകരിച്ച ശ്രീ. പിണറായി വിജയൻ ഗവൺമെന്റ് നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഊർജ്ജോൽപ്പാദന മേഖലയിൽ തികഞ്ഞ ലക്ഷ്യബോധത്തോടുകൂടി മുന്നോട്ടു പോകാനുള്ള പരിശ്രമമാണ് നടത്തുന്നത്. ഇവിടെ സംസാരിച്ച ബഹുമാനപ്പെട്ട എം.എൽ.എ.മാരെല്ലാപേരും തന്നെ ഗവൺമെന്റ് ഇതുവരെ സ്വീകരിച്ച, കഴിഞ്ഞ മൂന്നരമാസക്കാലം സ്വീകരിച്ച നല്ല നടപടികൾക്ക് നല്ല പിൻതുണ നൽകിയിട്ടുണ്ട് എന്നുള്ളത് ചാരിതാർത്ഥ്യജനകമായിട്ടുള്ള കാര്യമാണ്. എം.എൽ.എ.മാർ എല്ലാപേരുടേയും ആത്മാർത്ഥമായിട്ടുള്ള സഹായവും സഹകരണവും ഊർജ്ജ ഉൽപ്പാദനരംഗത്ത് ഇന്ന് നിലനിൽക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിലും നിഴലിച്ചാൽ മാത്രമേ നമ്മുടെ സ്റ്റേറ്റ് ഇന്ന് അഭിമുഖീകരിക്കുന്ന ഗുരുതരമായ അവസ്ഥയിൽ നിന്ന് നമുക്ക്

രക്ഷപ്പെടാൻ സാധിക്കുകയുള്ളൂ. അടുത്ത 5 വർഷക്കാലയളവിനുള്ളിൽ ലോകോത്തരമായ നിലവാരത്തിൽ എല്ലാപേർക്കും വൈദ്യുതി ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കാനുള്ള പദ്ധതികൾ ഗവൺമെന്റ് ആവിഷ്ക്കരിക്കുകയാണ്. അതിന്റെ ആദ്യഘട്ടമാണ് ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ച 2017 മാർച്ചോടുകൂടി സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമാക്കി നമ്മുടെ സംസ്ഥാനത്തെ മാറ്റിക്കൊണ്ടുവരുന്നതിനു വേണ്ടിയുള്ള ക്രിയാത്മകവും, പ്രായോഗികവുമായിട്ടുള്ള പ്രവർത്തന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നത്. എല്ലാപേർക്കും വൈദ്യുതി എത്തിക്കുക എന്നുള്ളതിൽ ഈ ഗവൺമെന്റ് ആഗ്രഹിക്കുമ്പോൾ, നമ്മുടെ സമൂഹത്തിലെ ഏറ്റവും ദുർബല വിഭാഗങ്ങളെയാണ് ഗവൺമെന്റ് ലക്ഷ്യം വയ്ക്കുന്നത്. റോഡ് പുറമ്പോക്ക്, തോട് പുറമ്പോക്ക് എന്നിവിടങ്ങളിൽ താമസിക്കുന്ന വളരെ പാവപ്പെട്ട ആളുകൾ... വീട് എന്നുപറയാൻ സാധ്യമല്ല. അടുത്ത കാലത്ത് പാലക്കാട് ജില്ലയിൽ ഒരു അനുഭവമുണ്ടായി. മൂന്ന് പ്രായം ചെന്ന അമ്മമാർ താമസിക്കുന്ന ഒരു വീട്ടിൽ വൈദ്യുതി കണക്ഷൻ ഇല്ലായ്മയുടെ ദുരന്തകഥ, ഒരു മാധ്യമം പ്രസിദ്ധീകരിച്ചു. ബന്ധപ്പെട്ട

ഉദ്യോഗസ്ഥരോട് അത് അന്വേഷിച്ചപ്പോൾ അറിയുന്നത് അവർ ഒരു തോട് പുറമ്പോക്കിൽ താമസിക്കുകയാണെന്നാണ്. അവരുടെ ജീവിതത്തിലെ ഏറ്റവും വലിയ ആഗ്രഹമെന്നുപറയുന്നത് വീട്ടിൽ കറന്റ് വരണം, ലൈറ്റ് കത്തിക്കണമെന്നതാണ്. നോക്കുമ്പോൾ വീടിന് ചുവരില്ല, മീറ്റർ സ്ഥാപിക്കാൻ ചുവരില്ല. അവിടുത്തെ വൈദ്യുതി ബോർഡ് ജീവനക്കാരും സെക്ഷനിലുള്ള ആൾക്കാരും പോയി ചുവർ നിർമ്മിച്ച് അവർക്ക് കണക്ഷൻ നൽകി. തൊട്ടടുത്ത ദിവസം അതേ മാധ്യമം തന്നെ ആ ചിത്രവും പ്രസിദ്ധീകരിച്ചു. അങ്ങനെയുള്ളവരെയാണ് ഗവൺമെന്റ് ലക്ഷ്യം വയ്ക്കുന്നത്. ഒരു ഗവൺമെന്റ് എങ്ങോട്ടേക്കാണ് അതിന്റെ ശ്രദ്ധ പതിപ്പിക്കേണ്ടത്, സമൂഹത്തിന്റെ ഏതു വിഭാഗത്തിലേക്കാണ് എന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം. സമൂഹത്തിലെ അശരണരും, ആലംബഹീനരും, ദുരിതം പേറുന്നവരും, ജീവിതത്തിന്റെ പിന്നാംപുറങ്ങളിലേക്ക് തള്ളപ്പെട്ട, പാർശ്വവൽക്കരിക്കപ്പെട്ടവരായിട്ടുള്ള നമ്മുടെ സമൂഹത്തിലെ സാധാരണക്കാരിൽ സാധാരണക്കാരായ മനുഷ്യരുടെ നേർക്കാണ്

ഈ ഗവൺമെന്റ് നോക്കുന്നത്. അതുകൊണ്ടാണ് സമ്പൂർണ്ണ വൈദ്യുതീകരണം പ്രഖ്യാപിച്ചത്. അവർക്ക് കണക്ഷൻ കൊടുക്കാൻ വേണ്ടിയാണ്, അല്ലാതെ സമ്പന്നൻമാർക്ക് കണക്ഷൻ കൊടുത്ത് സമ്പൂർണ്ണ വൈദ്യുതീകരണം പ്രഖ്യാപിക്കാൻ വേണ്ടിയല്ല. വീട്ടിന് നമ്പരില്ലാത്തതുകാരണം ഒരിക്കലും വൈദ്യുതി കിട്ടുമായിരുന്നില്ല, നമ്പരില്ലാത്തതു കാരണം കണക്ഷന് അപേക്ഷിക്കുവാൻ സാധിക്കുകയില്ല, വാട്ടർ കണക്ഷന് അപേക്ഷിക്കാൻ സാധിക്കുകയില്ല, അത്തരക്കാരായിട്ടുള്ള ആളുകൾക്ക് വൈദ്യുതി ലഭ്യമാക്കുക എന്ന ലക്ഷ്യം വെച്ചുകൊണ്ടാണ് നീങ്ങുന്നത്.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രി സമ്പൂർണ്ണ വൈദ്യുതീകരണത്തിനെപ്പറ്റി കോട്ടയത്തു വിളിച്ച മീറ്റിംഗിൽ ആവർത്തിച്ച് വ്യക്തമാക്കിയതാണ് നമ്പരില്ലെങ്കിലും, വസ്തുവിന്റെ ഉടമസ്ഥാവകാശമില്ലെങ്കിലും വൈദ്യുതി കണക്ഷൻ കൊടുക്കണമെന്ന്. പക്ഷേ ഇപ്പോഴും വൈദ്യുതി ബോർഡിൽ പലരും ഇത്തരം കാര്യങ്ങൾ പറഞ്ഞ് കണക്ഷൻ നിഷേധിക്കുന്നുണ്ട്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, അതിനുള്ള സാധ്യത ഒട്ടും തന്നെയില്ല. എവിടെയെങ്കിലുമുണ്ടെങ്കിൽ അത് പരിശോധിക്കാം, വളരെ കർശനമാണ് ഇക്കാര്യത്തിൽ. അത് പരിശോധിക്കാം, ഗവൺമെന്റിന്റെ ഉത്തരവ് തന്നെയുണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ് ആ ഉത്തരവ് കൊടുത്തിട്ടുള്ളത്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് അവർക്ക് താൽക്കാലികമായിട്ടുള്ള നമ്പർ കൊടുക്കേണ്ടത്. താലക്കാലിക നമ്പർ കൊടുക്കാൻവേറെ ഒന്നും നോക്കേണ്ട കാര്യമില്ല. നാലഞ്ച് ആവശ്യങ്ങൾ അതിൽ പറഞ്ഞിട്ടുണ്ട് - വൈദ്യുതി കണക്ഷൻ, വാട്ടർ കണക്ഷൻ, വോട്ടർ പട്ടികയിൽ പേർ ചേർക്കുന്നതിനുവേണ്ടി, അങ്ങനെ പറയുന്നതായിട്ടുള്ള അഞ്ചുകാര്യങ്ങൾക്ക് മറ്റൊന്നും നോക്കാതെ താൽക്കാലിക കണക്ഷൻ കൊടുക്കാനുള്ള സർക്കാർ ഉത്തരവ് നിലവിലുണ്ട്. ആ സർക്കാർ ഉത്തരവ് നടപ്പിലാക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരാണ്, അവർ നടപ്പിലാക്കണം, നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. അല്ലെങ്കിൽ അവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റിന്

സാധിക്കും.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, പല പഞ്ചായത്ത് സെക്രട്ടറിമാരും സർട്ടിഫിക്കറ്റ് കൊടുക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, നിരവധി വീടുകൾ വയറിംഗ് നടത്താത്തതായിട്ടുണ്ട്. ആ വീടുകൾ വയറിംഗ് ചെയ്യാൻ പണം മുടക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. ശരാശരി രണ്ടു ലക്ഷം രൂപ മുതൽ 5 ലക്ഷം രൂപവരെ മുടക്കിയാണ് ഈ പഞ്ചായത്തുകൾ വീടുകളുടെ വയറിംഗ് നടത്തുന്നത്, അത് പഞ്ചായത്ത് നിർവ്വഹിക്കുന്നുണ്ട്. മറ്റു ബാദ്ധ്യതകൾ പഞ്ചായത്തിന്റേയോ മറ്റു ജനപ്രതിനിധികളുടെയോ മുകളിൽ വരാതെ എ.പി.എൽ., ബി.പി.എൽ. വിഭാഗങ്ങൾക്ക് കണക്ഷൻ കൊടുത്താൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിലേക്ക് എത്തും. അതിനുള്ള ഒരു സപ്പോർട്ടാണ് ബോർഡിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടത്.

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, ഇതുസംബന്ധിച്ച് നിരവധി പരാതികൾ

വിവധ വകുപ്പുകൾക്ക് കൊടുത്തിട്ടുണ്ടെങ്കിലും ഇതുവരെ ഒരു നടപടിയും അക്കാര്യത്തിൽ ഉണ്ടായിട്ടില്ല.

ശ്രീ. കെ. ബാബു: സർ, നമ്മുടെ ജില്ലകളിൽ വിളിച്ചുചേർത്ത യോഗത്തിൽ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ഇങ്ങനെ പ്രഖ്യാപിച്ചെങ്കിലും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇലക്ട്രിസിറ്റി ബോർഡിലെ അധികാരികളും അങ്ങോട്ടുമിങ്ങോട്ടുമാണ് അതിന്റെ ഉത്തരവാദിത്വമെന്നുപറഞ്ഞ് കൈമാറുകയാണ്. യഥാർത്ഥത്തിൽ ഏറ്റവും സാധാരണക്കാരായ ജനങ്ങളിലേക്കാണ് വൈദ്യുതീകരണത്തിന്റെ ഗുണം ഗവൺമെന്റ് ഉദ്ദേശിക്കുന്നത് എന്നുള്ളതുകൊണ്ട് പരസ്പരം രണ്ടുവകുപ്പുകൾ യോജിച്ച് ചർച്ച ചെയ്ത് താൽക്കാലിക നമ്പർ കൊടുത്തുകൊണ്ട് വൈദ്യുതി എത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കിയാൽ മാത്രമേ ഇത് ഗുണകരമായി വരികയുള്ളൂ എന്ന പ്രശ്നമുണ്ട്.

ശ്രീ. ഇ. കെ. വിജയൻ: സർ, 'നഞ്ച' എന്നുപറഞ്ഞ് ഒഴിവാക്കുന്നുണ്ട്. 70 വയസ്സ് പ്രായമായതിനുശേഷം ഉണങ്ങാറായ തെങ്ങ് മുറിച്ച് കഴുക്കോലുകൊണ്ട് ഉണ്ടാക്കിയിട്ടുള്ള വീടുകളാണ്. അതിനുപോലും നമ്പരിട്ടു കിട്ടുന്നില്ല. അതുകൊണ്ട്

അതിനുള്ള നടപടികൾ വേഗത്തിലാക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ.ടി. ജലീൽ): സർ, ഈ വിഷയം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ഉയർന്നുവന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ താൽക്കാലികമായി നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ള വീടുകൾക്ക് നമ്പരിട്ടുകൊടുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്ക് അടിയന്തരമായി നിർദ്ദേശം നൽകും. ഇതുവരെ 1000 സ്ക്വയർ ഫീറ്റുള്ള വീടുകൾക്കായിരുന്നു ഇലക്ട്രിസിറ്റിയുടെ ഈ സൗകര്യം ലഭിച്ചിരുന്നത്. എന്നാൽ തദ്ദേശസ്വയംഭരണ വകുപ്പ് അത് 1500 സ്ക്വയർഫീറ്റ് വരെയുള്ള വീടുകൾക്ക് ലഭ്യമാക്കണമെന്നുപറഞ്ഞ് ഇതിനകം വൈദ്യുതി വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. എത്രയുംവേഗം, ഈ സഭാ സമ്മേളനം തീരുന്നതിനു മുൻപു തന്നെ താൽക്കാലിക നമ്പർ എല്ലാ വീടുകൾക്കും ഇട്ടുകൊടുക്കാനും..... റേഷൻകാർഡ്, ഐ.ഡി. കാർഡ്, ഇലക്ട്രിസിറ്റി, വാട്ടർ കണക്ഷനൻ, ഈ നാലുകാര്യങ്ങൾ ഒരു വീട്ടുകാരന്

ലഭിക്കത്തക്ക വിധത്തിൽ ടെമ്പററി നമ്പർ ഇട്ടുകൊടക്കണമെന്ന് ഈ സഭാസമ്മേളനം തീരുന്നതിനു മുൻപുതന്നെ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകും. ഗ്യാസ് കണക്ഷനും കൂടി അതിൽ കൂട്ടാം.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞ ഒരു കാര്യം, ചില വീടുകൾക്ക് പണമില്ലാത്തതുകൊണ്ട് വയറിംഗ് ചെയ്യാൻ സാധിക്കുന്നില്ലെന്നതാണ്. 4000 രൂപയാകുമെന്നാണ് പറയുന്നത്, അങ്ങനെയുള്ള വീടുകൾക്ക് അത് ഞങ്ങളുടെ ഫണ്ടിൽനിന്ന് ചിലവഴിക്കാൻ കഴിയുമോ എന്നു പറഞ്ഞാൽ തരക്കേടില്ല.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, 2012-ൽ തന്നെ വളരെ കൃത്യമായിട്ടുള്ള ഒരു ഗവൺമെന്റ് ഓർഡർ നിലവിലുണ്ട്, 5 ഐറ്റത്തിന് അനുമതി കൊടുക്കാൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിക്കൊണ്ടുള്ള ഗവൺമെന്റ് ഉത്തരവുണ്ട്. അതൊക്കെ നടപ്പിലാക്കുന്നതിൽ ഉദ്യോഗസ്ഥർ വൈമനസ്യം കാട്ടുന്നു. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി അതിൽനിന്നും ഒരുപടികൂടി കടന്നാണ് 1500... മറ്റേത് 1150 ആണ്.

1500 സ്ക്വയർഫീറ്റ് വരെയുള്ള സാമാന്യം ഭേദപ്പെട്ട വളരെ ചെറുതല്ലാത്ത വീടുകളാണ്. ആ ഉത്തരവിൽ ഇതേ വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്, 'അധികൃതമാണോ അനധികൃതമാണോ എന്നു നോക്കാതെ' ഇങ്ങനെയാണു പറയുന്നത്. എന്നിട്ട് ഒരു ക്ലോസ്സ് കൂടി അതിൽ ഉൾപ്പെടുത്തിയിട്ടുണ്ട് 'ഇതൊന്നും തന്നെ ആ ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖകളല്ല', അതും കൃത്യമായിട്ട് പറയുന്നുണ്ട്, ഈ ആവശ്യത്തിനുമാത്രം. ഒരു വാട്ടർ കണക്ഷൻ എടുക്കാനോ, ഒരു വൈദ്യുതി കണക്ഷൻ എടുക്കാനോ ഉള്ള ആവശ്യത്തിനുവേണ്ടി മാത്രം ഉപയോഗിക്കേണ്ടതാണെന്ന് കൃത്യമായി പറയുന്നുണ്ട്. അത് ഒന്നു കൂടി പുതുക്കി 1500 സ്ക്വയർഫീറ്റാക്കി പുതിയ ഉത്തരവ് പുറപ്പെടുവിക്കാമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. നിശ്ചയമായും ആ ഉത്തരവ് നടപ്പിലാക്കാൻ ആവശ്യമായിട്ടുള്ള, ശക്തമായ നടപടികൾ സ്വീകരിക്കുകയാണ് ഗവൺമെന്റ് എന്നനിലയിൽ നാം ചെയ്യേണ്ടത് എന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. റ്റി. വി. രാജേഷ്</u> : സർ, വൈദ്യുതി ബോർഡുകളിലെ ഒഴിവുകളെ

സംബന്ധിച്ച് ഒരുപാട് പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പല തസ്തികകളിലായി ഒഴിഞ്ഞുകിടന്ന ഒഴിവുകൾ നികത്താൻ അന്നത്തെ സർക്കാർ തയ്യാറായില്ല. പുതിയതായി ആരംഭിച്ചിട്ടുള്ള സെക്ഷനോഫീസുകളിൽ അതിനനുസൃതമായ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ ഇല്ലെങ്കിൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : സർ, അതിനുള്ള മറുപടി എന്റെ ചർച്ചയുടെ അവസാന ഘട്ടമെത്തുമ്പോൾ പറയുന്നതാണ്. സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ കാര്യത്തിൽ ജനകീയ സമിതികൾ രൂപീകരിച്ച് അതിന്റെ പ്രവർത്തനം നടത്തിക്കൊണ്ടുപോകുമ്പോൾ മനസ്സിലാക്കിയത് സംസ്ഥാനത്ത് 1.15 ലക്ഷം (ഒരു ലക്ഷത്തി പതിനയ്യായിരം) വീടുകളിൽ ഇനിയും വൈദ്യുതി എത്തിയിട്ടില്ലെന്നാണ്. ഇതിൽ 18,000 പട്ടികവർഗ്ഗ കുടുംബങ്ങളും 35,000 പട്ടികജാതി കുടുംബങ്ങളും 85,000 ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുമാണ്. ഇതിൽ 60,000-ത്തോളം വീടുകളുടെ വയറിംഗ് നടത്തേണ്ടതായിട്ടാണ് കാണുന്നത്. വയറിംഗ് നടത്തുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതുപോലെ ഒരു

കുടുംബത്തിന് ഏകദേശം അയ്യായിരമോ ആറായിരമോ രൂപയാണ് വേണ്ടിവരുന്നത്. അത് പഞ്ചായത്ത് ഫണ്ടിൽനിന്നും അനുവദിക്കണം. നാലായിരം രൂപ ചെലവ് വരുന്നരീതിയിലും വയറിംഗ് ചെയ്യാൻ സാധിക്കും അത്തരത്തിൽ ആരും വയറിഗ് ചെയ്യരുത്. കാരണം അത് പെട്ടെന്ന് കേടാകാൻ സാധ്യതയുണ്ട്. അതുകൊണ്ട് മെച്ചപ്പെട്ട സാധനങ്ങൾ കൊണ്ടുവേണം വയറിംഗ് ചെയ്യുവാൻ.

<u>ശ്രീ. കെ. ബാബു.</u> : സർ, പഞ്ചായത്തുകളുടെ പദ്ധതിപൂർത്തീകരണത്തിന്റെ സമയമാണ്. പദ്ധതി ആസൂത്രണവും കഴിഞ്ഞ് ഡി.പി.സി.യിൽ നിന്നും അംഗീകാരം വാങ്ങിയിട്ടുള്ള സമയമാണ്. ഇതിനാവശ്യമായ ഫണ്ടിൽ പഞ്ചായത്തുകൾ അവരുടെ വിഹിതം വയ്ക്കുവാൻ കഴിയാത്ത ഒരു സാഹചര്യമുണ്ട്. അതുകൊണ്ട് നിർബന്ധമായും പഞ്ചായത്ത് ഫണ്ടിൽനിന്നും ഒരു നിശ്ചിത ശതമാനം വയ്ക്കേണ്ടതാണെന്ന ഉത്തരവ് പഞ്ചായത്ത് വകുപ്പിൽനിന്നും വരണം.

<u>ശ്രീ കടകംപള്ളി സുരേന്ദ്രൻ</u> : ഏതെങ്കിലും പഞ്ചായത്തുകളിൽ പഞ്ചായത്ത് സമിതികൾ മുഖം തിരിഞ്ഞുനിൽക്കുകയാണെങ്കിൽ മാത്രമാണ് ഇങ്ങനെയൊരു

അഭിപ്രായം വരിക.

ശ്രീ. കെ. സുരേഷ് കുറുപ്പ് :സർ, പല പഞ്ചായത്തുകളും അതിനുള്ള നടപടികൾ സ്വീകരിക്കുന്നതായി കാണുന്നില്ല. ഇതൊരു വലിയ പ്രശ്നമാണ്.

ശ്രീ കടകംപള്ളി സുരേന്ദ്രൻ : സർ, ഡി.പി.സി. നവീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. അതിൽ യാതൊരു പ്രശ്നങ്ങളുമില്ല. താൽപര്യമില്ലായ്മയാണ് ഇവിടത്തെ പ്രധാന കാരണം. വലിയ തുക ചെലവഴിക്കേണ്ടി വരുന്നില്ല. ചെറിയ ഒരു തുകമാത്രമാണ് ഇതിൽ ചെലവഴിക്കേണ്ടിവരുന്നത്. അതിനാവശ്യമായ നടപടി അവരുടെ ഭാഗത്തുനിന്നും ഉണ്ടാകണം.

ശ്രീ. പി. സി. ജോർജ് : ഇത് vague ആയി പറഞ്ഞുപോയാൽ പറ്റില്ല. മന്ത്രി vague ആയി പറഞ്ഞുപോകുകയാണ്. ഒരു പഞ്ചായത്ത് അതിനുള്ള വിഹിതം വയ്ക്കുന്നില്ലെങ്കിൽ എന്തുചെയ്യു; അതിനുള്ള തീരുമാനം ഉണ്ടാകേണ്ടേ? അതിന് കഴിഞ്ഞില്ലെങ്കിൽ എം.എൽ.എ. ഫണ്ടിൽനിന്നും തുക അനുവദിക്കണം. അങ്ങ്

അതിലേയ്ക്കൊന്നും വരാതെ വെറുതെ പറഞ്ഞുപോയാൽ മതിയോ? എം.എൽ.എ. ഫണ്ട് കൊടുത്താലെന്താ കുഴപ്പം? അതിനാൽ ഇതിനെല്ലാം ഒരു തീരുമാനം ഇവിടെ പ്രഖ്യാപിക്കപ്പെടണം. വെറുതെ പറഞ്ഞുപോകുന്നത് ശരിയല്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മറുപടി പറയുന്നുണ്ട്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. ജലീൽ) : സർ, പഞ്ചായത്തുകളിൽ വ്യക്തിഗത ആനുകല്യങ്ങൾക്ക് എം.എൽ.എ. ഫണ്ട് ഉപയോഗിക്കാൻ ഇപ്പോൾ കഴിയില്ല. ഒരു വീടിന്റെ മുന്നിലുള്ള പൊതുവഴിയിലൂടെ വൈദ്യുതി കണക്ഷൻ വലിച്ചുകൊടുക്കാൻ കഴിയും. അങ്ങോട്ട് വലിക്കേണ്ടതും സ്വന്തമായി വയറിംഗ് ചെയ്യേണ്ടതും അവർ തന്നെയാണ്. ഗ്രാമപഞ്ചായത്തുകൾക്ക് ഇത്തരത്തിലുള്ള വ്യക്തിഗത ആനുകൂല്യം കൊടുക്കാൻ കഴിയും. അവരുടെ പഞ്ചായത്തിൽ അങ്ങനെയുള്ള ആരെങ്കിലും ഉണ്ടെങ്കിൽ അത് ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് ചെയ്യാവുന്നതാണ്. പ്ലാൻ ഫണ്ട് എങ്ങനെ വിനിയോഗിക്കണമെന്ന് തീരുമാനിക്കാനുള്ള അധികാരം ബന്ധപ്പെട്ട

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. നമുക്ക് നിർദ്ദേശം നൽകാനേ കഴിയുകയുള്ളൂ. അതിനേക്കാൾ മുൻഗണനയുള്ള മറ്റെന്തെങ്കിലും പദ്ധതികൾ അവരുടെ പഞ്ചായത്തിലുണ്ടെങ്കിൽ അതിന് അവർ മുൻഗണന നൽകിയാൽ അങ്ങനെ മുൻഗണന നൽകരുതെന്ന് നമുക്ക് പറയുവാൻ കഴിയില്ല. സാധാരണ ഗതിയിൽ പാവപ്പെട്ട ആളുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് വയറിംഗ് നടത്തുന്നതിനാവശ്യമായ തുക പഞ്ചായത്തുകൾക്ക് നീക്കിവയ്ക്കാവുന്നതാണ്, പഞ്ചായത്തുകൾ നീക്കിവയ്ക്കുന്നുമുണ്ട്. പഞ്ചായത്ത് അതിൽ ഒരു വാശി കാണിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. താൽക്കാലികമായി നമ്പരിട്ട് കൊടുക്കാനുള്ള ഉത്തരവ് ഒന്നുകൂടി പുതുക്കി നിശ്ചയിക്കുവാൻ തീരുമാനിച്ചിരിക്കുയാണ്. ആ ഉത്തരവ് ഇറങ്ങി ഒരു മാസത്തിനുള്ളിൽ നമ്പരിട്ടു കൊടുക്കാത്തത് ആരെങ്കിലും ശ്രദ്ധയിൽപ്പെടുത്തുകയാണെങ്കിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സെക്രട്ടറിക്കെതിരെ അല്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ ശക്തമായ നടപടി ഗവൺമെന്റ് സ്വീകരിക്കും.

<u>ശ്രീ കടകംപള്ളി സുരേന്ദ്രൻ</u> : സർ, ഈ പദ്ധതി പ്രഖ്യാപിക്കുന്ന ഘട്ടത്തിൽ

തന്നെ ഇത് എങ്ങനെ കൈകാര്യം ചെയ്യണമെന്നും ആരെല്ലാം ചേർന്ന് നിർവ്വഹിക്കണമെന്നും പറഞ്ഞിട്ടുണ്ടായിരുന്നു. അതിൽ വീടുകൾ വയറിംഗ് ചെയ്യുന്നതിന് എം.എൽ.എ. ഫണ്ട് വ്യക്തികൾക്ക് ഉപയോഗിക്കുന്നതുകൊണ്ടുള്ള വിഷമം കൊണ്ടാണ് പഞ്ചായത്ത് സമിതികൾക്ക് ആ ഉത്തരവാദിത്തം നൽകിയത്. പഞ്ചായത്ത് സമിതികൾ മാത്രമല്ല ചിലപ്പോൾ ചില വ്യക്തികൾ സ്പോൺസർ ചെയ്യാൻ തയ്യാറായി മുന്നോട്ടുവരും. അങ്ങനെ നാട്ടുകാരുടെ സഹകരണത്തോടുകൂടി, ഒരു പഞ്ചായത്തിൽ ആയിരക്കണക്കിന് വീടുകളൊന്നും വയറിംഗ് ചെയ്യാൻ ഉണ്ടാകുകയില്ല. പഞ്ചായത്തിൽ ചിലപ്പോൾ കഷ്ടിച്ച് ഒരു അൻപതോ അറുപതോ വീടുകൾ മാത്രമേ വയറിംഗ് ചെയ്ത് കൊടുക്കേണ്ടതായി വരുകയുള്ളൂ. അതിന് ചില വ്യക്തികൾതന്നെ തയ്യാറായി മുന്നോട്ടുവരാം. ഒരു വീട് വയറിംഗ് ചെയ്യുന്നതിന് ആറായിരമോ ആറായിരത്തി അഞ്ഞൂറോ രൂപ മാത്രമെ നല്ല നിലവാരത്തിൽ വയറിംഗ് ചെയ്യാനായി വേണ്ടിവരുകയുള്ളൂ. ആ നിലയിൽ വ്യക്തികളേയും സ്ഥാപനങ്ങളേയും ഗ്രൂപ്പുകളേയും സ്പോൺസർമാരേയും എല്ലാം ഉപയോഗപ്പെടുത്തിക്കൊണ്ട് വീടുകളുടെ വയറിംഗ് മേൽപ്പറഞ്ഞ രീതിയിൽ

പൂർത്തീകരിക്കുകയും ബാക്കിയുള്ള പോസ്റ്റ് നിർത്തി ലൈൻ വലിക്കുന്ന വലിയ ജോലികൾ ഇലക്ട്രിസിറ്റി ബോർഡും എം.എൽ.എ.ഫണ്ടും എം.പി. ഫണ്ടുമൊക്കെ ഉപയോഗപ്പെടുത്തി ചെയ്യാൻ കഴിയും. ഇതിനായി ഞങ്ങൾ ഒരു കണക്ക് തയ്യാറാക്കിയപ്പോൾ ഏകദേശം 160 കോടി രൂപയാണ് ഇത് വിപുലീകരിക്കുന്നതിന് ചെലവ് വരുന്നത്. വിദൂര കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് ഈ തുക അപര്യാപ്തമാണ്. വൈദ്യുതി ലൈൻ വലിക്കുന്നതിന് വനംവകുപ്പിന്റെ അനുമതി വേണ്ടിവരുന്ന സാഹചര്യത്തിലും നിലവിലുള്ള വൈദ്യുതി ശൃംഖല എത്തിക്കാൻ സാധ്യമല്ലാത്ത വിദൂര കോളനികളിലും Decentralised and Distributed Generation and Micro Grid വഴിയാകും വൈദ്യുതീകരണം കൈവരിക്കുക. ഓരോ നിയോജക മണ്ഡലത്തിലും വൈദ്യുതി എത്തിക്കുന്നതിനാവശ്യമായ തുകയുടെ 50% പരമാവധി ഒരു കോടി രൂപ എന്ന നിലയ്ക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും ബാക്കി തുകയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് വീട് വയറിംഗ് പൂർത്തിയാക്കുന്നതിനു വേണ്ടിവരുന്ന തുകയും പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികളുടെ ഫണ്ടുകൾ,

സന്നദ്ധസംഘടനകളിൽ നിന്നുള്ള സാമ്പത്തിക സഹായം ഈ സ്രോതസ്സുകളെല്ലാം ഉപയോഗിച്ച് പണം സ്വരൂപിക്കാനാണ് ഗവൺമെന്റ് ലക്ഷ്യം വയ്ക്കുന്നത്.

ശ്രീ. എസ്. രാജേന്ദ്രൻ : സർ, സംസ്ഥാനത്തെ എല്ലാപേർക്കും ആവശ്യമായ വൈദ്യുതി ഞങ്ങളാണ് ഇടുക്കിയിൽനിന്നും തരുന്നത്. എന്നാൽ വേണ്ടത്ര കാശ് ഞങ്ങളുടെ കൈവശമില്ല. ആദിവാസി കോളനികൾ ധാരാളമുള്ള ഒരു ജില്ലയാണ് ഇടുക്കി. ഒരു കോടി രൂപ ഈ പദ്ധതിയിലേയ്ക്ക് വകയിരുത്തിയിരിക്കുന്നത് അപര്യാപ്തമാണ്. വൈദ്യുതിയില്ലാത്ത പ്രാദേശിക മേഖലകൾ വൈദ്യുതീകരിക്കുന്നതിന് അനുവദിച്ച തുക വർദ്ധിപ്പിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി മനസ്സ് കാണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ കടകംപള്ളി സുരേന്ദ്രൻ : സർ, ഞാൻ ഒരിക്കൽക്കൂടി ആവർത്തിക്കുകയാണ് ഓരോ നിയോജക മണ്ഡലത്തിലും വൈദ്യുതി എത്തിക്കുന്നതിനാവശ്യമായ തുകയുടെ അൻപത് ശതമാനം, പരമാവധി ഒരു കോടി രൂപ എന്ന നിലയ്ക്ക് കെ.എസ്.ഇ.ബി.യും ബാക്കി തുകയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് വീട് വയറിംഗ് പൂർത്തിയാക്കുന്നതിനുള്ള തുകയും

പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികളുടെ ഫണ്ടുകൾ, സന്നദ്ധ സംഘടനകളിൽ നിന്നുള്ള സാമ്പത്തിക സഹായം ഈ സ്രോതസ്സുകളിൽനിന്നും സമാഹരിച്ച് ഈ പ്രോജക്ട് മാർച്ച് 31-ഓടുകൂടി പ്രഖ്യാപിക്കാനാണ് ഗവൺമെന്റ് ലക്ഷ്യംവയ്ക്കുന്നത്. എല്ലാ സഹായവും ഉണ്ടാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. കെ. കുഞ്ഞിരാമൻ : സർ, ഏറ്റവും നല്ലൊരു പദ്ധതിയാണിത്. ഈ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വൈദ്യുതിയെത്താത്ത പ്രദേശമുള്ളത് എന്റെ മണ്ഡലംകൂടി ഉൾക്കൊള്ളുന്ന കാസർഗോഡ് ജില്ലയിലാണ്. അവിടെ വൈദ്യുതി എത്തിക്കുന്നതിന് പ്രധാനമായും രണ്ട് തടസ്സങ്ങളാണ് നേരിടുന്നത്. അതിൽ കൂടുതൽ തടസ്സമുള്ളത് വനംവകുപ്പിന്റെ ഭാഗത്തുനിന്നായതിനാലാണ് നേരത്തെ ഈ പദ്ധതി മുടങ്ങിപ്പോയത്. വനംവകുപ്പിന്റെ ഭാഗത്തുനിന്നുള്ള തടസ്സം നീക്കി കാസർഗോഡ് ജില്ലയിലെ എല്ലാ പ്രദേശത്തും, പ്രത്യേകിച്ച് ഫോറസ്റ്റ് ഏരിയായിൽ വൈദ്യുതി എത്തിക്കുന്നതിനായി എന്തെങ്കിലും ചെയ്യാൻ ഈ പദ്ധതിപ്രകാരം

കഴിയുമോയെന്നതാണ് എന്റെ ചോദ്യം.

<u>ശ്രീ കടകംപള്ളി സുരേന്ദ്രൻ</u> : സർ, വനമേഖല ഉൾപ്പടെയുള്ള പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള പരിഹാര മാർഗ്ഗങ്ങൾ ഈ പറഞ്ഞ പദ്ധതിയിലുണ്ട്. വനം വകുപ്പുമന്ത്രിയും പ്രസ്തുത വകുപ്പുമായി കൂടിയാലോചന നടത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റും സംസ്ഥാന വനനിയമങ്ങളിൽ ഈ കാര്യത്തിൽ ചില ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. ആ നിലയിൽ കേന്ദ്രനിയമത്തിൽതന്നെ ചില മാറ്റങ്ങൾ വന്നിട്ടുണ്ട്. അതെല്ലാം ഉപയോഗപ്പെടുത്തിയാൽ ഇന്നത്തെ സാഹചര്യത്തിൽ പരമാവധി വനംമേഖലയിലും ലൈൻ വലിച്ച് വൈദ്യുതി എത്തിക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കാൻ കഴിയും. വൈദ്യുതി വിതരണത്തിൽ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനാണ് ഗവൺമെന്റ് ലക്ഷ്യം വയ്ക്കുന്നത്. വൈദ്യുതി വിതരണത്തിന്റെ ഗുണനിലവാരത്തിലും മറ്റ് സേവനങ്ങൾ നൽകുന്നതിലും കെ.എസ്.ഇ.ബി.യെ ഇനിയും മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. കേരളത്തിൽനിന്നും ഇൻവേർട്ടറുകളും സ്റ്റെബിലൈസറുകളും ഡീസൽ ജനറേറ്ററുകളും അപ്രത്യക്ഷമാകുന്ന സമയത്തുമാത്രമെ വൈദ്യുതി വിതരണത്തിൽ ലോകോത്തര

നിലവാരത്തിലെത്തിയെന്ന് നമുക്ക് കണക്കാക്കാൻ സാധിക്കു. ഇതിന് കഴിയണമെങ്കിൽ വൈദ്യുതി പ്രസരണ വിതരണ ശൃംഖല ശക്തിപ്പെടുത്താനും ആവശ്യത്തിന് വൈദ്യുതി ലഭ്യമാക്കാനും കഴിയണം. കേരളത്തിന്റെ സ്വന്തം വൈദ്യുതിനിലയങ്ങൾ സ്ഥാപിച്ച് ആവശ്യത്തിനുള്ള വൈദ്യുതി ലഭ്യമാക്കാനാണ് ഗവൺമെന്റ് മുന്തിയ പരിഗണന നൽകുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ നയംമാറ്റംമൂലം മറ്റ് സംസ്ഥാനങ്ങളിലെ പുതിയ കേന്ദ്ര പദ്ധതികളിൽ നിന്നുള്ള വൈദ്യുതിവിഹിതം ഇനി പ്രതീക്ഷിക്കാൻ നമുക്ക് സാധിക്കില്ല. അതിന്റെ ഭാഗമായി നമ്മുടെ വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യം വച്ചുകൊണ്ട് ആദ്യപടിയായി മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. 60 മെഗാവാട്ടിന്റെ പള്ളിവാസൽ എക്സ്റ്റെൻഷൻ, 40 മെഗാവാട്ടിന്റെ തോട്ടിയാർ പദ്ധതി ഇവയെല്ലാം മുടങ്ങിക്കിടക്കുന്ന പദ്ധതികളിൽ സാമാന്യം വലിയ പദ്ധതികളാണ്. ഈ രണ്ട് പദ്ധതികളുടെയും എല്ലാ തടസ്സങ്ങളും മാറ്റി മൂന്ന് മാസത്തിനകം നിർമ്മാണം പുനരാരംഭിക്കാൻ ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി ഒരു

സമയക്രമം തയ്യാറാക്കിയിട്ടുണ്ട്, അതനുസരിച്ച് മുന്നോട്ടുപോകാൻ സാധിച്ചാൽ വരുന്ന മൂന്ന് വർഷത്തിനുള്ളിൽ 60 മെഗാവാട്ടും 40 മെഗാവാട്ടും കൂടിച്ചേർന്ന് ആകെ 100 മെഗാവാട്ടിന്റെ പദ്ധതികൾ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് ഗവൺമെന്റ് കരുതുന്നത്.

P-3-10-2016-SN-VR-1

12.30-12.40

(തുടർച്ച -ശ്രീ. കടകംപള്ളി സുരേന്ദ്രൻ)

ഇതുകൂടാതെ 149 മെഗാവാട്ട് ആകെ ശേഷിവരുന്ന 14 ചെറുകിട ജലവൈദ്യുത പദ്ധതികൾ ഒരു വർഷത്തിനകം നിർമ്മാണം ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. പെരുവണ്ണാമുഴി 6 മെഗാവാട്ട്, പഴശ്ശി സാഗർ 7.5 മെഗാവാട്ട്, ചിന്നാർ 24 മെഗാവാട്ട്, ലാഡ്രം (ladrum) 3.5 മെഗാവാട്ട്, അപ്പർ ചെങ്കുളം 24 മെഗാവാട്ട്, ഒളിക്കൽ(Olikkal) 5 മെഗാവാട്ട്, പൂവാരംതോട് (Poovaramthodu) 3 മെഗാവാട്ട്, മർമ്മല (Marmala) 7 മെഗാവാട്ട്, ചെമ്പുക്കടവ് III 7.5 മെഗാവാട്ട്, മാങ്കുളം (Mankulam) 40 മെഗാവാട്ട്, പീച്ചാട് (Peechad) 3 മെഗാവാട്ട്, വെസ്റ്റേൺ കല്ലാർ 5 മെഗാവാട്ട്, മരിപ്പുഴ (Maripuzha) 6 മെഗാവാട്ട്,

വാലംതോട് (Valamthodu)7.5 മെഗാവാട്ട് എന്നിവയാണ് പതിനാല് ചെറുകിട ജലവൈദ്യുത പദ്ധതികൾ. വൻകിട പദ്ധതികളുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ മുൻകൂട്ടി കണ്ടുകൊണ്ടാണ് വൈദ്യുതി ബോർഡ് ഈ നിലയിലുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ പ്രായോഗികമായി കൊണ്ടുവരുന്നതിനുള്ള നടപടികളിലേയ്ക്ക് സജീവമായി ഏർപ്പെട്ടത്. ഇപ്രകാരം 149 മെഗാവാട്ട് ശേഷിവരുന്ന ചെറുകിട പദ്ധതികൾ വളരെവേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്നാണ് തോന്നുന്നത്. ഇതുകൂടാതെ ഭൂതത്താൻ കെട്ട് 24 മെഗാവാട്ട്, പെരുന്തേനരുവി 6 മെഗാവാട്ട്, അപ്പർ കല്ലാർ 2 മെഗാവാട്ട്, പെരിങ്ങൽകുത്ത് 24 മെഗാവാട്ട്, കക്കയം 3 മെഗാവാട്ട് എന്നിങ്ങനെ നിർമ്മാണം ആരംഭിച്ച പദ്ധതികൾ ഈ ഗവൺമെന്റിന്റെ കാലയളവിൽതന്നെ സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതുവഴി 2 വർഷത്തിനകം 59 മെഗാവാട്ട് ശേഷി വർദ്ധിപ്പിക്കാനാണ് ഗവൺമെന്റിന്റെ ലക്ഷ്യം. ഈ നിലയിൽ വരുന്ന മൂന്ന് വർഷക്കാലത്തിനകം 300 മെഗാവാട്ടിലധികം ശേഷിയുടെ വർദ്ധനവ് സംസ്ഥാനത്തെ ഊർജ്ജമേഖലയിൽ കൈവരിക്കാൻ സാധിക്കുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. ആ നിലയിലുള്ള സജ്ജീവമായ പ്രവർത്തനങ്ങളാണ് മുന്നോട്ട് കൊണ്ടുപോകുന്നത്.

സോളാറിന്റെ വിഷയം ഇവിടെ പരാമർശിക്കുകയുണ്ടായി. ഈ ഗവൺമെന്റ് അധികാരത്തിൽവന്ന ഉടൻതന്നെ സജീവമായി ഏറ്റെടുത്ത ഒരു പ്രോജക്ടാണിത്. 200 മെഗാവാട്ട് ശേഷിയുള്ള കാസർഗോഡ് സോളാർ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതിനുള്ള നീക്കം നടക്കുകയാണ്.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഇതിൽ സോളാർ എന്ന പേര് മാറ്റി വേറെ ഏതെങ്കിലും നല്ല പേര് സ്വീകരിക്കാൻ ശ്രമിക്കണം. കാരണം ഈ പേര് കേൾക്കുമ്പോൾത്തന്നെ നാണക്കേടാകുകയാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഈ പ്രോജക്ടിന്റെ ആദ്യഘട്ടമായ 50 മെഗാവാട്ട് ശേഷിയുള്ള പ്രോജക്ട് ഈ ഡിസംബർ മാസത്തിലും ബാക്കി 150 മെഗാവാട്ട് ശേഷിയുള്ള പ്രോജക്ട് എത്രയും പെട്ടെന്നുതന്നെ പൂർത്തീകരിക്കാനുമാണ് ഉദ്ദേശിക്കുന്നത്. ഇതുകൂടാതെ 200 മെഗാവാട്ടിന്റെ മറ്റൊരു സോളാർ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക ചർച്ചകളും ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്ടും കാസർഗോഡ് ജില്ലയിൽത്തന്നെയാണ്. കൂടാതെ 200 മെഗാവാട്ട് സോളാർ വൈദ്യുതി വാങ്ങുന്നതിനുള്ള ടെണ്ടർ നടപടി ഉടൻ ആരംഭിക്കുന്നുണ്ട്. വികേന്ദ്രീകൃത സോളാർ പദ്ധതികൾ സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.-യുടെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം ഉപയോഗിക്കുന്നുണ്ട്. ഇത്തരം പദ്ധതികളിലൂടെ മറ്റൊരു 100 മെഗാവാട്ട്

പദ്ധതികൂടി പ്രതീക്ഷിക്കുകയാണ്. പാലക്കാട്, ഇടുക്കി ജില്ലകളിൽ കാറ്റിൽ നിന്നും 100 മെഗാവാട്ട് ശേഷിയുള്ള പദ്ധതി കൂട്ടിച്ചേർക്കുന്നതിനും നടപടി ആരംഭിച്ചിട്ടുണ്ട്. വൈദ്യുതി ലഭ്യത വർദ്ധിപ്പിക്കുന്നതോടൊപ്പം പ്രസരണ ലൈനുകളും സബ്സ്റ്റേഷനുകളും കൂട്ടിച്ചേർത്താൽ മാത്രമേ എല്ലായിടത്തും തടസ്സം കൂടാതെ വൈദ്യുതി എത്തിക്കാൻ സാധിക്കൂ.

ശ്രീ. പി. സി. ജോർജ്: സർ, കാറ്റിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദനവുമായി ബന്ധപ്പെട്ട് ഇടുക്കി ജില്ല എന്ന പരാമർശം മാറ്റി മലയോര മേഖല എന്നാക്കിയാൽ കൂടുതൽ പ്രയോജനം ലഭിക്കും. അതുപോലെത്തന്നെ എൽ.ഇ.ഡി. ബൾബ് ഉപയോഗിക്കുകയാണെങ്കിൽ വൈദ്യുതി ഉപഭോഗം അഞ്ചിലൊന്നായി കുറയ്ക്കാൻ സാധിക്കും. അങ്ങ് എന്തുകൊണ്ടാണ് അത്തരം നടപടികൾ സ്വീകരിക്കാത്തത്?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ ഓരോ വിഷയത്തിലേയ്ക്ക് കടന്നുവരികയാണ്. 220 കെ.വി. സബ്സ്റ്റേഷൻ - 2, 110 കെ.വി.സബ്സ്റ്റേഷൻ -7, 66 കെ.വി. സബ്സ്റ്റേഷൻ-1, 33 കെ.വി. സബ്സ്റ്റേഷൻ - 11 എന്നിവയാണ് 2017 മാർച്ച് മാസത്തിനുള്ളിൽ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ട 21 സബ്സ്റ്റേഷനുകൾ. ഈ പ്രോജക്ടുകളുടെ നിർമ്മാണം നേരത്തെ ആരംഭിച്ചെങ്കിലും അടുത്ത കാലത്താണ് അതിന്റെ പ്രവർത്തനങ്ങൾ പരിശോധിച്ച് വളരെ വേഗതയിൽ

പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചത്. ഇത് കൂടാതെ ഒരു പ്രധാനപ്പെട്ട കാര്യം തീരുമാനിച്ചിട്ടുണ്ട്. ഉയർന്ന വോൾട്ടേജിലുള്ള അതായത് 400 കെ.വി. 220 കെ.വി. സബ്സ്റ്റേഷനുകളുടെ അപര്യാപ്തതമൂലം കടുത്ത വോൾട്ടേജ് ക്ഷാമവും വൈദ്യുതി തടസ്സവും സംസ്ഥാനത്ത് അനുഭവപ്പെടുന്നുണ്ട്. കൂടാതെ പുതിയ പ്രസരണ ലൈനുകൾ വലിക്കാൻ എതിർപ്പും നേരിടുന്നുണ്ട്. ഈ സാഹചര്യത്തിൽ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നിലവിലുള്ള പ്രസരണ ലൈനുകൾ ഉയർന്ന വോൾട്ടേജിലേയിക്ക് ഉയർത്തുന്നതടക്കമുള്ള ബൃഹത്തായ Transgrid 2.0 എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. പതിനായിരം കോടി രൂപ മുതൽമുടക്കാവശ്യമുള്ള ഈ പദ്ധതിക്ക് കിഫ്ബിയിൽ നിന്ന് സഹായം ലഭ്യമാക്കുന്നുണ്ട്. നിലവിൽ ഒരു 400 കെ.വി. സബ്സ്റ്റേഷനും ഇരുപത് 220 കെ.വി. സബ്സ്റ്റേഷനുമാണ് കെ.എസ്.ഇ.ബി.-ക്കുള്ളത്. 5 വർഷം കൊണ്ട് പുതുതായി അഞ്ച് 400 കെ.വി. സബ്സ്റ്റേഷനുകളും ഇരുപത്തിനാല് 220 കെ.വി. സബ്സ്റ്റേഷനുകളുമാണ് നിർമ്മിക്കാൻ ലക്ഷ്യമിടുന്നത്.

ശ്രീ. കെ.വി. അബ്ദുൾ ഖാദർ: സർ, നഗരങ്ങളിലും ഗ്രാമങ്ങളിലുമുള്ള വൈദ്യുതി ലൈനുകളിൽ പലതും പഴയ രീതിയിലാണ് തുടരുന്നത്. പ്രസരണ നഷ്ടം ഒഴിവാക്കുന്നതിനായി യു.ജി. കേബിളുകൾ വ്യാപകമാക്കുന്നത് ഗുണകരമാകില്ലേ?

അത് ചില നഗരങ്ങളിൽ നിലവിലുണ്ട്. അതിനുള്ള പദ്ധതികൾ കെ.എസ്.ഇ.ബി.-ക്ക് ഉണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, യു.ജി. കേബിൾ തന്നെയാണ് ലക്ഷ്യം വയ്ക്കുന്നത്. പ്രസ്തുത പദ്ധതിക്ക് ചെലവ് കൂടുതലായതിനാൽ അതുസംബന്ധിച്ചുള്ള ചെറിയ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. വരുകാലങ്ങളിൽ അതിലേയ്ക്കുള്ള നടപടികളിലേയ്ക്ക് നീങ്ങും. കെ.എസ്.ഇ.ബി.-യുടെ വൈദ്യുതിയെ പൂർണ്ണമായും ജനങ്ങൾ വിശ്വാസത്തിലെടുത്തുകൊണ്ട് ഇൻവെർട്ടറുകളും സ്റ്റെബിലൈസറുകളും ഒഴിവാക്കണമെങ്കിൽ ഇതിന് പര്യാപ്തമായ രീതിയിൽ വൈദ്യുതി വിതരണശൃംഖല മെച്ചപ്പെടുത്തേണ്ടതുണ്ട്. എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ മേഖലകളിലും Ring Main Electrical Power Distribution System യാഥാർത്ഥ്യമാക്കിയാൽ ഒന്നിലധികം സബ്സ്റ്റേഷനുകളും ഫീഡറുകളും വഴി ഓരോ പ്രദേശത്തും ഒന്നിലധികം സ്രോതസ്സുകളിൽ നിന്ന് വൈദ്യുതി ലഭ്യത ഉറപ്പുവരുത്താൻ സാധിക്കും. വൈദ്യുതി തകരാറുമൂലമുള്ള വ്യാപകമായ വൈദ്യുതി തടസ്സം ഇതുവഴി ഒഴിവാക്കാൻ സാധിക്കും. അതോടൊപ്പം UG Cable, ABC Conductor, Covered Conductor എന്നിവ ഉപയോഗിച്ച് സിസ്റ്റം ഇംപ്രൂവ്മെന്റ് വർക്കുകൾ ആസൂത്രണം ചെയ്ത് വൈദ്യുതി തടസ്സങ്ങൾ ഗണ്യമായി കുറയ്ക്കാൻ നടപടി ആരംഭിക്കും. ഗ്രാമപ്രദേശങ്ങളിൽ

കുറഞ്ഞത് രണ്ട് സബ്സ്റ്റേഷനുകളിൽ നിന്നുള്ള ഫീഡറുകൾ ഓരോ പ്രദേശത്തും എത്തിക്കാനാണ് ലക്ഷ്യമിടുന്നത്. ജനങ്ങൾക്ക് നൽകുന്ന സേവനം മികച്ചതാകാൻ വൈദ്യുതി ബോർഡ് നടപടി സ്വീകരിക്കും. ഇതുമായി ബന്ധപ്പെട്ട് കേരളത്തിൽ എവിടെ നിന്നും പരാതി രേഖപ്പെടുത്താൻ 1912 എന്ന നമ്പർ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സഭ സമ്മേളിക്കുന്ന സന്ദർഭത്തിൽ 1912-ലേയ്ക്കുള്ള എല്ലാ വിളികളും ഇനിമുതൽ സൗജന്യമായിരിക്കും. അതുപോലെതന്നെ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷ ഒറ്റ പേജാക്കി ചുരുക്കി നടപടിക്രമങ്ങൾ അങ്ങേയറ്റം ലളിതാക്കാനും റഗുലേറ്ററി കമ്മീഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. വൈദ്യുതി ഉപഭോക്താക്കൾ നൽകേണ്ട വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നത് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനാണ്. ഇതനുസരിച്ച് പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതും ഉപഭേക്താക്കളുടെ പേര് മാറ്റുന്നതും സംബന്ധിച്ച നടപടിക്രമങ്ങൾ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ൽ പ്രതിപാദിക്കുന്നുണ്ട്. ഉപഭോക്താവിന് പുതിയ സർവ്വീസ് കണക്ഷൻ ലഭിക്കാൻ അപേക്ഷകന്റെ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖ, സ്ഥിരം മേൽവിലാസം തെളിയിക്കുന്ന രേഖ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന പ്രത്യേക അനുമതി, വയറിംഗ് പൂർത്തീകരണ സർട്ടിഫിക്കറ്റ്, ഇലക്ട്രിക്കൽ

ഇൻസ്പെക്ടറുടെ അനുമതി തുടങ്ങി പല രേഖകളും ഹാജരാക്കേണ്ടതുണ്ട്. ഇത് ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഈ വൈഷമ്യങ്ങൾ പരിഹരിക്കുന്നതിനായി നടപടിക്രമങ്ങൾ ലഘൂകരിച്ച് വെറും രണ്ട് രേഖകൾ, അതായത് തിരിച്ചറിയൽ രേഖയും ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖയും മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ട വിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്താൻ കെ.എസ്.ഇ.ബി.-യും സർക്കാരും കേരള ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(തുടരും)

P-03-10-2016-JK-VR-2
12.40-12.50

(ശ്രീ. കടകംപള്ളി സുരേന്ദ്രൻ - തുടർച്ച)

100 ചതുരശ്ര മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ള ഗാർഹികാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖയില്ലാതെ തന്നെ വൈദ്യുതി കണക്ഷൻ നൽകുന്നതാണ്. പുതിയ സർവ്വീസ് കണക്ഷൻ ലഭിക്കുന്നതിനും ഉടമസ്ഥാവകാശ മാറ്റത്തിനുള്ള നടപടിക്രമങ്ങളുടെ ലഘൂകരണത്തിനോടൊപ്പം തന്നെ അപേക്ഷാ ഫാറം കൂടുതൽ ലഘൂകരിക്കുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാനായി അപേക്ഷകന്റെ കണക്റ്റഡ് ലോഡിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൻ നൽകേണ്ട തുക കണക്കിലാക്കുന്ന രീതി സ്വീകരിക്കുന്നതിനും 100 കെ.വി.എ.-ക്ക് മുകളിലുള്ള ഉപഭോക്താക്കൾ മുൻകൂട്ടി അപേക്ഷ നൽകാനുള്ള അവസരം നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വൈദ്യുതി റഗുലേറ്ററി കമ്മീഷന് കെ.എസ്.ഇ.ബി. സമർപ്പിച്ച നിർദ്ദേശം അംഗീകരിച്ചാൽ മാർച്ച് 2017-നുള്ളിൽ നടപടിക്രമങ്ങളുടെ ലഘൂകരണം കെ.എസ്.ഇ.ബി. നടപ്പിലാക്കും. ഇതുവഴി കൂടുതൽ ഉപഭോക്തൃ സംതൃപ്തി നേടുവാനും കേരളത്തെ ഒരു വ്യവസായ സൗഹൃദ സംസ്ഥാനമാക്കാനും സാധിക്കും. കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014

ചട്ടങ്ങൾ പ്രകാരം അപേക്ഷകൻ പണമടച്ച് 30 ദിവസത്തിനുള്ളിൽ പുതിയ സർവ്വീസ് കണക്ഷൻ ലഭിക്കണമെന്ന് പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ ഉപഭോക്തൃ സംതൃപ്തി മുൻനിർത്തി സർവ്വീസ് കണക്ഷൻ കൂടുതൽ വേഗത്തിൽ ലഭ്യമാക്കുവാനാണ് കെ.എസ്.ഇ.ബി. ലക്ഷ്യമിടുന്നത്. ഇതനുസരിച്ച് പുതിയ പോസ്റ്റോ ലൈനോ സ്ഥാപിക്കേണ്ടാത്ത കണക്ഷന് 2 പ്രവൃത്തി ദിവസത്തിനുള്ളിലും സപ്പോർട്ട് പോസ്റ്റിന്റെ ആവശ്യമുള്ളതും അതുപോലെ മറ്റ് കണക്ഷനുകൾക്കും 7 ദിവസത്തിനുള്ളിലും ഓവർ ഹെഡ് ലൈൻ വലിക്കേണ്ട കണക്ഷനുകൾക്ക് 15 ദിവസത്തിനുള്ളിലും കണക്ഷൻ നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

കാലവർഷം മോശമായതുമൂലമുള്ള പ്രതിസന്ധിയെ സംബന്ധിച്ച് ഇവിടെ സംസാരിക്കുകയുണ്ടായി. ശരിയാണ്, കാലവർഷത്തിൽ വൻ കുറവാണ് നമ്മുടെ സംസ്ഥാനത്തുണ്ടായത്. ജലസംഭരണത്തിലും വലിയ തോതിലുള്ള കുറവ് വന്നിട്ടുണ്ട്. ഈ വർഷം നാളിതുവരെയുള്ള കണക്ക് പ്രകാരം പ്രതീക്ഷിച്ചിരുന്ന നീരൊഴുക്കിന്റെ ഏകദേശം 58 ശതമാനം നീരോഴുക്ക് മാത്രമേ നമ്മുടെ സംസ്ഥാനത്ത് ലഭിച്ചിട്ടുള്ളു. 30.09.2016 വരെയുള്ള കണക്ക് പ്രകാരം 2014 ദശലക്ഷം യൂണിറ്റിന്റെ വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള ജലത്തിന്റെ കുറവുണ്ടായിട്ടുണ്ട്. കഴിഞ്ഞ പത്ത് വർഷത്തെ ശരാശരി നീരൊഴുക്ക് പ്രകാരം ഈ വർഷം പ്രതീക്ഷിക്കുന്ന നീരൊഴുക്ക് 7200

ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളമാണ്. തൽസ്ഥാനത്ത് 5200 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളം മാത്രമേ ജലസംഭരണികളിൽ ഈ വർഷം പ്രതീക്ഷിക്കുന്നുള്ളൂ. എന്നാൽ മധ്യകാല-ദീർഘകാല കരാറുകൾ മുഖേനെയും ഡി.ബി.എഫ്.ഒ.ഒ. പ്രകാരം ഡിസംബർ 2016 മുതൽ ലഭ്യമാക്കേണ്ടിയിരുന്ന വൈദ്യുതി ജൂൺ മുതൽ ലഭ്യമാക്കുക വഴിയും പവർ എക്സ്ചേഞ്ചുകളിൽ നിന്ന് നിരക്ക് കുറവുള്ള സമയങ്ങളിൽ വൈദ്യുതി വാങ്ങി ഉപയോഗിച്ചും ജലവൈദ്യുതി ഉൽപ്പാദനം കുറച്ച് ജലസംഭരണികളിലെ വെള്ളം വരും മാസങ്ങളിലേയ്ക്ക് കരുതി വയ്ക്കാനും സാധിച്ചിട്ടുണ്ട്. 2017 മാർച്ച്-ജൂൺ വരെയുള്ള കാലയളവിലെ അധിക ഉപഭോഗം കണക്കിലെടുത്ത് 200 മെഗാവാട്ട് വൈദ്യുതി കൂടി ഡി.പി. ബിഡ്ഡിംഗ് വഴി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കൂടുതൽ വൈദ്യുതി പവ്വർ എക്സ്ചേഞ്ചുകളിൽ നിന്ന് വാങ്ങി ജലവൈദ്യുത ഉൽപ്പാദനം കുറയ്ക്കുവാനും നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇതുകൂടാതെ 2016 ആഗസ്റ്റ് -സെപ്റ്റംബർ മാസങ്ങളിൽ നീരൊഴുക്കിലുണ്ടായ ഗണ്യമായ കുറവ് പരിഗണിച്ച് 2017 മാർച്ച് മുതൽ ജൂൺ വരെയുള്ള കാലയളവിൽ അധികമായി 150 മെഗാ വാട്ട് വൈദ്യുതി വാങ്ങാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കാലവർഷം കുറഞ്ഞതുമൂലം ഉണ്ടാകുന്നതായിട്ടുള്ള വലിയ പ്രതിസന്ധി, മാർച്ച്-ഏപ്രിൽ മാസം കുട്ടികളുടെ പരീക്ഷാ സമയമായിക്കും,

ആ സമയത്തായിരിക്കും കൂടുതൽ ബുദ്ധിമുട്ടുണ്ടുണ്ടാകുന്നത്. അത് മറികടക്കുന്നതിന് ആവശ്യമായിട്ടുള്ള കരുതൽ വൈദ്യുതി ബോർഡ് ഇതിനകം സ്വീകരിച്ചിട്ടുണ്ട് എന്നുള്ള കാര്യം കൂടി ഈ സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

കായംകുളം നിലയത്തിന്റെ പ്രതിസന്ധിയെ സംബന്ധിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. കായംകുളം നിലയം ഇനി ഡിസ്മാന്റിൽ ചെയ്യുന്നതാണ് നല്ലത് എന്ന് ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രി അഭിപ്രായം പ്രകടിപ്പിച്ചത് ഞാൻ ഈ സന്ദർഭത്തിൽ ഓർമ്മിക്കുകയാണ്. കാരണം അത്രയും വിലകൊടുത്ത് വൈദ്യുതി വാങ്ങേണ്ടിവരുന്നതാണ് കായംകുളം നിലയത്തിന്റെ ഇന്നത്തെ അവസ്ഥ. അത് കെ.എസ്.ഇ.ബി.-ക്ക് താങ്ങാൻ കഴിയുന്നതല്ല. പക്ഷെ ഏതെങ്കിലുമൊരു പ്രത്യേക സാഹചര്യം വന്നാൽ, ഒരു കാരണവശാലും വൈദ്യുതി ലഭ്യമല്ലാത്ത സാഹചര്യം വന്നുപോയാൽ ആ സന്ദർഭത്തിൽ കായംകുളം നിലയം നമുക്ക് ഒരു സഹായിയായി വർത്തിക്കും. അതുകൊണ്ട് ആ നിലയം നിലനിർത്തിക്കൊണ്ടുപോകേണ്ടതുണ്ട്. ഇന്ന് അത് കനത്ത പ്രതിസന്ധിയെ നേരിടേണ്ടിവരികയാണ്. ഒരു യൂണിറ്റ് വൈദ്യുതി പോലും കായംകുളം താപവൈദ്യുതിനിലയത്തിൽ നിന്ന് വാങ്ങുന്നില്ലെങ്കിൽ പോലും ഫിക്സഡ് ചാർജെന്ന നിലയിൽ നമ്മൾ വലിയ തുക നൽകേണ്ടിവരികയാണ്. കരാറിന്റെ അടിസ്ഥാനത്തിലാണ് അത് നൽകുന്നത്.

ഏതാണ്ട് 2015-16 വാർഷികാടിസ്ഥാനത്തിൽ 207.13 കോടി രൂപ ഫിക്സഡ് ചാർജ്ജിനത്തിൽ നമുക്ക് നൽകേണ്ടി വന്നിട്ടുണ്ട്. അത് കുറയ്ക്കണമെന്ന നിലയിലുള്ള സംസ്ഥാന ഗവൺമെന്റിന്റെ ആവശ്യം അംഗീകരിക്കുന്ന മട്ടല്ല കണ്ടത്. ഒരു പെറ്റീഷൻ കൊടുത്തിട്ടുണ്ടായിരുന്നു. പ്രതിവർഷം ഇപ്പോൾ 299 കോടി രൂപ നൽകേണ്ടതായി വരുന്നു. അത് യഥാർത്ഥത്തിൽ കെ.എസ്.ഇ.ബി.-ക്ക് വലിയ ബാധ്യതയായി മാറിയിട്ടുണ്ട് എന്നത് വസ്തുതാപരമാണ്. ഇവിടെ സൂചിപ്പിച്ച കാര്യം ശരിയാണ്.

കൊച്ചി ബി.എസ്.ഇ.സ്. നിലയവുമായിട്ടുള്ള വൈദ്യുതി വാങ്ങൽ കരാറിനെ സംബന്ധിച്ച് പരാമർശിക്കുകയുണ്ടായി. ബി.എസ്.ഇ.എസ്. കേരള പവർ ലിമിറ്റഡ് എന്ന സ്ഥാപനം കൊച്ചിയിൽ 165 മെഗാ വാട്ട് സ്ഥാപിത ശേഷിയുള്ള ഒരു താപ വൈദ്യുതി നിലയം സ്ഥാപിച്ച് 2000-ൽ വാണിജ്യാടിസ്ഥാനത്തിൽ വൈദ്യുതോത്പാദനം തുടങ്ങിയതാണ്. അത് കേരള സംസ്ഥാന വൈദ്യുതി ബോർഡ് സമയാസമയങ്ങളിലുള്ള കേരളത്തിന്റെ വൈദ്യുതി ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പ്രസ്തുത നിലയത്തിൽ നിന്ന് വൈദ്യുതി വാങ്ങാനായി ബി.കെ.പി.എൽ.-മായി 03.05.1999-ലാണ് കരാറിൽ ഒപ്പിട്ടത്. ടി.സി.സി.എൽ. പാട്ടക്കരാർ നൽകിയ ഇരുപത് ഏക്കർ സ്ഥലത്താണ് പ്രസ്തുത നിലയം

നിലനിൽക്കുന്നത്. പ്രസ്തുത നിലയം പ്രവർത്തനക്ഷമമാകുന്നതു മുതൽ 15 വർഷക്കാലത്തേയ്ക്കായിരുന്നു കരാർ. ഈ കരാർ പ്രകാരം ഇരുകക്ഷികളും തയ്യാറാകുന്ന പക്ഷം കരാർ അടുത്ത 10 വർഷക്കാലയളവിലേയ്ക്ക് നിബന്ധനകൾക്ക് വിധേയമായി വീണ്ടും പുതുക്കാവുന്നതാണെന്നും അന്ന് കരാറിലുണ്ടായിരുന്നു. 03.05.1999-ൽ വച്ച കരാർ 31.10.2015-ന് അവസാനിക്കുന്ന സാഹചര്യത്തിൽ 20.05.2015-ൽ ചേർന്ന ഡയറക്ടർ ബോർഡ് യോഗം പ്രസ്തുത കരാർ ചില നിബന്ധനകൾക്ക് വിധേയമായി 2 വർഷത്തേയ്ക്ക് കൂടി നീട്ടാൻ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പ്ലാന്റിന് കാലപ്പഴക്കംമൂലം വിലയിടിവ് വന്നിട്ടുള്ളതിനാൽ നിലവിലെ താരിഫും മറ്റ് നിബന്ധനകളും കാലാനുസൃതമായി മാറ്റിക്കൊണ്ടായിരിക്കണം വൈദ്യുതി വാങ്ങൽ കരാറിൽ ഏർപ്പെടേണ്ടതെന്നും ഡയറക്ടർ ബോർഡ് യോഗം നിഷ്കർഷിച്ചിട്ടുണ്ട്. ആയത് കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ അനുമതിക്ക് വിധേയമായിട്ടായിരിക്കും എന്ന് പറഞ്ഞിട്ടുണ്ട്. ബി.കെ.പി.എൽ. പ്ലാന്റ് കേരളത്തിനകത്ത് സ്ഥിതി ചെയ്യുന്നതുകൊണ്ട് അന്തർ സംസ്ഥാന ട്രാൻസ്മിഷൻ ലൈനിന്റെ നിയന്ത്രണങ്ങൾക്ക് അത് വിധേയമല്ല. കൂടാതെ ലോഡ് സെന്ററിൽ സ്ഥിതി ചെയ്യുന്ന പ്ലാന്റായതുകൊണ്ട് ട്രാൻസ്മിഷൻ ലൈൻ വഴിയുള്ള നഷ്ടവുമുണ്ടാകുന്നില്ല. ഇതെല്ലാം കണക്കിലെടുത്താണ്

രണ്ടു വർഷത്തേയ്ക്ക് കൂടി വൈദ്യുതി വാങ്ങൽ കരാർ നീട്ടാൻ ബോർഡ് തത്വത്തിൽ അംഗീകാരം നൽകിയത്. പ്രകൃതി വാതക വില കുറയുകയും ആവശ്യത്തിന് ലഭ്യമാകുകയും ചെയ്താൽ ദീർഘകാലാടിസ്ഥാത്തിൽ പ്രകൃതി വാതകമുപയോഗിച്ച് പ്രവർത്തിപ്പിക്കാൻ ബി.കെ.പി.എൽ. പ്ലാന്റ് ഉപയോഗിക്കാവുന്നതാണ്. ഗ്യാസ് പൈപ്പ് ലൈൻ കടന്നു പോകുന്നത് പ്രസ്തുത പ്ലാന്റിന് സമീപത്തു കൂടിയാണ്. കൂടാതെ ഗ്യാസ് സ്വീകരിക്കുന്നതിന് ആവശ്യമായ കണക്റ്റിവിറ്റിയും പ്ലാന്റിനുണ്ട്. കെ.എസ്.ഇ.ബി.എൽ. നിർദ്ദേശിക്കുന്ന നിബന്ധനകൾക്ക് വിധേയമായി പുതുക്കിയ താരിഫും കരാറും അനുമതിക്കായി കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ മുമ്പാകെ 03.10.2015-ന് ബി.കെ.പി.എൽ. അപേക്ഷ സമർപ്പിച്ചിരുന്നു, അപേക്ഷ പരിഗണിച്ച 28.10.2015-ൽ കമ്മീഷൻ നൽകിയ ഡെയിലി ഓർഡർ അനുസരിച്ച് രണ്ടു വർഷത്തേയ്ക്ക് കരാർ നീട്ടാൻ ഡയറക്ടർ ബോർഡ് യോഗം തീരുമാനമെടുക്കാൻ ഇടയായ സാഹചര്യം വിശദീകരിച്ചുകൊണ്ട് കമ്മീഷൻ മുമ്പാകെ വിശദമായ റിപ്പോർട്ട് കെ.എസ്.ഇ.ബി.എൽ. നൽകിയിട്ടുണ്ട്. കൂടാതെ ബി.കെ.പി.എൽ.-ഉം കെ.എസ്.ഇ.ബി.എൽ.-ഉം കൂടി ചർച്ച ചെയ്ത് താരിഫിലും കരാറിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങളിലും തീരുമാനത്തിലെത്തി പുതുക്കിയ കരാർ കയ്യൊപ്പ് പതിച്ച ശേഷം കമ്മീഷന്റെ അനുമതിക്കായി സമർപ്പിക്കാൻ

നിർദ്ദേശിച്ചിരുന്നു. നിലവിലുള്ള ദീർഘകാല കരാറുകളും എൻ.റ്റി.പി.സി.-യുടെ ഉടമസ്ഥതയിലുള്ള കായംകുളം നിലയം സ്റ്റാന്റ്-ബൈ പ്ലാന്റായി നിലനിർത്തുകയും ചെയ്ത സാഹചര്യത്തിൽ ബി.കെ.പി.എൽ.-മായുള്ള കരാർ നീട്ടി നൽകുന്നത് നയപരമായ തീരുമാനമായതിനാൽ ഇതിൽ ഉചിതമായ തീരുമാനമെടുക്കാൻ ഗവൺമെന്റിനോട് അപേക്ഷിച്ചിരുന്നു. ഗവൺമെന്റ് അത് സംബന്ധിച്ച് രണ്ടു വർഷത്തേയ്ക്കു കൂടി നീട്ടുന്നതിനുള്ള തീരുമാനത്തിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച താരിഫ് ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ച സാഹചര്യത്തിൽ കെ.എസ്.ഇ.ബി.എൽ. വിവിധ തലങ്ങളിലായി ബി.കെ.പി.എൽ.-മായി വിശദമായ ചർച്ചകൾ നടത്തിയെങ്കിലും കരാറിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങളിലും താരിഫിലും യോജിച്ച തീരുമാനത്തിലെത്താൻ ഇനിയും കഴിഞ്ഞിട്ടില്ല. വിയോജിപ്പുള്ള കാര്യങ്ങൾ ഉൾപ്പെടുത്തിയ കരട് കരാറും മറ്റ് വിശദാംശങ്ങളും കൂടി 25.04.2016-ൽ കെ.എസ്.ഇ.ആർ.സി.-ക്ക് മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഏതായാലും കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ 22.6.2015, 10.8.2016 എന്നീ തീയതികളിൽ വിശദമായിട്ടുള്ള ഹിയറിംഗ് നടത്തുകയും 16.8.2016-ന് ഡെയിലി

ഓർഡർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതാണ് അതിനെ സംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്. ബി.കെ.പി.എൽ. കരാർ പുതുക്കുന്നതിനായി ഒന്നാം വർഷം വാർഷിക ഫിക്സ്ഡ് ചാർജ്ജായി ആവശ്യപ്പെട്ടിരിക്കുന്നത് 43.06 കോടി രൂപയും രണ്ടാം വർഷത്തേയ്ക്ക് 44.75 കോടി രൂപയുമാണ്. ഫിക്സ്ഡ് ചാർജ്ജായി ഒരു യൂണിറ്റിന് ഒന്നാം വർഷം 0.3903 രൂപയും രണ്ടാം വർഷം 0.4069 രൂപയുമാണ്. എന്നാൽ കെ.എസ്.ഇ.ബി.എൽ.-ന്റെ നിർദ്ദേശം യൂണിറ്റിന് 0.297 രൂപയാണ്. ഒരു വർഷത്തേയ്ക്ക് 32.70 കോടി രൂപയാണ്. ഈ നിർദ്ദേശം കെ.എസ്.ഇ.ആർ.എ.-യെ അറിയിക്കുന്നതിന് ഡയറക്ടർ ബോർഡ് മുമ്പാകെ സമർപ്പിച്ചിരിക്കുകയാണ്. ഏതായാലും ചർച്ച നടത്തി തീരുമാനത്തിലെത്താൻ കഴിയാത്തതുകൊണ്ട് തീരുമാനം നീട്ടിവയ്ക്കുകയുണ്ടായിട്ടുണ്ട്. കഴിയുന്നത്ര വേഗതയിൽ അക്കാര്യത്തിൽ ഒരു തീരുമാനമെടുക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്. ഇവിടെ എൽ.ഇ.ഡി. ബൾബുകളുടെ വിതരണത്തെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. ഇതുവരെ ഇ.ഇ.എസ്.എൽ. 75 ലക്ഷം ബൾബുകൾ എത്തിച്ചിട്ടുണ്ട്. ഇതിൽ 72.5 ലക്ഷത്തോളം ബൾബുകൾ വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ട്. തുടർ വിതരണത്തിനായി 20 ലക്ഷം ബൾബുകൾക്കുള്ള ഓർഡർ നൽകിയിട്ടുണ്ട്. കൂടാതെ ഒരു കോടി ബൾബുകൾ ഇ-ടെൻഡർ വഴി വാങ്ങി വിതരണം

ചെയ്യുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചുവരുന്നു. അത് ലഭ്യമാകുന്ന മുറയ്ക്ക് വിതരണം ചെയ്യും. ഇതിനു പുറമെയാണ് കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ ധനസഹായത്തോടെ സാധാരണ ബൾബുകളും സി.എഫ്.എൽ.-ലുകളും മാറ്റി എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കുന്നതിലേയ്ക്കായി 2016-2017-ൽ തുടങ്ങി മൂന്ന് സാമ്പത്തിക വർഷങ്ങളിലായി 250 കോടി രൂപ മുതൽമുടക്കുള്ള പദ്ധതി സംസ്ഥാന ഗവൺമെന്റിന്റെ സജ്ജീവ പരിഗണനയിലാണ്. 3.75 കോടി എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതായത് നിലവിലുള്ള എല്ലാം സി.എഫ്.എൽ.-കളും സാധാരണ ബൾബുകളും മാറ്റി (റോഡിലുള്ളതും വീട്ടിലുള്ളതും ഉൾപ്പെടെ മുഴുവൻ ബൾബുകളും) എൽ.ഇ.ഡി. ബൾബുകൾ ആക്കുന്നതിനുള്ള നീക്കമാണ് ഗവൺമെന്റ് നടത്തുന്നത്. എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ, റോഡുകളിലും എല്ലാ വീടുകളിലും ഉപയോഗിക്കുന്ന മുഴുവൻ ബൾബുകളും എൽ.ഇ.ഡി. ബൾബുകളാക്കും. ഈ പദ്ധതി പൂർത്തീകരിക്കാൻ മൂന്നുവർഷം വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്. ഇതിലേയ്ക്കായി 250 കോടി രൂപയുടെ മുതൽമുടക്കാണ് പ്രതീക്ഷിക്കുന്നത്. ഇതിനായി കിഫ്ബിയിൽ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അത് നടപ്പിലാക്കുന്നതിന് ഗവൺമെന്റ് ശ്രമിക്കുകയാണ്. മുഴുവനും എൽ.ഇ.ഡി.

ബൾബുകൾ ആക്കാൻവേണ്ടിയാണ് ശ്രമിക്കുന്നത്. മസ്ദൂർ-കാഷ്യർ നിയമനത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം റ്റി.വി. രാജേഷ് സൂചിപ്പിച്ചത് പ്രധാനപ്പെട്ട പ്രശ്നംതന്നെയാണ്. വിവിധ ജില്ലകളിൽ പി.എസ്.സി. മുഖാന്തിരം 30.9.2013-ലെ റാങ്ക് ലിസ്റ്റിൽനിന്നും കുറെ മസ്ദൂർമാരെ നിയമിച്ചിട്ടുണ്ട്. അതിൽ തിരുവനന്തപുരത്ത് 100 പേരെയാണ് നിയമിച്ചിരിക്കുന്നത്. കൊല്ലം -37, പത്തനംതിട്ട -39, കോട്ടയം -96, ആലപ്പുഴ-242, ഇടുക്കി -58, എറണാകുളം- 166, തൃശ്ശൂർ -418, കോഴിക്കോട് -451, പാലക്കാട് -339, മലപ്പുറം- 300, കണ്ണൂർ -119, കാസർഗോഡ് -3, വയനാട് -90. ഇതിൽ ഇടുക്കി, കാസർഗോഡ്, വയനാട് തുടങ്ങിയ ചില പിന്നോക്ക ജില്ലകളിൽ നിയമനത്തിൽ കുറച്ചു കുറവ് വന്നിട്ടുണ്ട്. അവിടെ നമുക്ക് ആളുകളെ ആവശ്യമുണ്ട്. അതിനാവശ്യമായ ആളുകളെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. മസ്ദൂർമാരുടെ നിയമനം പ്രധാനപ്പെട്ട വിഷയംതന്നെയാണ്. പരമാവധി തൊഴിൽരഹിതരായിട്ടുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ പ്രഖ്യാപിതമായ നയം. അതിൽ വൈദ്യുതി ബോർഡിന്റെ സാമ്പത്തിക അവസ്ഥകൂടി പരിഗണിച്ചുകൊണ്ട്, പിന്നോക്കം നിൽക്കുന്ന ജില്ലകളിലാണ് കൂടുതൽ മസ്ദൂർമാരെ ആവശ്യമുള്ളത്. ഇടുക്കി, കണ്ണൂർ, വയനാട്, കാസർഗോഡ് തുടങ്ങിയ ജില്ലകൾക്ക് മുൻതൂക്കം

കൊടുത്തുകൊണ്ട് അവിടങ്ങളിൽ കൂടുതൽ മസ്ദൂർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കൊല്ലം ജില്ലയും ഈ പട്ടികയിൽ വരുന്നുണ്ട്.

അനെർട്ടിനെ സംബന്ധിച്ചിടത്തോളം പുതിയ ചില പ്രോജക്ടുകളുമായി മുന്നോട്ടുവരുന്നുണ്ട്. വേണ്ടത്ര വിഷനോടുകൂടി അനെർട്ടിനെ ഫലപ്രദമായി പ്രവർത്തിപ്പിക്കാൻ കഴിഞ്ഞ കാലങ്ങളിൽ ശ്രമിച്ചിരുന്നില്ല എന്നുള്ളതാണ് അനെർട്ടിന്റെ പൊതുവായിട്ടുള്ള സ്ഥിതി പരിശോധിച്ചപ്പോൾ ഗവൺമെന്റിന് കാണാൻ സാധിച്ചത്. ജില്ലകളിൽ അനെർട്ടിന്റെ പ്രവർത്തനങ്ങൾ നടത്തികൊണ്ടുപോകാനുള്ള ജില്ലാ ഓഫീസുകളോ വേണ്ടത്ര ജീവനക്കാരോ ഇല്ല. ധാരാളം പ്രോജക്ടുകൾ അനെർട്ടിനുണ്ട്. എന്നാൽ അതൊക്കെ ഇംപ്ലിമെന്റ് ചെയ്യുന്നതിനാവശ്യമായ ജീവനക്കാരില്ല. ഇതെല്ലാം വച്ചുകൊണ്ട് അനെർട്ടിനെ പുന:സംഘടിപ്പിക്കാനും പുനരുദ്ധരിക്കാനും അനെർട്ടിനെ ഉപയോഗപ്പെടുത്തികൊണ്ട് വളരെ വിപുലമായിട്ടുള്ള പദ്ധതികൾ ആവിഷ്കരിക്കാനുമുള്ള പരിപാടികൾ തയ്യാറാക്കിയിട്ടുണ്ട്. രണ്ടുമുതൽ 100 കിലോവാട്ടുവരെ ശേഷിയുള്ള ശൃംഖലാ ബന്ധിത റൂഫ്-ടോപ് സോളാർ പവർ പ്ലാന്റുകൾ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കേന്ദ്ര നവീന നവീകരണീയ ഊർജ്ജ മന്ത്രാലയത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും സാമ്പത്തിക സഹായത്തോടെ

സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുകയാണ്. ഇതിൻ പ്രകാരം ആകെ 19 മെഗാവാട്ട് സോളാർ പവർ പ്ലാന്റുകൾ 30 ശതമാനം കേന്ദ്ര സബ്സിഡി, 7,200 രൂപ സംസ്ഥാന സബ്സിഡി എന്നിവ നൽകി സ്ഥാപിക്കാൻ ഉദ്ദേശിക്കുകയാണ്. രണ്ടാമതായി, 1 മുതൽ 5 കിലോവാട്ടുവരെ ശേഷിയുള്ള ഓഫ്-ഗ്രിഡ് റൂഫ്-ടോപ്പ് സോളാർ പവർ പ്ലാന്റുകൾ എല്ലാ വിഭാഗത്തിലുമുള്ള ഗുണഭോക്താക്കൾക്കായി സ്ഥാപിച്ചു നൽകുന്നതിനുള്ള പദ്ധതിയാണ്. ഈ പദ്ധതിയിലൂടെ 6.4 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നുണ്ട്. കിലോവാട്ടിന് 22500 രൂപ സംസ്ഥാന സർക്കാർ സബ്സിഡിയും 30 ശതമാനം കേന്ദ്ര സർക്കാർ സബ്സിഡിയും പ്രയോജനപ്പെടുത്തികൊണ്ടാണ് ഈ പ്രോജക്ട് നടപ്പിലാക്കുന്നത്. പ്രതിദിനം 0.75 മുതൽ ഒരു മീറ്റർ ക്യൂബ് ശേഷിയുള്ള 5500 ബയോഗ്യാസ് പ്ലാന്റുകൾ 8000 രൂപ സബ്സിഡി നിരക്കിൽ സ്ഥാപിച്ചു നൽകും. കൂടാതെ 6 മീറ്റർ ക്യൂബിന് മുകളിൽ ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റുകൾ, മീറ്റർ ക്യൂബിന് 4000 രൂപ സബ്സിഡി നിരക്കിൽ സ്ഥാപിച്ചു നൽകാനുള്ള പദ്ധതിയുണ്ട്. 8550 ക്യൂബിക് മീറ്റർ ഉല്പാദനശേഷിയുള്ള ബയോഗ്യാസ് പ്ലാന്റുകൾ വീടുകളിലും സ്ഥാപനങ്ങളിലും സ്ഥാപിച്ചു നൽകി വികേന്ദ്രീകൃത രീതിയിൽ ജൈവമാലിന്യ നിർമ്മാർജ്ജനം നടപ്പിലാക്കുന്നതിനായുള്ള ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വൈദ്യുതിയും

ഖനിജ ഉല്പന്നങ്ങളും സംരക്ഷിക്കുന്നതിനായി ഇ.റ്റി.സി.-എഫ്.പി.സി. മാതൃകയിലുള്ള താരതമ്യേന ഉയർന്ന ശേഷിയുള്ള സോളാർ വാട്ടർ ഹീറ്റിംഗ് സമ്പ്രദായം മുഖ്യമായും ഗാർഹിക വാണിജ്യ വ്യാവസായിക ആതുരാലയ മേഖലയ്ക്ക് 3000 രൂപ സ്ക്വയർ മീറ്റർ, സംസ്ഥാന സർക്കാർ സബ്സിഡിയോടുകൂടി സ്ഥാപിച്ചു നൽകി പ്രതിദിനം 7 ലക്ഷം ലിറ്റർ ചൂടുവെള്ളം ലഭ്യമാകുന്ന ഒരു പദ്ധതിയാണ് ആവിഷ്കരിച്ചിരിക്കുന്നത്. എസ്.സി/എസ്.ടി ടോട്ടൽ ഹൗസിംഗ് സ്കീം ഗുണഭോക്താക്കൾക്കായി 4000 മെച്ചപ്പെട്ട വിറക് അടുപ്പുകൾ 2500 രൂപ സബ്സിഡി നിരക്കിൽ സ്ഥാപിച്ചു നൽകുന്ന പദ്ധതിയും സ്കൂൾ, അംഗൻവാടി, പബ്ലിക് ഇൻസ്റ്റിറ്റ്യൂഷൻസ് എന്നിവിടങ്ങളിൽ 6000 രൂപ സബ്സിഡി നിരക്കിൽ 1500 മെച്ചപ്പെട്ട വിറക് അടുപ്പുകൾ സ്ഥാപിച്ചു നൽകുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്. കാർഷിക മേഖലയിലെ ഗുണഭോക്താക്കൾക്കായി ഒന്നു മുതൽ അഞ്ച് എച്ച്.പി. വരെ ശേഷിയുള്ള സോളാർ വാട്ടർ പമ്പുകൾ (ആകെ ശേഷി 400 എച്ച്.പി.) 50,000 രൂപ സർക്കാർ സബ്സിഡിയോടുകൂടി സ്ഥാപിച്ചു നൽകുന്ന പദ്ധതിയാണ്. സോളാർ കോൺസെൻട്രേറ്റഡ് കളക്ടർ ഉപയോഗിച്ച് സ്റ്റീം ജനറേഷൻ സിസ്റ്റം (ആകെ ശേഷി 1500 മീറ്റർ സ്ക്വയർ) സ്ക്വയർ മീറ്ററിന് 2000 രൂപ സബ്സിഡി നിരക്കിൽ സ്ഥാപിച്ച്

പാചക വ്യവാസായിക ആവശ്യങ്ങൾ നിറവേറ്റുന്നതിനും ബയോമാസ് അധിഷ്ഠിത സ്റ്റീം ജനറേഷൻ സിസ്റ്റം ഡെമോൺസ്ട്രേഷനുവേണ്ടി സ്ഥാപിക്കുന്നതിനുമുള്ള ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനു വേണ്ടിയുള്ള സാധ്യതാപഠനത്തിനുവേണ്ടി 100 മീറ്റർ ഉയരമുള്ള 4 വിന്റ് മോണിറ്ററിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്കായി ഒരു കോടി രൂപ വകയിരുത്തി പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. അക്ഷയ ഊർജ്ജ മേഖലയിലെ ഗവേഷണപ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ ഇന്നവേഷൻ പ്രോജക്ടുകൾ ചെയ്യുന്നതിനും ഇതു സംബന്ധമായ മറ്റു പ്രവർത്തനങ്ങൾക്കുമായി ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വ്യാപകമായി ബോധവത്ക്കരണ പ്രവർത്തനങ്ങളും പരിശീലന പരിപാടികളും പാരമ്പര്യേതര ഊർജ്ജമേഖലയിൽ നടത്തി ഇവയുടെ പ്രചാരണത്തിനുവേണ്ടിയുള്ള നടപടി സ്വീകരിക്കാനും ഉദ്ദേശിക്കുന്നു. അതിനുവേണ്ടി 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആ നിലയിൽ അനെർട്ടിന് ഒരു പുതിയ ജീവൻ നൽകാനും... അനെർട്ടിലുള്ള ജീവനക്കാരുടെ പ്രശ്നങ്ങൾ ധനകാര്യവകുപ്പുമായി ആലോചന നടത്തുന്നതാണ്. അനെർട്ടിന്റെ ജില്ലാ ഓഫീസുകൾ ശക്തിപ്പെടുത്തിയാൽ മാത്രമേ അനെർട്ടിന്റെ പ്രവർത്തനങ്ങൾ സ്വാഭാവികമായും സാധാരണ ജനങ്ങൾക്ക് ഗുണകരമായി എത്തിക്കാൻ

സാധിക്കുകയുള്ളു. എനർജി മാനേജ്മെന്റ് സെന്ററിന്റെ (ഇ.എം.സി.) പ്രവർത്തനങ്ങൾ മെച്ചപ്പെട്ട തരത്തിൽ നടത്തുന്നതിനുള്ള പരിശ്രമങ്ങൾ നടത്തുന്നുണ്ട്. പൊതുവെ വൈദ്യുതിമേഖലയിൽ വരുന്ന, മൂന്ന് വർഷക്കാലത്തിനകം നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വൈദ്യുതി ഉല്പാദന രംഗത്തും പ്രസരണ വിതരണ മേഖലയിലും കുതിച്ചുചാട്ടം നടത്തുന്നതിനുള്ള കാര്യങ്ങൾ ആലോചിക്കുന്നതാണ്. 10-12 വർഷക്കാലമായി മുടങ്ങി കിടക്കുന്ന പ്രോജക്ടുകളുണ്ട്. കൂടംകുളം ആണവ വൈദ്യുതി നിലയത്തിൽ നിന്നു കിട്ടേണ്ട വൈദ്യുതി പ്രസരണ നഷ്ടം കൂടാതെ കൊണ്ടുവരുന്നതിന് സഹായകരമായിട്ടുള്ള ഇടമൺ-കൊച്ചി... അതുതന്നെ ലൈൻ വലിക്കുന്നതിന്റെ പ്രവർത്തനങ്ങൾ കഴിഞ്ഞ 12 വർഷക്കാലമായി എവിടെയും എത്താതെ നിൽക്കുകയാണ്. അതിന്റെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള പരിശ്രമം നടത്തുന്നുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ പല ഭാഗത്തും 18-ഉം 14-ഉം വർഷക്കാലമായി ആരംഭിച്ച പദ്ധതികൾ എങ്ങുമെത്താതെ നിൽക്കുന്നതാണ് അവയെ സംബന്ധിച്ച റിവ്യൂ നടത്തിയപ്പോൾ മനസ്സിലാക്കാൻ സാധിച്ചത്. അങ്ങനെ എങ്ങുമെത്താതെ നിൽക്കുന്ന ഒന്നര ദശവർഷക്കാലം കഴിഞ്ഞിട്ടുള്ള പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള ഒരു പ്രവർത്തന പരിപാടി

ആലോചിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് വൈദ്യുതി മേഖലയിൽ ഒരു മുന്നേറ്റം സൃഷ്ടിക്കാൻ സഹാകരമാകുമെന്ന വിവിധങ്ങളായ പ്രവർത്തന പരിപാടികളുമായാണ് വൈദ്യുതി ബോർഡും ഗവൺമെന്റും മുന്നോട്ടു പോകുന്നത് എന്ന കാര്യം ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കുകയാണ്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, കോട്ടയം ടെക്സ്റ്റൈൽസ് എന്ന പൊതുമേഖലാ സ്ഥാപനത്തിന്റെ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചിരിക്കുകയാണ്. പൊതുമേഖലാ സ്ഥാപനം എന്നുള്ളത് കണക്കിലെടുത്ത് വൈദ്യുതി ബോർഡ് ഒരു ലീനിയന്റ് attitude എടുക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, നിശ്ചയമായും പൊതുമേഖലാ സ്ഥാപനങ്ങളോട് വൈദ്യുതി ബോർഡ് വളരെ ലീനിയന്റായിട്ടുള്ള attitude ആണ് എടുക്കുന്നത്. ആയിരക്കണക്കിന് കോടി രൂപയാണ് കേരളത്തിലെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ വൈദ്യുതി ബോർഡിന് നൽകാനുള്ളത്. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് നൽകുന്ന ധനസഹായത്തിൽ വൈദ്യുതി ബോർഡിന് കൊടുക്കാനുള്ള പൈസ മാത്രം

കൊടുക്കുകയില്ല എന്നുപറയുന്ന നിലപാട് സ്വീകരിക്കുന്നത് വൈദ്യുതി ബോർഡിന്റെ മുന്നോട്ടുള്ള പ്രവർത്തനത്തിന് ആശാസ്യമല്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. വൈദ്യുതി കുടിശ്ശിക അടച്ചില്ലെങ്കിൽതന്നെയും ആശുപത്രികളിലെ വൈദ്യുതി കണക്ഷൻ കട്ട് ചെയ്യാൻ സാധിക്കില്ല; വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളും അടയ്ക്കേണ്ട പണം അടയ്ക്കുന്നില്ല; വാട്ടർ അതോറിറ്റി കോടിക്കണക്കിന് രൂപ അടയ്ക്കാനുണ്ട്. കണക്ഷൻ കട്ട് ചെയ്യാനും പറ്റില്ല. സംസ്ഥാന ഗവൺമെന്റിന്റെ ധനപരമായിട്ടുള്ള സ്ഥിതി നോക്കുമ്പോൾ വളരെ നിസ്സാരമായ തുക പോലും...... മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ആയിരക്കണക്കിന് കോടി രൂപ വൈദ്യുത മേഖലയ്ക്ക് അവർ നീക്കി വയ്ക്കുമ്പോൾ നമ്മുടെ സംസ്ഥാനം അതിനുവേണ്ടി ഒരു തുകയും നീക്കി വയ്ക്കുന്നില്ല. അതിനുവേണ്ടിയുള്ള സഹായം ഗവൺമെന്റ് നൽകുന്നില്ല. വൈദ്യുതി ബോർഡ് സ്വന്തമായി പണം സമാഹരിച്ച് സ്വയം നിലനിൽക്കാൻ ശ്രമിക്കുമ്പോൾ സ്വാഭാവികമായും പൊതുമേഖലാ സ്ഥാപനങ്ങൾ അവർക്ക് ലഭിക്കുന്ന തുകയിൽനിന്ന് വൈദ്യുതി ബോർഡിന് നൽകാനുള്ള തുക കൂടി നൽകുക എന്നുള്ള നിലപാട് സ്വീകരിക്കാൻ

തയ്യാറാകണം. ബഹുമാനപ്പെട്ട കെ. സുരേഷ് കുറുപ്പ് പറഞ്ഞത് എന്താണെന്നുള്ളത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ച് അവസാനിപ്പിച്ചു. എല്ലാകാര്യങ്ങളും സഭയിൽ വരണമെന്നില്ല. ശ്രീ. എൽദോ എബ്രഹാം, അങ്ങേയ്ക്ക് മന്ത്രിയുമായി സംസാരിച്ച് വ്യക്തത വരുത്താവുന്നതാണ്.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, തുറമുഖവകുപ്പിനെക്കുറിച്ചുള്ള ചർച്ചയിൽ പങ്കെടുത്ത് ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ ഉന്നയിക്കുകയും പരമാർശിക്കുകയും ചെയ്ത പ്രധാനപ്പെട്ട കാര്യങ്ങളെല്ലാം രേഖപ്പെടുത്തിയിട്ടുണ്ട്. തുറമുഖവകുപ്പിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് അതെല്ലാം പ്രയോജനം ചെയ്യുമെന്നാണ് ഞാൻ ആദ്യമായി സൂചിപ്പിക്കുന്നത്.

കാസർഗോഡ് മുതൽ വിഴിഞ്ഞം വരെ നീണ്ടുനിൽക്കുന്ന തുറമുഖ ശൃംഖലകളെ ഇന്ത്യയിലെ തന്നെ തുറമുഖശൃംഖലയിൽ ഏറ്റവും സുപ്രധാനമായ പങ്ക് വഹിക്കുന്ന തുറമുഖ സ്ഥാപനങ്ങളാക്കി മാറ്റാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതിന്റെ ഭാഗമായി നടപടികൾ ഇപ്പോൾ

സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ ഏറ്റവും കൂടുതൽ പരാമർശിച്ചത് വിഴിഞ്ഞം തുറമുഖ പദ്ധതി സംബന്ധിച്ചാണ്. പദ്ധതി കരാറിനെ സംബന്ധിച്ച ചില നിർദ്ദേശങ്ങളും ആശങ്കകളും വരികയുണ്ടായി. പദ്ധതി കരാറിന്റെ വിവിധ വശങ്ങൾ പരിശോധിച്ചുവരികയാണ്. സംസ്ഥാനത്തിന്റെ സ്വപ്ന പദ്ധതിയായി ചിത്രീകരിച്ചുകൊണ്ട് എല്ലാവരും പരാമർശിക്കുന്ന വിഴിഞ്ഞം പദ്ധതി കാലാവധിക്കുള്ളിൽ തന്നെ പൂർത്തീകരിക്കണമെന്ന് സംസ്ഥാനത്തിനും തെക്കൻ കേരളത്തിനും ഗുണകരമായ വലിയ മാറ്റമുണ്ടാക്കുന്നതാണ് എന്നതിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള ശ്രമങ്ങളാണ് ആരംഭിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഞങ്ങൾ ഡൽഹിയിൽ പോയി പ്രധാനമന്ത്രിയെ കണ്ട് സംസാരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനിടയിലാണ് കുളച്ചൽ പദ്ധതിയുടെ നിർദ്ദേശങ്ങൾ ഉയർന്നുവന്നത്. ഇതുസംബന്ധിച്ച ആശങ്കകളും ഉത്ക്കണ്ഠയും ഉയരുക സ്വാഭാവികമാണ്. അതുകൊണ്ട് അതുംകൂടി പ്രധാനമന്ത്രിയെ നേരത്തെ തന്നെ മുഖ്യമന്ത്രി കത്തിൽ കൂടി അറിയിക്കുകയുണ്ടായി. വിഴിഞ്ഞം പദ്ധതി പൂർത്തീകരിക്കുന്ന കാര്യത്തിൽ യാതൊരു ആശങ്കയും സംസ്ഥാനത്തിന്

ആവശ്യമില്ല, അതിനാവശ്യമായ കേന്ദ്ര സഹായങ്ങളെല്ലാം നൽകുമെന്ന ഉറപ്പാണ് ബഹുമാനപ്പെട്ട പ്രധാനമന്ത്രി നൽകിയത്. വിഴിഞ്ഞം പദ്ധതി സമയബന്ധിതമായ പരിപാടികളുമായി പൂർത്തീകരിക്കാനുള്ള ശ്രമങ്ങളാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

ഇവിടെ സൂചിപ്പിച്ച മറ്റൊരു കാര്യം വല്ലാർപാടവുമായി ബന്ധപ്പെട്ടതാണ്. വല്ലാർപാടവും കൊച്ചിയും കേന്ദ്ര ഗവൺമെന്റ് നേരിട്ട് നടത്തുന്ന തുറമുഖപദ്ധതികളാണെന്ന് നമുക്കറിയാം. സംസ്ഥാന ഗവൺമെന്റിന്റെ ചില നടപടിക്രമങ്ങളുടെ ഭാഗമായി വല്ലാർപാടത്ത് ഇക്കഴിഞ്ഞ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഏതാണ്ട് 21 ശതമാനത്തോളം റവന്യൂ വരുമാനം വർദ്ധിക്കുകയുണ്ടായി. ഇപ്പോൾ നാലായിരം ടി.യു. ചരക്ക് മാസാമാസം കൈകാര്യം ചെയ്യുന്നുണ്ട്. ഈ വർഷം അത് 50 ശതമാനം കപ്പാസിറ്റി യൂട്ടിലൈസ് ചെയ്യാൻ കഴിയുമെന്നാണ് ഇപ്പോഴുള്ള കണക്ക്. ആ നിലയ്ക്ക് പ്രവർത്തനങ്ങളിൽ പുരോഗതി പ്രാപിച്ചുകഴിഞ്ഞാൽ വല്ലാർപാടം സംബന്ധിച്ചുണ്ടാകുന്ന ഉത്ക്കണ്ഠയ്ക്ക് പരിഹാരം കാണാൻ സാധിക്കുമെന്നാണ് വസ്തുത. ഈ പദ്ധതി പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി കൊച്ചി തുറമുഖത്തിന്

എന്തെങ്കിലും പിന്നോക്കാവസ്ഥ ഉണ്ടാക്കുന്ന സ്ഥിതി ഉണ്ടായാൽ അത് ഇല്ലാത്ത നിലയിലുള്ള വാണിജ്യവരുമാനം വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. രണ്ടാഴ്ച മുമ്പ് ഞാനും സ്ഥലം എം.എൽ.എ.-യായ ശ്രീ. എസ്. ശർമ്മയും സന്ദർശനം നടത്തുകയുണ്ടായി. മറ്റ് ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഉണ്ടായിരുന്നു. അതിന്റെ പ്രവർത്തനങ്ങളെല്ലാം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

മറ്റൊന്ന്, കേരള മാരിടൈം ബോർഡ് രൂപീകരിക്കുന്നത് സംബന്ധിച്ച് ആശങ്ക ഉയർത്തുകയുണ്ടായി. 2015-ൽ നിയമസഭ ഇതുസംബന്ധിച്ച് ഒരു ബിൽ പാസ്സാക്കുകയുണ്ടായി. ആ ബിൽ കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തെങ്കിലും രാഷ്ട്രപതിയുടെ അനുമതി ലഭിച്ചിട്ടില്ല. അതിന് ചില തടസ്സവാദങ്ങൾ ഉന്നയിച്ചിരിക്കുകയാണ്. ആ തടസ്സം നിലനിൽക്കുന്നിടത്തോളം കാലം ആ ബോർഡിന് മുന്നോട്ടുപോകാൻ കഴിയില്ല. അതുകൊണ്ട് നിയമസഭയിൽ വീണ്ടും ഒരു ബിൽ അവതരിപ്പിക്കേണ്ടി വരുമെന്നാണ് അതുസംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്.

കൊച്ചി തുറമുഖത്തിന്റെ ആഴം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് അംഗങ്ങൾ സൂചിപ്പിക്കുകയുണ്ടായി. വർഷം തോറും 124 കോടി രൂപയോളം വരുന്ന സാമ്പത്തിക ബാദ്ധ്യതയുണ്ട്. കൊച്ചി തുറമുഖത്തിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് അത് ചെലവഴിക്കാതിരിക്കാൻ നിർവ്വാഹമില്ല എന്നുള്ളതാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്ന നിലപാട് എന്നുകൂടി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ബഹുമാനപ്പെട്ട വി. കെ. സി. മമ്മത് കോയ ബേപ്പൂർ തുറമുഖത്തെക്കുറിച്ച് ദീർഘമായി സൂചിപ്പിക്കുകയുണ്ടായി. ബേപ്പൂർ-അഴീക്കൽ തുറമുഖത്ത് നാൽപ്പത് എഫ്. ടി. കണ്ടെയ്നർ ഹാന്റ്ലിംഗ് ക്രെയിൻ വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങൾ വാണിജ്യപ്രധാനമായ കേന്ദ്രങ്ങളെന്ന നിലയ്ക്ക് അതിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കും. വ്യവസായ-വാണിജ്യവത്കരണത്തിന്റെ ഭാഗമായി കപ്പൽ ഗതാഗതം, ചരക്ക് ഗതാഗതം എന്നിവ വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ബേപ്പൂർ തുറമുഖത്ത് നിന്നും ലക്ഷദ്വീപുമായി ബന്ധപ്പെടുത്തുന്ന യാത്രാക്കപ്പൽ പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ ആരംഭിക്കുമെന്നുമാണ് സൂചിപ്പിക്കാനുള്ളത്.

ആലപ്പുഴ മറീനാ, കണ്ണൂർ-അഴീക്കൽ ബീച്ചുകളുടെ വികസന പ്രവർത്തനങ്ങൾക്ക് ഏതാണ്ട് 50 കോടി രൂപയോളം കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മറ്റ് പദ്ധതി പ്രവർത്തനങ്ങളും പൂർത്തീകരിക്കുകയാണ്. സംസ്ഥാനത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെ ഏറെക്കാലമായി നിശ്ചലാവസ്ഥയിൽ കിടക്കുന്ന ചെറുതും വലുതുമായ തുറമുഖങ്ങളുടെ പ്രവർത്തനങ്ങൾ പ്രവർത്തനക്ഷമമാക്കാനുള്ള നടപടിക്രമങ്ങളാണ് ആരംഭിക്കുന്നത്. മണൽ വാരൽ സംഘത്തിന്റെ പ്രവർത്തനങ്ങൾ ചില തുറമുഖങ്ങളുടെ പ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുന്നുണ്ട്. അത് വളരെയധികം ഗുരുതരമായ ചില പ്രത്യാഘാതങ്ങളുണ്ടാക്കിയിട്ടുണ്ട്. അക്ഷരാർത്ഥത്തിൽ മണൽ മാഫിയാ സംഘം തന്നെയാണ് അതിന്റെ പിന്നിൽ പ്രവർത്തിക്കുന്നത്. ഇതിന് പരിഹാരം കാണാനുള്ള ശ്രമത്തിന്റെ ഭാഗമായി അടുത്ത കാലത്ത് ഒന്നുരണ്ട് യോഗങ്ങൾ സംഘടിപ്പിച്ച് നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട സ്പീക്കറുടെ സാന്നിദ്ധ്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപന വകുപ്പ് കൈകാര്യം ചെയ്യുന്ന ഡോ. കെ. ടി. ജലീൽ, പ്രിൻസിപ്പൽ സെക്രട്ടറി, ഡയറക്ടർ തുടങ്ങി പ്രധാനപ്പെട്ട

ഉദ്യോഗസ്ഥൻമാരുടെയും ബന്ധപ്പെട്ട കക്ഷികളുടെയും യോഗത്തിലെടുത്ത തീരുമാനമനുസരിച്ച് തുറമുഖ പരിസരത്തുനിന്ന് കപ്പൽ യാനം സുഗമമായി നടത്തുന്നതിനാവശ്യമായ നിലയിൽ പ്രവർത്തനം സംഘടിപ്പിക്കാനും ചെളിയും മറ്റും കലർന്ന് ഉപ്പുരസം ബാധിച്ചിട്ടുള്ള മണൽ സംസ്കരിച്ചെടുത്ത് വിപണനരംഗത്തേയ്ക്ക് കൊണ്ടുവരാനുമുള്ള കർശനമായ നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്. അത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്. അതുകൊണ്ട് അനാവശ്യമായി മാഫിയാ സംഘങ്ങളുടെ പേരിൽ പ്രവർത്തിക്കുന്ന കൃത്രിമമായി സൃഷ്ടിച്ചിട്ടുള്ള സൊസൈറ്റികളുടെ പ്രവർത്തനങ്ങൾ തടയേണ്ടത് ആവശ്യമായതിനാൽ അത് ഫലപ്രദമായി പൂർത്തീകരിക്കുക എന്നതാണ് സംസ്ഥാന സർക്കാരിന്റെ നയം. സംസ്കരിച്ച മണൽ സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് തുറമുഖ വകുപ്പിന്റെ നേതൃത്വത്തിൽത്തന്നെ വിറ്റ് ജനങ്ങൾക്ക് ഉപകാരപ്രദമാക്കാനാണ് തീരുമാനം. തൊഴിലാളികൾക്ക് തൊഴിലും പൊതുജനങ്ങൾക്ക് ശുദ്ധമായ മണലും ലഭ്യമാക്കുകയെന്ന ഒരു പദ്ധതിയാണ് പ്രധാനമായും ഉദ്ദേശിച്ചിട്ടുള്ളത്. അതുകൂടി പ്രാവർത്തികമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കും. അങ്ങനെ

തുറമുഖത്തിലെ പ്രവർത്തനങ്ങൾക്ക് താൽക്കാലികമായി ചില തടസ്സങ്ങളുണ്ടാക്കുന്ന മണൽ വാരൽ സംഘത്തിന്റെ പ്രവർത്തനങ്ങൾ ഒരു പരിധിവരെ നിയന്ത്രിക്കാനും ഇവിടെ തീരുമാനിച്ചതുപോലെയുള്ള പൊന്നാനി മോഡൽ പ്രാവർത്തികമാക്കുന്നതോടുകൂടി അത് ഫലപ്രദമാക്കി മാറ്റാൻ കഴിയുമെന്നുമാണ് വിശ്വാസം. ഈയടുത്ത ദിവസം അതിന്റെ സൊസൈറ്റികളിലെ ഭാരവാഹികളുമായി ആലോചിച്ച് ഗവൺമെന്റ് ചെയ്യേണ്ട ചില നടപടിക്രമങ്ങളെക്കുറിച്ച് തീരുമാനിച്ചിട്ടുണ്ട്. ആ തീരുമാനമനുസരിച്ച് മുന്നോട്ടുപോകാൻ തന്നെയാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. സംസ്ഥാനത്തെ എല്ലാ തുറമുഖങ്ങളുടെയും പൊതുവായ വികസനത്തിനുവേണ്ടി ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള നിർദ്ദേശങ്ങൾ സ്വീകരിക്കും. യാത്രാക്കപ്പൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൊച്ചി-കോഴിക്കോട് യാത്രാക്കപ്പൽ ആരംഭിക്കുന്നതാണ് ആദ്യത്തെ നടപടി. അത് ആരംഭിക്കുന്ന തീയതി ഇപ്പോൾ തീരുമാനിക്കാൻ കഴിയില്ല. അതിന് അനുമതിയും മറ്റ് സാങ്കേതിക സൗകര്യങ്ങളും ലഭ്യമാക്കേണ്ടതുണ്ട്. ഗ്രീസിൽനിന്ന് അതിന്റെ ഹൈഡ്രോഫോയിൽ ഇവിടെ എത്തിച്ചിട്ടുണ്ട്. ഒരു യാത്രാക്കപ്പൽ എന്ന

നിലയിൽ അതിന്റെ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ കൊച്ചി പോർട്ടിൽ നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ മറ്റ് സാങ്കേതിക അനുമതികൾകൂടി ലഭിച്ചുകഴിഞ്ഞാൽ അത് പ്രവർത്തനക്ഷമമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. 500 കോടി രൂപ നീക്കിവച്ച് ഈ വർഷം തന്നെ അഴീക്കൽ തുറമുഖത്തിന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കാനാണ് നടപടി സ്വീകരിക്കുന്നത്. അതിന്റെ ഭാഗമായി അവിടെ അത്യാവശ്യ കാര്യങ്ങളെല്ലാം എത്തിച്ചിട്ടുണ്ട്. അടുത്ത കാലത്താണ് കണ്ണൂർ വിമാനത്താവളത്തിലേയ്ക്കുള്ള മൂന്ന് പടുകൂറ്റൻ ക്രെയിനുകൾ അഴീക്കൽ തുറമുഖത്ത് ഇറക്കിയത്. അത് കാണാൻതന്നെ പതിനായിരക്കണക്കിന് ആളുകൾ വന്നിരുന്നു. അഴീക്കൽ തുറമുഖത്തിന് കുറച്ചുകൂടി ആഴം സൃഷ്ടിച്ചാൽ നല്ല നിലയിൽത്തന്നെ വാണിജ്യപരത വർദ്ധിപ്പിച്ചെടുക്കാൻ കഴിയുമെന്നാണ് ഉദ്ദേശിക്കുന്നത്. അഴീക്കൽ തുറമുഖത്തുനിന്നും ലക്ഷദ്വീപിലേയ്ക്ക് യാത്രാക്കപ്പൽ ആരംഭിക്കണമെന്നുകൂടി ആഗ്രഹമുണ്ട്. ബേപ്പൂർ, അഴീക്കൽ തുറമുഖത്തേയ്ക്കുള്ള നാൽപ്പത് എഫ്.ടി. കണ്ടെയ്നർ ഹാൻഡ്‌ലിംഗ് ക്രെയിൻ 35 കോടി രൂപ ചെലവഴിച്ചാണ് അവിടെ എത്തിച്ചിട്ടുള്ളത്. അതിന്റെ പ്രവർത്തനങ്ങളും

ആരംഭിക്കുന്നതായി ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. കാസർഗോഡ് തുറമുഖത്ത് ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ് പണി പൂർത്തിയായിട്ടുണ്ട്. ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ വി.ടി.എം.എസ് (Vessel Travel Management System) സംവിധാനം ഏർപ്പെടുത്തുന്നതിനായി 2.8 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. അഴീക്കൽ തുറമുഖത്തിന്റെ മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായിത്തന്നെ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. വിഴിഞ്ഞം തുറമുഖത്തിന് നൈസർഗ്ഗികമായി, പ്രകൃതിദത്തമായിത്തന്നെ അതിന് ആഴമുണ്ട്. ഇപ്പോൾ അതിന്റെ പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞാൽ കപ്പൽ ചാനൽ ഏറ്റവും അടുത്തുതന്നെ കാണാൻ കഴിയുന്നതാണ്. വിഴിഞ്ഞം തുറമുഖ പദ്ധതി പൂർത്തിയാകുന്നതോടുകൂടി കൊളംബോ തുറമുഖത്തിന്റെ ഭീഷണി ഒഴിവാക്കാനും പതിനെട്ടായിരം കണ്ടെയ്നറുകൾ ഒന്നിച്ച് കയറ്റാൻ കഴിയുന്ന മദർ ഷിപ്പ് കൊണ്ടുവരാനും കഴിയും. അങ്ങനെ സ്വാഭാവികമായ സൗകര്യംകൂടിയുള്ള അന്തർദ്ദേശീയ പ്രാധാന്യമുള്ള വിഴിഞ്ഞം തുറമുഖത്തിന്റെ പ്രവർത്തനം പൂർത്തീകരിക്കുമ്പോൾ തത്കാലം ഭീഷണിയായി നിൽക്കുന്ന കൊളംബോ ഉൾപ്പെടെയുള്ള തുറമുഖങ്ങളിൽനിന്ന്

ഇന്ത്യയുടെ വാണിജ്യപരത പ്രത്യേകിച്ച് കേരളത്തിന് ലഭ്യമാക്കാൻ കഴിയും. അതുകൂടി കണക്കിലെടുത്തുകൊണ്ടാണ് മറ്റ് കാര്യങ്ങളിലേയ്ക്ക് പോകുന്നത്. കൊല്ലം തുറമുഖത്തുനിന്നും മറ്റ് തുറമുഖങ്ങളിലേയ്ക്കും ലക്ഷദ്വീപിലേയ്ക്കും യാത്രാക്കപ്പൽ ആരംഭിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. തുറമുഖത്തിന്റെ പദ്ധതിപ്രദേശത്തിന്റെ ആഴം 10 മീറ്ററായി വർദ്ധിപ്പിച്ച് വലിയ ചരക്കുകൾ കൊണ്ടുവരാനുള്ള ആലോചനയുണ്ട്. കൊല്ലത്ത് ഉത്തരവാദപ്പെട്ടവരുടെ യോഗം വിളിച്ചുചേർത്ത് ചരക്കുകൾ ലഭ്യമാക്കാനുള്ള നടപടിക്രമങ്ങൾ ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്. അങ്ങനെ ചരക്കിന്റെ ലഭ്യതകൂടി ഉറപ്പുവരുത്തിയാൽ മാത്രമേ അന്തർദ്ദേശീയ പ്രാധാന്യമുള്ള വാണിജ്യക്കപ്പലുകളുടെ യാത്ര സുഗമമാക്കാൻ സാധിക്കുകയുള്ളൂ. അതിനാവശ്യമായ നടപടിക്രമങ്ങളും വൈകാതെ സ്വീകരിക്കുമെന്നാണ് സഭയെ അറിയിക്കാനുള്ളത്. ഇത്രയും കാര്യങ്ങളാണ് ഇവിടെ സൂചിപ്പിക്കാനുള്ളത്. ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പരിഗണിച്ച് അതിനാവശ്യമായ നടപടിക്രമങ്ങൾ സ്വീകരിക്കും. അവയൊക്കെ പ്രാവർത്തികമാക്കുന്നതിന് സ്ഥലലഭ്യതയുടെ പ്രശ്നവുമുണ്ട്. അതാത് പ്രദേശത്തെ

എം.എൽ.എ. മാർ, ജില്ലാ കളക്ടർ, ജില്ലാ ഭരണാധികാരികൾ തുടങ്ങിയവരുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തി സ്ഥലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾകൂടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥന പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ.......

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2016-17

സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ.......

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ, ഓർഡർ ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ഒക്ടോബർ മാസം 4-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്കുശേഷം 01.17-ന് പിരിഞ്ഞു.)

**********